# Trichur Archdiocesan Bulletin

ജനുവരി 2020
വാല്യം: 87 ലക്കം: 01
ESTD:1934




2 കൊറി 5: 17 (പുതിയ സൃഷ്ടി)

Estd. 1887
ARCHDIOCESE OF TRICHUR

TAB




**ഫാ. ആന്റണി കണ്ണമ്പുഴ**

ജനനം: 08.09.1938

തിരുപ്പട്ടം: 11.03.1966

മരണം: 09.12.2019



# Trichur Archdiocesan Bulletin TAB


**ജനുവരി 2020**

ലക്കം: 1 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 20 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 24 |
| സഹായമെത്രാന്റെ പരിപാടികൾ | 26 |
| നാളാഗമം | 28 |
| നാമകരണ നടപടികൾ | 34 |
| സാമ്പത്തിക കാര്യാലയം | 36 |
| വൈദികർ | 37 |
| ആദരാഞ്ജലികൾ | 40 |
| സന്യസ്തർ | 41 |
| അതിരൂപത തീർത്ഥകേന്ദ്രം | 46 |
| മതബോധനം | 48 |
| സ്ഥാപനങ്ങൾ | 55 |
| സംഘടനകൾ | 83 |

Prot. No. 1818/2019

## സർക്കുലർ

# സീറോമലബാർ പ്രേഷിത വാരാചരണം

കർദിനാൾ ജോർജ് ആലഞ്ചേരി
*സീറോ മലബാർ സഭയുടെ*
*മേജർ ആർച്ച്ബിഷപ്പ്*



സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം ആഗോള സഭയിൽ 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആഘോഷിച്ചിരുന്നുവല്ലോ. സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തു കൊണ്ട് 1919 നവംബറിൽ ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് 15-ാമൻ പാപ്പാ പുറപ്പെടുവിച്ച 'മാക്സിമും ഇല്ലൂദ്' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിവർഷം പ്രമാണിച്ചായിരുന്നു ഫ്രാൻസിസ്

മാർപാപ്പ അസാധാരണ പ്രേഷിത മാസാചരണത്തിന് ആഹ്വാനം ചെയ്തത്. ആഗോളകത്തോലിക്കാസഭ മുഴുവനിലും ആചരിച്ച ഈ പ്രേഷിതമാസം നമ്മിലെ പ്രേഷിത തീക്ഷ്ണതയെ ഉജ്ജ്വലിപ്പിക്കുവാനും പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതിനുവേണ്ട നൂതനാശയങ്ങൾ ഉൾക്കൊള്ളുവാനും സഹായകമായിരുന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽ വേണം 2020 ജനുവരി 6–ാം തിയതി മുതൽ 12–ാം തിയതി വരെയുള്ള ദിവസങ്ങളിൽ ഈ വർഷത്തെ പ്രേഷിത വാരം സീറോ മലബാർ സഭയിൽ ആചരിക്കേണ്ടത്.

'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് പ്രേഷിതവാരാചരണം കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും കടമയുണ്ട്. സീറോ മലബാർ സഭയക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സുവിശേഷപ്രഘോഷണ ദൗത്യം നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അസാധാരണ പ്രേഷിത മാസം പ്രഖ്യാപിച്ചുകൊണ്ട് നൽകിയ കത്തിൽ പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചതു പോലെ ഒരു സഭയെന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമ്മുടെ പ്രേഷിതദൗത്യ നിർവ്വഹണത്തിൽ തികഞ്ഞ തീക്ഷ്ണതയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. പ്രേഷിത പ്രവർത്തനം സാധ്യമാക്കുന്നതിനായി സുരക്ഷിത മേഖലകൾ തേടിപ്പോകുന്ന പ്രവണതയെ ഉപേക്ഷിക്കുവാനും സമ്പന്നവും ശോഭനവുമായ ഭൂതകാല സ്മരണകളിൽ മയങ്ങി ജീവിക്കാതെ ഭാവി കർത്തവ്യങ്ങളുടെ വിളഭൂമിയിലേക്ക് കർമ്മധീരരായി പ്രേഷിത തീക്ഷ്ണതയോടെ പ്രവേശിക്കുവാനും നാം ഉത്സുകരാകണം. വ്യക്തികളും സമർപ്പിത സമൂഹങ്ങളും ഇടവകകളും രൂപതകളും ഈ പ്രേഷിത പ്രബുദ്ധത ഉൾക്കൊള്ളണം. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന പ്രേഷിത സാധ്യതകളും കടമകളും ഫലപ്രദമായി നിർവ്വഹിക്കുവാൻ ഈ വർഷത്തെ പ്രേഷിതവാരാചരണം എല്ലാവരെയും ശക്തിപ്പെടുത്തണം.

ഭാരത സഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും സഫലമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം നമ്മുടെ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും മിഷൻ തീക്ഷ്ണതയാണ്. ഈ അവസരത്തിൽ, ഭാരതത്തിലും ഭാരതത്തിനു പുറത്തും സുവിശേഷ പ്രഘോഷണത്തിൽ സധൈര്യം വ്യാപൃതരായിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും മിഷനറി വൈദികരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ ജീവിതാന്തസ് എന്താണെങ്കിലും പ്രവർത്തന മേഖല എവിടെയാണെങ്കിലും മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ പ്രേഷിതാഭിമുഖ്യത്തിൽ വളരാനും കൂടെയുള്ളവരെ വളർത്താനുമുള്ള ഉത്തരവാദിത്വവും വിളിയും നമുക്കുണ്ട്. 2019-ലെ മിഷൻ ഞായർ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞുവയ്ക്കുന്നതും ഇതു തന്നെയാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല. പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. മിഷൻ എന്നതിന്റെ ശരിയായ അർത്ഥം ഇതാണ്. ഈ ദൈവിക ജീവൻ നമുക്ക് ദാനമായി ലഭിച്ചതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 8-ാം വാക്യത്തിൽ പറയുന്നതു പോലെ 'ദാനമായി നമുക്ക് ലഭിച്ചത് ദാനമായി നൽകണം.' നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മിഷനുകളെ സഹായിക്കാനുമായി സീറോ-മലബാർ മിഷൻ ഫണ്ട് എന്ന പദ്ധതി സീറോമലബാർ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന കാര്യം ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷവത്കരണവും ഭാവിയിലേക്കുള്ള മിഷൻ പ്രവർത്തനത്തിനായി വൈദിക-സന്യാസാന്തസ്സിൽ പ്രവേശിക്കുന്നവരുടെ പരിശീലനവും ലക്ഷ്യമാക്കിയാണ് ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ ഫണ്ടു വഴി പ്രേഷിത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള സഹായങ്ങൾ നൽകിവരുന്നു. പ്രേഷിത വാരാചരണത്തോടനുബന്ധിച്ച് നമ്മുടെ സഭാംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന സംഭാവനയാണ് ഈ കർമ്മ പരിപാടികൾക്കായി പ്രയോജനപ്പെടുത്തുന്നത്.

ഈ പ്രേഷിത വാരാചരണത്തിലും തുടർന്നുള്ള പ്രേഷിത ജീവിതത്തിലും ചെയ്യേണ്ട ചില കാര്യങ്ങൾ ഈയവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ. സുവിശേഷ സന്ദേശത്തിന്റെ പ്രചാരണത്തിനായി മാധ്യമങ്ങളെ കൂടുതലായി പ്രയോജനപ്പെടുത്തണം. സോഷ്യൽ മീഡിയയുടെ ഉപയോഗം പതിന്മടങ്ങു വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്ത് അവയെ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷ സന്ദേശത്തിന്റെ വ്യാപനത്തിനായി പ്രയോജനപ്പെടുത്തണം. സഭയുടെ മിഷൻ പ്രവർ

ത്തനങ്ങളോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ, സമ്മേളനങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പ്രേഷിത യാത്രകൾ എന്നിവ ഇടവകതലത്തിലും രൂപതാതലത്തിലും സംഘടിപ്പിക്കണം. മിഷൻ പ്രവർത്തനങ്ങൾക്കായി തീക്ഷ്ണതയുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം. നമ്മൾ എവിടെയായിരുന്നാലും ഏതു സാഹചര്യത്തിലായിരുന്നാലും ഭയമില്ലാത്ത മിഷനറിമാരായിരിക്കുവാൻ മിശിഹാ നമ്മെ ക്ഷണിക്കുന്നു (അപ്പ 1:8)

സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കാനുള്ള അവസരങ്ങൾ നാം തന്നെ കണ്ടെത്തി വളർത്തണം. മിഷൻ പ്രദേശങ്ങളിൽ നിന്നുള്ള വാർത്തകൾ നമ്മുടെ ഇടവകകളിൽ അറിയുന്നതിനുള്ള സംവിധാനമുണ്ടാകണം. സഭാമക്കൾ തങ്ങളുടെ ക്രൈസ്തവ വിളിയിൽ നിക്ഷിപ്തമായ പ്രേഷിത കടമയെ നിരന്തരം വിചിന്തനത്തിനു വിധേയമാക്കുകയും ദൈവം കനിഞ്ഞു നൽകിയ സ്വകാര്യ സമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഭാഗം സഭയുടെ പ്രേഷിത പ്രവർത്തനത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുവാൻ തയ്യാറാകുകയും വേണം.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത സ്വായത്തമാക്കി ധീരോദാത്തമായ സുവിശേഷ പ്രഘോഷണത്തിലൂടെ നമ്മുടെ കർത്താവിന്റെ മൗതികശരീരമായ സഭയുടെ വളർച്ചയും ഉത്തരോത്തരമുള്ള ഉന്നമനവും ലക്ഷ്യമാക്കി നമുക്ക് ഒന്നായി മുന്നോട്ട് നീങ്ങാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ
കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് നവംബർ മാസം
5-ാം തീയതി നൽകപ്പെട്ടത്.
മിശിഹായിൽസ്നേഹപൂർവ്വം,



കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

NB:1. 2020 ജനുവരി 05-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ അറിയിക്കേണ്ടതാണ്.

2. സീറോമലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമ ലബാർ മിഷൻ ഓഫീസിൽ 2020 ഫെബ്രുവരി 28-ന് മുമ്പായി എത്തി ക്കേണ്ടതാണ്.



Prot. No.1823/2019

# ചാവറ വർഷാചരണം 2020

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയസഹോദരീ സഹോദരദാരേ,

സീറോ മലബാർ സഭാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വിശുദ്ധമായ ഒരു ഓർമ്മയാചരണത്തിനുള്ള വർഷമാണ് 2020. കർമ്മനിരതവും പുണ്യചരിതവുമായ ഒരു ജീവിതത്തിനു ശേഷം നമ്മുടെ സഭാതനയനായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3–ാം തീയതി പരലോകപ്രാപ്തനായതിന്റെ 150–ാം വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധ കത്തോലിക്കാ സഭയിലെ പേരു വിളിക്കപ്പെട്ട വിശുദ്ധരുടെ ഗണത്തിൽ

കർദിനാൾ ജോർജ് ആലഞ്ചേരി
*സീറോ മലബാർ സഭയുടെ*
*മേജർ ആർച്ച്ബിഷപ്പ്*

ഉൾപ്പെട്ട ഈ ധന്യാത്മാവിനെ അനുസ്മരിക്കാനും ആ വിശുദ്ധ ജീവിതത്തിൽനിന്ന് പ്രചോദനമുൾക്കൊള്ളാനും അദ്ദേഹം വഴി ദൈവാനുഗ്രഹം പ്രാപിക്കാനും നമുക്ക് ലഭിക്കുന്ന പ്രത്യേക അവസരമാണ് ഈ ജൂബിലിവർഷം.

വിശുദ്ധരെല്ലാവരും സുവിശേഷത്തിന്റെ സത്യം ആത്മാർത്ഥതയോടെ ജീവിച്ചവരും തീക്ഷണതയോടെ പ്രഘോഷിച്ചവരും തങ്ങളുടെ ജീവിത സാഹചര്യത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചവരുമാണ്. ജീവിച്ച കാലഘട്ടത്തിൽ മാത്രമല്ല, എക്കാലവും വിശ്വാസികൾക്ക് പ്രചോദനമേകുന്നതാണ് അവരുടെ ജീവിതം. വി. ചാവറയച്ചന്റെ ജീവിതവും സന്ദേശവും ഈ യാഥാർത്ഥ്യത്തിന് അടിവരയിടുന്നതാണ്. സഭയും സമുദായവും വളരെയേറെ പരിമിതികളിലൂടെ കടന്നുപോയ 19–ാം നൂറ്റാണ്ടിൽ ജീവിച്ച വി. ചാവറയച്ചൻ ആ നൂറ്റാണ്ടിനെ മാത്രമല്ല, സഭയെ എക്കാലവും ശോഭനമാക്കുന്ന ഒരു പ്രകാശ ഗോപുരമാണ്.

വി. ചാവറയച്ചൻ സഭയ്ക്കു നല്കിയ സംഭാവനകളിൽ ഏറ്റവും ശ്രേഷ്ഠമായതായി വി. ജോൺ പോൾ രണ്ടാമൻ പാപ്പാ ചൂണ്ടികാണിച്ചത് പരിശുദ്ധ സിംഹാനത്തോടും നിയമാനുസൃത മെത്രാന്മാരോടുമുള്ള ഐക്യത്തിലും വിധേയത്വത്തിലും ഉറച്ചുനിന്നുകൊണ്ട് സഭയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി അദ്ദേഹം നിലകൊണ്ടു എന്ന വസ്തുതയാണ്. സ്വജനത്തെ ശീശ്മയിൽ നിന്നും ആത്മനാശത്തിൽനിന്നും രക്ഷിക്കാൻ മാത്രമല്ല, സ്വന്തം സഭാ സമൂഹത്തിൽപ്പെട്ട മെത്രാനെ തങ്ങൾക്കു നല്കണമെന്ന് പരിശുദ്ധ സിംഹാസനത്തോടു സന്യായം അവകാശപ്പെടാനും അദ്ദേഹം ധൈര്യം കാട്ടി. അപ്രകാരം സീറോമലബാർ സഭയുടെ വളർച്ചയ്ക്കും ഐക്യത്തിനും അവകാശങ്ങൾക്കും വേണ്ടി ജീവിതം സമർപ്പിച്ച സഭയുടെ ആദ്യവികാരി ജനറാളും വിശ്വാസത്തിലും വിശുദ്ധിയിലും വിശ്വസ്തതയിലും ദൈവജനത്തെ നയിച്ച ആത്മീയ പിതാവുമാണ് വി. ചാവറയച്ചൻ.

ദൈവത്തെ സ്വന്തം "അപ്പനായി" ദർശിക്കുകയും "എന്റെ, അപ്പാ ഈ പേരു കൊണ്ടല്ലാതെ എനിയ്ക്കങ്ങയെ വിളിപ്പാനാകുന്നില്ല" എന്ന് ഒരു കുഞ്ഞിന്റെ സ്നേഹാർജ്ജവത്തോടെ ഏറ്റുപറഞ്ഞ് ദൈവത്തോടുള്ള

വ്യക്തിപരമായ ബന്ധത്തിൽ പ്രാർത്ഥിക്കുകയും, തന്നെത്തന്നെ ദൈവത്തിന്റെ മകനായും മറ്റു മനുഷ്യരെയെല്ലാം ദൈവത്തിന്റെ മക്കളും തന്റെ കൂടെപ്പിറപ്പുകളുമായി കാണുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത ഒരു ആത്മീയ മനുഷ്യനായിരുന്നു വി. ചാവറയച്ചൻ. ദൈവപുത്രനായ ഈശോ പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ ഈ വിശ്വദർശനം സ്വന്തമാക്കി സ്വജീവിതത്തെ മനുഷ്യനന്മയ്ക്കായി വ്യയം ചെയ്ത ഈ പ്രേഷിതവര്യൻ, "ഈശോമിശിഹാ പാടുപെട്ടു ചോര ചിന്തി രക്ഷിച്ച ഒരാത്മാവു പോലും നശിച്ചു പോകരുതെന്നും എല്ലാ ആത്മാക്കളേയും തന്റെ അപ്പന്റെ പക്കലേയ്ക്ക് അടുപ്പിക്കണമെന്നുമുള്ള" തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നവനാണ്.

1829 നവംബർ 29–ന് വൈദികപട്ടം സ്വീകരിച്ച് ദൈവജനത്തിനിടയിലേയ്ക്കിറങ്ങിയ ചാവറയച്ചന് നേരിടേണ്ടി വന്നത് താൻ അംഗമായിരിക്കുന്ന സഭയുടേയും സമുദായത്തിന്റേയും പരാധീനതകളാണ്. തങ്ങളെ നയിക്കാനും പ്രബോധിപ്പിക്കാനും സ്വന്തമായി ഒരു മെത്രാൻ പോലുമില്ലാതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിക്കിടന്ന ദൈവജനത്തിന്റെ നവീകരണത്തിനും കൂട്ടായ്മയ്ക്കും വേണ്ടുന്ന മാർഗ്ഗങ്ങൾ ദൈവസന്നിധിയിലിരുന്ന് അദ്ദേഹം ആരാഞ്ഞു. മാനസാന്തരപ്പെടാനുള്ള ആഹ്വാനത്തോടെ സുവിശേഷം പ്രഘോഷിച്ച് തന്റെ പരസ്യജീവിതം ആരംഭിച്ച മിശിഹായെപ്പോലെ ദൈവവചന പ്രഘോഷകനായിട്ടാണ് അദ്ദേഹം ആദ്യം ദൈവജനത്തിനിടയിലേയ്ക്ക് കടന്നുചെന്നത്. ഞായറാഴ്ചകളിൽ ദൈവവചനപ്രഘോഷണവും ഇടവകകളിൽ ജ്ഞാനധ്യാനങ്ങളും സാധാരണമല്ലാതിരുന്ന ആ കാലത്ത് ചാവറയച്ചൻ സമാരംഭിച്ച ഈ സത്കൃത്യം വഴി ദൈവജനത്തിനുണ്ടായ ആത്മീയ പുരോഗതി വളരെ വലുതായിരുന്നു. മാത്രമല്ല, ജ്ഞാനവും വിശുദ്ധിയുമുള്ള നല്ല ഇടയന്മാരും വചനപ്രഘോഷകരും പ്രബോധകരുമുണ്ടാകാൻ സെമിനാരികൾ ആരംഭിച്ചു. വിശുദ്ധ ജീവിതം നയിച്ച് ജനത്തെ വിശുദ്ധിയിൽ വളർത്താനും മിശിഹാ സഭയെ ഏല്പിച്ച ദൗത്യം തുടർന്നുകൊണ്ടു പോകാനും സന്യസ്തരുടെ ആവശ്യകത മനസിലാക്കിയ അദ്ദേഹം സി.എം.ഐ, സി.എം.സി സന്യാസ സമൂഹങ്ങൾ ആരംഭിക്കുകയും, കൊവേന്തകളും കന്യാസ്ത്രിമഠങ്ങളും സ്ഥാപിച്ച് സഭയിൽ നല്ലൊരു സമർപ്പിത നിര രൂപപ്പെടുത്തുകയും ചെയ്തു.

തനിക്കു ഏൽപ്പിക്കപ്പെട്ട വിശ്വാസി സമൂഹത്തിന്റെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ ദീർഘവീക്ഷണത്തോടെ അദ്ദേഹം വ്യാപൃതനായിരുന്നു. ജ്ഞാന കുരുടത്തം മാറാതെ വിശുദ്ധിയുടെ മുളപൊട്ടുകയില്ലെന്നും സമുദായം അഭിവൃദ്ധിപ്പെടുകയില്ലെന്നും

ഗ്രഹിച്ച് പള്ളിയോടു ചേർന്നു പള്ളിക്കൂടങ്ങളും, ജ്ഞാനം പകരുന്ന പുസ്തകങ്ങൾ സംലഭ്യമാക്കാൻ അച്ചടിശാലയും, ആരോരുമില്ലാത്ത വർക്കുവേണ്ടി ഉപവിശാലയും വളരെയേറെ പ്രതിബന്ധങ്ങളെ തരണം ചെയ്തു വി. ചാവറയച്ചൻ സ്ഥാപിച്ചു. ചാവറയച്ചന്റെ കൈയൊപ്പു പതിച്ച സമാരംഭങ്ങളെ അനുസ്മരിക്കുമ്പോൾ "ആത്മാക്കളുടെരക്ഷയും ദൈവ ജനത്തിന്റെ സമഗ്രമായ ഉന്നമനവുമായിരുന്നു" ഇതിന്റെയെല്ലാം പിന്നിൽ അദ്ദേഹത്തെ പ്രേരിപ്പിച്ച ചാലകശക്തി എന്ന കാര്യവും വിസ്മരിച്ചുകൂടാ. ദൈവാശ്രയത്തിൽ അടിയുറച്ച ക്രിയാത്മകമായ പ്രവർത്തനശൈലി കൊണ്ടും ഉച്ചനീചത്വങ്ങൾ താണ്ടിയുള്ള ഒരു സമൂഹ നിർമ്മിതിക്കു വേണ്ടി അക്ഷീണം യത്നിച്ചതിനാലും ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവെന്ന നിലയിലും അറിയപ്പെടുന്നുണ്ട്.

ലോകത്തിൽ എവിടേയും ശ്ലാഘിക്കപ്പെടുന്ന ഒന്നാണ് നമ്മുടെ സഭയിലെ കുടുംബങ്ങൾ. വിശ്വാസവും വിശ്വസ്തതയും വിശുദ്ധിയുമുള്ള കുടുംബങ്ങൾ കെട്ടിപ്പടുക്കുവാൻ ചാവറയച്ചന്റെ ഒരു നല്ല അപ്പന്റെ ചാവരുൾ ഉളവാക്കിയ സ്വാധീനം വാക്കുകൾക്കതീതമാണ്. ആധുനിക കുടുംബങ്ങൾ നേരിടുന്ന പല വെല്ലുവിളികൾക്കുമുള്ള പ്രതിവിധി ആ ചെറു കൃതിയിൽ കണ്ടെത്താനാകും. നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിനു സദൃശ്യമാകുന്നു എന്ന് പഠിപ്പിച്ചുകൊണ്ട് ഓരോകുടുംബവും സ്വർഗ്ഗരാജ്യതുല്യം വളരണം എന്ന ഉയർന്നലക്ഷ്യം ക്രൈസ്തവസമൂഹത്തിന് നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചിട്ടയും ക്രമവുമുള്ള കുടുംബത്തിനേ ഭദ്രതയുണ്ടാവു എന്നും അതിനുതകുന്ന രീതിയിൽ മക്കളുടെ വളർച്ചയിൽ ശ്രദ്ധ വേണമെന്നും അദ്ദേഹം സ്നേഹപൂർവ്വം നിഷ്കർഷിക്കുന്നുണ്ട്. ദൈവസ്നേഹത്തിൽ അടിസ്ഥാനമിട്ട് പരസ്പര സ്നേഹത്തിലും കരുതലിലും വളർന്നു പന്തലിക്കുവാൻ ഉപയുക്തമായ ഒരു കുടുംബദർശനം പത്തൊമ്പതാം നൂറ്റാണ്ടിൽ ഭാരതസഭയ്ക്ക് നൽകുവാൻ വി. ചാവറയച്ചന് കഴിഞ്ഞു എന്നുള്ളത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

പ്രിയ മക്കളേ, ഇപ്രകാരം നമ്മുടെ സഭയെ ധീരതയോടെ നയിച്ച ഈ പുണ്യചരിതന്റെ ജീവിതത്തെ അടുത്തറിയാനും അനുകരിക്കാനും ഈ ശതോത്തര സുവർണ്ണ ജൂബിലി അനുസ്മരണം ഇടയാക്കട്ടെ. അതിനായി ക്രമീകരിക്കപ്പെടുന്ന കർമ്മപരിപാടികളോട് നിർല്ലോഭം സഹകരിക്കാനും ആത്മീയാഭിവൃദ്ധി കൈവരിക്കാനും ദൈവജനം മുഴുവനോടും ഞാൻ അഭ്യർത്ഥിക്കുന്നു. വി. ചാവറയച്ചനെപ്പോലെ സഭയോടുള്ള പ്രതിബദ്ധതയിൽ ജീവിച്ച് മിശിഹായുടെ ദൗത്യം പൂർത്തീകരിക്കാൻ എല്ലാ സഭാതനയർക്കും ഈ അനുസ്മരണവർഷം അവസരമൊരുക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും വി. കുര്യാക്കോസ്എലിയാസച്ചന്റെയും മാദ്ധ്യസ്ഥത നമുക്ക് സഹായകമാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽസ്നേഹപൂർവ്വം,

കർദിനാൾ ജോർജ് ആലഞ്ചേരി
*സീറോ മലബാർ സഭയുടെമേജർ ആർച്ച് ബിഷപ്പ്*

കാക്കനാട് മൗണ്ട്സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019–ാ മാണ്ട് ഡിസംബർ മാസം 11–ാം തീയതി നൽകപ്പെട്ടത്.

---

NB: ഈ സർക്കുലറിയെ ആശയങ്ങൾ 2019 ഡിസംബർ 29–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും അറിയിക്കേണ്ടതാണ്.

Ref: 3231/K-5/KCBC/OL/DS
08.11.2019



## 2019 ഡിസംബർ 29
# ബൈബിൾ
## ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന
# സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിതാവായ ദൈവം മനുഷ്യരക്ഷയ്ക്കായി ലോകത്തിലേക്കയച്ച സ്വപുത്രൻ മനുഷ്യരൂപമെടുത്ത് നമ്മുടെയിടയിൽ കൂടാരമടിച്ചതിന്റെ ഓർമയാണ് ആരാധനാവത്സരത്തിലെ ആഗമനകാലത്തിലും തിരുപ്പിറവികാലത്തിലും നിറഞ്ഞുനിൽക്കുന്നത്.

യേശുക്രിസ്തുവിനെ കൂടുതലായി അറിയാനും സ്നേഹിക്കാനും നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കാനുമാണ് ഈ ദിനങ്ങളിൽ നാം പ്രത്യേകമായി ശ്രദ്ധിക്കുന്നത്. യേശുവിനെ അറിയാൻ വിശുദ്ധഗ്രന്ഥത്തിലേക്കാണല്ലോ നാം പ്രഥമമായി തിരിയേണ്ടത്. ബൈബിളിന് വ്യക്തിജീവിതത്തിലും സഭാജീവിതത്തിലുമുള്ള പ്രാധാന്യം സഭാമക്കൾ തിരിച്ചറിയാനും അത് ജീവിതത്തിന്റെ അടിത്തറയാക്കാനു

മായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആരാധനാവർഷത്തിലെ മൂന്നാം സാധാരണ ഞായർ 'ദൈവവചന ഞായർ' ആയി ആഘോഷിക്കണമെന്ന് '*അപെരൂയിത് ഇല്ലിസ്*' (Aperuit Illis - AI) എന്ന അസ്തോലിക ലേഖനത്തിൽ 2019 സെപ്റ്റംബർ 30-ാം തീയതി പ്രഖ്യാപിക്കുകയുണ്ടായി.

ദൈവവചനത്തിൽ രൂപമെടുക്കുകയും (cf. അപ്പ 2,41–42; റോമാ 10,17) വചനത്താൽ പോഷിതയാകുകയും (cf. Dei Verbum, 21) ചെയ്യുന്ന സഭയുടെ ജീവിതത്തിൽ വചനമാകുന്ന യേശുക്രിസ്തു സന്നിഹിതനായിരിക്കുന്നത് യേശുവിന്റെ പ്രേഷ്ഠശിഷ്യനായ യോഹന്നാനു ലഭിക്കുന്ന മനോഹരമായ ദർശനത്തിലുണ്ട്: "സ്വർണനിർമിതമായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു. ദീപപീഠങ്ങൾക്കു മധ്യേ മനുഷ്യപുത്രനെപ്പോലെയുള്ള ഒരുവൻ" (വെളി 1,12–13). സഭയാകുന്ന ദീപപീഠങ്ങൾക്കു മധ്യേ നില്ക്കുന്ന ഈ മനുഷ്യപുത്രൻ ആരെന്ന് വെളിപാടിലെ സമാപന ദൃശ്യത്തിൽ വ്യക്തമാക്കുന്നു: "അവൻ വിളിക്കപ്പെടുന്ന നാമം ദൈവവചനം എന്നാണ്" (വെളി 19,13). ദൈവവചനമാകുന്ന യേശുക്രിസ്തുവിനെ അറിയാനും അടുത്തനുകരിക്കാനും വിശുദ്ധഗ്രന്ഥത്തിലേക്കാണ് നാം തിരിയേണ്ടത്. ക്രിസ്തീയജീവിതത്തിൽ വിശുദ്ധഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, ദൈവവചന ഞായറിന്റെ പ്രധാന ലക്ഷ്യങ്ങളായി ദൈവവചനത്തിന്റെ പ്രഘോഷണവും പഠനവും വ്യാപനവും ഫ്രാൻസിസ് പാപ്പ എടുത്തുപറയുന്നു (AI, 3).

**ദൈവജനവും ദൈവവചനവായനയും**

വിശുദ്ധ ഗ്രന്ഥത്തിനു കാതുകൊടുക്കുന്നവരാണ് ദൈവജനം. ബാബിലോണിയായിലെ വിപ്രവാസത്തിൽനിന്ന് സ്വദേശത്തു തിരിച്ചെത്തിയ ഇസ്രായേൽജനം ഒറ്റക്കെട്ടായി (നെഹ 8,1) ജറുസലേമിൽ ജലകവാടത്തിനു മുന്നിലെ മൈതാനത്തു നില്ക്കുന്നതും അതിരാവിലേ മുതൽ മധ്യാഹ്നം വരെ എസ്രാ നിയമഗ്രന്ഥം വായിക്കുന്നതു ശ്രദ്ധാപൂർവം ശ്രവിക്കുന്നതും നെഹമിയായുടെ പുസ്തകം വിവരിക്കുന്നു (നെഹ 8,3). വചനം ശ്രവിച്ച അവർ തങ്ങളുടെ ജീവിതത്തിന്റെ പൊരുൾ അതിൽ കണ്ടെത്തുന്നു. ദൈവവചനം വിശ്വാസികളേവരെയും ഒന്നിപ്പിക്കുകയും അവരെ ഒരു ജനമാക്കിത്തീർക്കുകയും ചെയ്യുന്നു (AI, 4). ദൈവവചനമാണ് പുതിയ ദൈവജനമായ വിശ്വാസീസമൂഹത്തെ ഒന്നിപ്പിക്കുന്നത്. വിശുദ്ധഗ്രന്ഥത്തിലൂടെ നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്ന യേശുവിന് ആരാധനാക്രമത്തിന്റെ ആഘോഷത്തിലൂടെയും വ്യക്തിപരമായ പ്രാർഥനയിലൂടെയും കാതുകൊടുക്കുകയെന്നത് വിശ്വാസികളായ നാമേവരുടെയും കടമയാണ്. കൗദാശികമായും ഏറ്റവും ആഘോഷകരമായും ബൈബിൾ വായിക്കപ്പെടുന്നത് വിശുദ്ധ കുർബാന

മധ്യേയാണല്ലോ. കർത്താവായ യേശു തന്റെ മണവാട്ടിയായ സഭയോടു നിരന്തരം സംസാരിക്കുന്ന സജീവവചനമാണ് ബൈബിൾ (AI, 2) എന്ന ബോധ്യത്തോടെയായിരിക്കണം കുർബാനയിലെ ദൈവവചനവായന. ക്രൈസ്തവജീവിതത്തിൽ ദൈവവചനം ശ്രവിക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് കേരളസഭ ഏതാനും വർഷങ്ങളായി ഡിസംബർമാസം വചനപാരായണമാസമായി ആചരിക്കുന്നത്. മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിയുടെ ആഘോഷത്തിനായുള്ള നല്ലൊരു ഒരുക്കംകൂടിയാണ് വചനപാരായണം.

**ദൈവജനവും വചനപഠനവും**

വചനത്തിനു സമർപ്പിക്കപ്പെടുന്ന ദിവസം വർഷത്തിൽ ഒരിക്കൽ മാത്രമുള്ളതല്ല, അത് വർഷംമുഴുവൻ നീണ്ടുനില്ക്കേണ്ടതാണ് എന്ന് ബൈബിൾ ഞായർ പ്രഖ്യാപിച്ച വേളയിൽ പരിശുദ്ധപിതാവ് ഓർമിപ്പിക്കുന്നുണ്ട് (AI, 8). വചനം വായിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന ശീലം കേരളസഭയിൽ വ്യാപകമായിരിക്കുന്നു എന്നത് ചാരിതാർഥ്യജനകമാണ്. ഈ വചനാഭിമുഖ്യം സഭയുടെ വലിയ ശക്തിതന്നെയാണ്. ബൈബിൾ വായിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതോടൊപ്പം ബൈബിൾ എന്താണെന്ന് ആഴത്തിൽ മനസ്സിലാക്കേണ്ടതും ആവശ്യമാണ്. മനുഷ്യചരിത്രത്തിൽ ഇടപെടുന്ന ദൈവം തിന്മയുടെയും മരണത്തിന്റെയും അധീനതയിൽനിന്ന് മനുഷ്യകുലത്തെ രക്ഷിക്കുന്നതിന്റെ വിവരണമാണല്ലോ ബൈബിൾ. വിശുദ്ധലിഖിതം ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷപ്രാപിക്കുന്നതിനെക്കുറിച്ചു പഠിപ്പിക്കുന്നുവെന്ന് പൗലോസ്ശ്ലീഹാ പറയുന്നു (2 തിമോ 3,15). വിശുദ്ധഗ്രന്ഥത്തിൽ ഉള്ളതെല്ലാം രക്ഷയിലേക്കു നയിക്കുന്നതാണ് (DV, 11). രക്ഷയുടെ സന്ദേശം ഉൾക്കൊള്ളുന്ന ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതു വഴിയാണ് മണവാളനായ യേശുവിനോടുള്ള സ്നേഹത്തിലും വിശ്വസ്തതയിലും സഭ വളരുന്നത്.

ബൈബിൾ പഠിക്കുന്നതിനെ രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവാവിഷ്കാരം* എന്ന പ്രമാണരേഖയിലൂടെ ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ദൈവം തന്റെ സഭയ്ക്കു നല്കിയ വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം പ്രകടമാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലികാഹ്വാനം (VD, 72) പ്രസ്താവിക്കുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് യേശു വചനം വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്കാ 24,32) വചനം ബൈബിൾ പഠിതാക്കൾക്ക് പ്രോത്സാഹനമാകണം. ദൈവവചന പഠനം ക്രിസ്തീയ ജീവിതത്തിന് ഉണർവേകുകയും വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യും.

**ദൈവവചനത്തിന്റെ വ്യാപനം**

നമ്മെ രക്ഷയിലേക്കു നയിക്കുന്ന ദൈവവചനം വലിയ ഒരു ഉത്തരവാദിത്വംകൂടി നമ്മെ ഭരമേല്പിക്കുന്നുണ്ട്. യേശുവിലുള്ള രക്ഷയുടെ സന്ദേശം ലോകംമുഴുവൻ വ്യാപിപ്പിക്കാനുള്ള ദൗത്യം യേശു നമുക്കു നല്കിയിരിക്കുന്നു: "നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16,15). പരിശുദ്ധാത്മാവിനാൽ ശാക്തീകരിക്കപ്പെട്ട ശിഷ്യന്മാർ (യോഹ 20,23; അപ്പ 24) യേശുവിന്റെ സുവിശേഷം സധൈര്യം പ്രഘോഷിച്ചു. ദൈവവചനം അവർക്ക് വായിൽ തേൻപോലെ മധുരിക്കുന്നതും ഉദരത്തിൽ കയ്പായി മാറുന്നതുമായിരുന്നു (എസെ 3,3; വെളി 10,10). ദൈവവചനത്തിലൂടെ നാമോരോരുത്തരും അനുഭവിക്കുന്ന രക്ഷ തേൻപോലെ മധുരിക്കുന്നതാണ്. ദൈവവചനത്തിന്റെ മാധുര്യം നാം കണ്ടുമുട്ടുന്നവരുമായി അതു പങ്കുവയ്ക്കാനും അതിലടങ്ങിയിരിക്കുന്ന പ്രത്യാശ പ്രഘോഷിക്കാനും (1 പത്രോ 3,15-16) നമ്മെ പ്രചോദിപ്പിക്കുന്നു. വചനത്തിന്റെ പ്രകാശം ലോകമെമ്പാടും എത്തിക്കുകയെന്ന ക്രിസ്തുശിഷ്യന്മാർ തുടങ്ങിവച്ച ദൗത്യം ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കുമുള്ളതാണെന്ന് ഒക്ടോബർ 2019-ലെ അസാധാരണ പ്രേഷിതമാസത്തെക്കുറിച്ചുള്ള മാർഗനിർദേശക രേഖയിൽ ഫ്രാൻസീസ് പാപ്പാ ഓർമിപ്പിക്കുന്നു. ദൈവവചനത്തിനു സാക്ഷ്യംനല്കാൻ അയയ്ക്കപ്പെട്ടവരാണ് ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും.

ദൈവവചനത്തിനു സാക്ഷ്യം നല്കുകയെന്നാൽ പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ് അർഥമാക്കുന്നത്. കരുണാർദ്രസ്നേഹത്തിന്റെ സമ്പൂർണ പ്രകടനമായിരുന്നു ഒന്നും തനിക്കായി മാറ്റിവയ്ക്കാതെ, എല്ലാവർക്കുമായി സർവതും ദാനം ചെയ്ത യേശുവിന്റെ ജീവിതം. ദൈവവചനം നമ്മെ കരുണയിലേക്കു നയിക്കണമെന്ന് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ലാസറിന്റെ ഉപമ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ഈ ഉപമയിൽ ഏറെ ശക്തമാണ് അബ്രാഹത്തിന്റെ വാക്കുകൾ: "അവർക്ക് മോശയും പ്രവാചകരും ഉണ്ടല്ലോ. അവരെ കേൾക്കട്ടെ" (ലൂക്കാ 16,29). 'മോശയും പ്രവാചകരും' എന്നതുകൊണ്ട് ഉദ്ദേശിച്ചത് വിശുദ്ധലിഖിതംതന്നെയാണ്. വചനം ശ്രവിക്കുന്നവർ നമ്മുടെ ചുറ്റുമുള്ള ലാസറുമാരെ അവഗണിക്കരുതെന്നു ചുരുക്കം.

ദൈവവചനം ശ്രവിക്കുകയും കരുണ ജീവിതത്തിൽ പ്രാവർത്തികമാക്കുകയുമാണ് നമ്മുടെ മുന്നിലുള്ള വലിയ വെല്ലുവിളി. ദൈവവചനത്തിനു ജീവിതത്തിൽ സാക്ഷ്യം നല്കാനും ദൈവവചന വ്യാപനത്തിനായി ജീവൻ സമർപ്പിക്കാനും മുന്നിട്ടിറങ്ങുന്നവരെ കാത്തിരിക്കുന്നത് എന്താ

ണെന്നതിന്റെ പ്രതീകമാണ് എസെക്കിയേൽ പ്രവാചകൻ മുകളിൽ സൂചിപ്പിച്ച 'ഉദരത്തിൽ അനുഭവപ്പെടുന്ന കയ്പ്'. ദൈവവചനം ജീവിതത്തിൽ സ്ഥിരതയോടെ പിഞ്ചെല്ലുക എത്ര ദുഷ്കരമാണെന്ന തിരിച്ചറിവാണിത്. നമ്മുടെ കണ്ണുകൾ തുറക്കാനും മുരടിപ്പിക്കുന്നതും തരിശുമായ വ്യക്തിവാദത്തിൽനിന്ന് (individualism) പങ്കുവയ്ക്കലിന്റെയും ഐക്യമത്യത്തിന്റെയും (solidarity) പുതിയ പാതയിലേക്കു നമ്മെ നയിക്കാനും ശക്തമാണ് ദൈവവചനം (AI, 13). ദൈവവചന ഞായർ ആഘോഷങ്ങൾ ദൈവാനുഭവത്തിൽനിന്ന് പങ്കുവയ്ക്കലും സ്വയംദാനവുമാകുന്ന കാരുണ്യപ്രവൃത്തികളിലേക്കു നമ്മെ നയിക്കണമെന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇവിടെ ഉദ്ബോധിപ്പിക്കുന്നത്.

**ദൈവവചനവും കേരളസഭയും**

ഫ്രാൻസീസ് പാപ്പ ആഗോളസഭയ്ക്കായി ബൈബിൾ ഞായർ പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ, വർഷങ്ങളായി നാം ബൈബിൾ ഞായറും ബൈബിൾ മാസവും ആഘോഷിച്ചു വരികയാണെന്ന് കേരളസഭയ്ക്ക് അഭിമാനപൂർവം പറയാൻ കഴിയും. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്.

വചനമേഖലയിൽ കേരളസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹപ്പെരുമഴ വലിയ ഉത്തരവാദിത്വവും നമ്മെ ഭരമേല്പിക്കുന്നുണ്ട്. ബൈബിൾ സാധാരണ ലത്തീൻഭാഷയിൽ (വുൾഗാത്ത) വിവർത്തനം ചെയ്ത് ദൈവവചനം എല്ലാവരിലും എത്തിക്കാൻ പരിശ്രമിച്ച വി. ജറോമിന്റെ 1600–ാം മരണവാർഷികത്തോടനുബന്ധിച്ച് ഡിസംബർ 1–മുതൽ 2020 സെപ്റ്റംബർ 30–വരെ കൂടുതൽ ബൈബിൾ അധിഷ്ഠിത പരിപാടികൾ നടത്താൻ അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷൻ പ്രസിഡന്റ് കർദിനാൾ ലൂയിസ് അന്തോണിയോ താഗ്ലേ ആഹ്വാനം ചെയ്യുന്നു. വചനമേഖലയിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൂടുതൽ ഉത്സാഹത്തോടെ തുടരാൻ ഈ ആരാധനാവർഷം നമുക്ക് ഉത്സാഹിക്കാം. ബൈബിളിനുള്ള പ്രാധാന്യം എടുത്തുകാണിക്കാൻ ബൈബിൾ ഞായറോടനുബന്ധിച്ച് വിശുദ്ധകുർബാനയിൽ ബൈബിൾ ആഘോഷപൂർവം പ്രതിഷ്ഠിക്കുന്നത് ഉചിതമാണെന്ന് ഫ്രാൻസിസ്പാപ്പ വചന ഞായറിനെക്കുറിച്ചുള്ള അപ്പസ്തോലികലേഖനത്തിൽ പറയുന്നുണ്ട്. വചനപാരായണമാസമായി ആചരിക്കുന്ന ഡിസംബർ മാസത്തിൽ ഇടവകകൾതോറും പ്രാർഥനാനിർഭരമായ അന്തരീക്ഷത്തിൽ ഒരു ദിവസമെ

ങ്കിലും നീളുന്ന വചനപാരായണം സംഘടിപ്പിക്കേണ്ടതാണ്. 'ദിവ്യവായന' എന്നറിയപ്പെടുന്ന പ്രാർഥനാരീതി വിശ്വാസികളായ എല്ലാവരും പരിശീലിക്കുന്നത് നല്ലതാണ്. ശ്രദ്ധയോടും ഭക്തിയോടുംകൂടി വിശുദ്ധഗ്രന്ഥം വായിക്കുന്നതാണ് ഇതിലെ ആദ്യ ഘട്ടം. തുടർന്ന് വിചിന്തനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നത് മനസ്സിലാക്കുന്നു. ദൈവവുമായുള്ള സംഭാഷണത്തിൽ ഏർപ്പെടുന്ന പ്രാർഥനയാണ് അടുത്തത്. അവസാനം നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സാന്നിധ്യാനുഭവത്തിലേക്ക് ഉയർത്തുന്ന പൂർണധ്യാനത്തിൽ നാം എത്തിച്ചേരുന്നു. ഇടവകകളിൽ ദൈവവചനം വായിച്ചു പ്രാർഥിക്കുന്ന കൂട്ടായ്മകൾക്കു രൂപംകൊടുക്കുന്നതുവഴി ഇടവകസമൂഹത്തിന്റെ വിശ്വാസജീവിതം ശക്തിപ്പെടുത്താൻ കഴിയും.

ഈ വർഷവും കേരളം പ്രകൃതിദുരന്തത്തിന് ഇരയായി. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും ബൈബിൾ നഷ്ടമായവർക്ക് അവ എത്തിച്ചു നല്കാൻ ബൈബിൾ കമ്മീഷനോടൊപ്പം രൂപതാ ബൈബിൾ അപ്പോസ്തലേറ്റും സംഘടനകളും വ്യക്തികളും മുന്നിട്ടിറങ്ങിയെന്നത് സന്തോഷകരമാണ്. ബൈബിൾ ഇല്ലാത്ത കുടുംബങ്ങളിൽ ഇടവക തന്നെ മുൻകൈയെടുത്ത് ബൈബിൾ കൊടുക്കുന്നത് ഇടവകസമൂഹത്തിന്റെ കടമയായി മാറണം. ബൈബിൾ ആഴത്തിൽ ഗ്രഹിക്കാൻ പരിശുദ്ധപിതാവു നല്കുന്ന ആഹ്വാനമനുസരിച്ച്, ബൈബിൾ പഠനവേദികൾ ഒരുക്കുന്നതിന് കുടുതൽ ഇടവകകൾ മുന്നോട്ടു വരുന്നതിനെ അഭിനന്ദിക്കുന്നു.

കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്. കഴിഞ്ഞവർഷം ശ്രവണവൈകല്യമുള്ളവർക്കായി ലോഗോസ് സംഘടിപ്പിച്ചതുവഴി അവരുടെയിടയിൽ വചനസ്നേഹവും വചന പഠനൗത്സുക്യവും വളർത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും നമുക്കു കഴിഞ്ഞു. ശാരീരിക പരാധീനതകളുള്ളവർപോലും വചനത്തോടു കാണിക്കുന്ന ഈ ആവേശം അവരുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ കഴിവുകളുള്ള നാം എത്രമാത്രം വചനത്തിനായി സമയം കണ്ടെത്തണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്.

കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 29-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങൾക്കുപകരിക്കും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി.

ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്ര ത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശു വിനെ ഹൃദയവാതിലുകൾ തുറന്ന് സ്വീകരിക്കാനും അവിടത്തെ സുവി ശേഷം ഏവരിലും എത്തിക്കാനും ഉത്സാഹിക്കണമെന്ന് ആഹ്വാനംചെ യ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും സ്നേഹ പൂർവം നേർന്നുകൊണ്ടും,

**+ ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
*ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*
**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
*വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*
**+ ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
*വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

---

NB: 2020 ജനുവരിയിലെ ഒരു ഞായറാഴ്ച ഈ സർക്കുലർ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ജനുവരി 2020

1 : വർഷാരംഭം
: നമ്മുടെ കർത്താവിന്റെ നാമകരണം
3 : ആദ്യവെള്ളി
: ദൈവമാതൃത്വതിരുനാൾ
: വി. ചാവറ കുരിയാക്കോസ് ഏലീയാസ്
5 : **ദനഹാ ഒന്നാം ഞായർ**
6 : ന. കർത്താവിന്റെ പ്രത്യക്ഷവത്കരണതിരുനാൾ (ദനഹാതിരുനാൾ)
10 : വി. യോഹന്നാൻ മാംദാന
12 : **ദനഹാ രണ്ടാം ഞായർ**
18 : സഭൈക്യവാരം ആരംഭം
19 : **ദനഹാ മൂന്നാം ഞായർ**
20 : വി. സെബസ്ത്യാനോസ്
24 : വി. ഫ്രാൻസീസ് സാലസ്
: വി. സുവിശേഷകന്മാർ
25 : വി. പൗലോസിന്റെ മാനസാന്തരം
: വി. തിമോത്തിയും തീത്തൂസും
26 : **ദനഹാ നാലാം ഞായർ**
28 : വി. തോമസ് അക്വീനാസ്
31 : വി. എസ്തപ്പാനോസ്
വി. ജോൺ ബോസ്കോ

**2. ജനുവരി മാസത്തെ പരിപാടികൾ**

20–22 : നവവൈദികർക്കുള്ള ക്ലാസ്സ്
21 : 10:30am ആലോചനസമിതിയോഗം
23 : വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും
26 : റിപ്പബ്ലിക് ദിനം
മതബോധന സർവ്വീസ് അവാർഡ്

### 3. ദനഹാക്കാലം

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് ദനഹാ. 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3:7). പരിശുദ്ധ ത്രിത്വരഹസ്യം ഈശോമിശിഹായുടെ മാമ്മോദീസായിലൂടെ വെളിവാക്കപ്പെട്ടു.

ജനുവരി 6–ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ'തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടിക്കുത്തി' പെരുന്നാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി' പെരുന്നാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തം കൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (*ഏൽ പയ്യ*) എന്ന് ആർത്തു വിളിച്ചിരുന്ന പതിവിൽ നിന്നാണ് 'പിണ്ടികുത്തി' പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക–ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വി. ഗ്രന്ഥ പ്രഘോഷണങ്ങളാണ് (വായനകൾ) ഈ കാലയളവിൽ നാം പ്രധാനമായും ഉപയോഗിക്കുക. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റേതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയും പറ്റി ഗാഢമായി ചിന്തിക്കണമെന്ന് സഭ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

**4. കാരുണ്യനിധി കവർ പിരിവ്:**

അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ ക്രിസ്തുമസ്സ് കത്തും കാരുണ്യനിധിയിലേക്കുള്ള 2019ലെ സംഭാവന കവറുകളും എല്ലാ വീടുകളിലേക്കും എത്തിച്ചിട്ടുണ്ട്. പ്രസ്തുത കവർ പിരിവ് 2020 ജനുവരി 31ന് മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പ്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**5. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും :**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2020 ജനുവരി 23ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2020നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധികാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 6-ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**6. ദൈവവചന ഞായർ – ജനുവരി 26, 2020:**

ഫ്രാൻസീസ് മാർപാപ്പയുടെ *അപെരൂയിത് ഇല്ലീസ്* എന്ന അപ്പോസ്തോലിക്ക് കത്തിന്റെ പശ്ചാത്തലത്തിൽ സഭൈക്യവാരത്തിനു ശേഷം വരുന്ന ഞായറാഴ്ച്ച (2020 ജനുവരി 26നു) ദൈവവചന ഞായറായി ആഘോഷിക്കണമെന്ന് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ആഹ്വാനം ചെയ്യതിട്ടുണ്ട്. ഫ്രാൻസീസ് മാർപാപ്പയുടെ *അപെരൂയിത് ഇല്ലീസ്* എന്ന അപ്പോസ്തോലിക്ക് ലേഖനവും, മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ കത്തും അതിരൂപത വെബ് സൈറ്റിൽ കൊടുത്തിട്ടുണ്ട്. (www.trichurarchdiocese.org/downloads)

**7. പാലയൂർ മഹാതീർത്ഥാടനം:**

2020 മാർച്ച് 29-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ച്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും, ഫൊറോനകളുടേയും നേതൃത്വ

ത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. വൈദികരുടെ നിയമനം:**

| | |
|---|---|
| 1. ഫാ. ജോബി കടപ്പൂരാൻ | –പഠനാവധി ഒരു വർഷത്തേക്കു കൂടി; സാധുത 2019 നവംബർ 29 മുതൽ. |
| 2. ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | –നടത്തുവികാരി പൂങ്കുന്നം & കപ്ലോൻ സി. എസ്. സി.; വികാരി പൂത്തറക്കൽ & കപ്ലോൻ എഫ്. സി. സി. ഒഴിവായി; സാധുത 2019 ഡിസംബർ 5 മുതൽ. |
| 3. ഫാ. മേജോ മരോട്ടിക്കൽ | –നടത്തുവികാരി പൂങ്കുന്നം & കപ്ലോൻ സി. എസ്. സി. ഒഴിവായി; സാധുത 2019 ഡിസംബർ 5 മുതൽ. |

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജനുവരി മാസത്തെ പരിപാടികൾ

# JANUARY 2020

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Afternoon | Dn. Prakash Puthur Ordination at Guruvayoor |
| 02 | Thu | | Holy Mass and House Blessing at Perinchery |
| | | | Engaged |
| 03 | Fri | Morning | Curia Meeting |
| | | Evening | Jubilee Mass at Muvattupuzha |
| 04 | Sat | Morning | For Priests and Religious |
| | | Afternoon | Ordination of Dn. Vijoy Arimboor at Kandasamkadavu |
| | | Evening | Engaged |
| 05 | Sun | | Pastoral Visit at Chittissery |
| 06 | Mon | Morning | Baptism of Fifth Child at Thalore; For the People |
| | | Afternoon | Karuna University MOU With Jubilee at JMMC |
| | | Evening | House Blessing at Nellikkunnu |
| 07 -15 | | | Syro-Malabar Synod |
| 17 | Fri | Morning | Curia Meeting, Holy Mass at Ambaloor, Lamp Lighting Ceremony at Jubilee Mission College of Nursing |
| | | Evening | JMMC Trust Meet |
| 18 | Sat | | Teacher's Guild Meeting at Alappuzha |

| | | | |
|---|---|---|---|
| 19 | Sun | | Pastoral Visit at Kandanassery |
| 20 | Mon | Morning | For Priests and Religious |
| 21 | Tue | Morning | Curia Meeting; Consultors' Meet, Class for New Priests |
| 22 | Wed | Morning | Class for New Priests |
| | | Evening | Holy Mass and Kalkurisu Blessing at Thiruthiparampu |
| 23 | Thu | | Priests' Conference - Reception to New Priests and Bp. Joe Thaikkattil; Nedupuzha Church Blessing. |
| 24 | Fri | Morning | Curia Meeting |
| | | Evening | Holy Mass and House Blessing at Kallur West |
| 25 | Sat | Morning | CMC Golden Jubilee at Kolazhy |
| | | Afternoon | Chirakkekod Jubilee & Samarpitha Sangamam |
| | | Evening | Convention at Brahmakulam |
| 26 | Sun | Morning | Holy Mass and Presbytery Blessing at Vellanikode |
| | | Afternoon | Catechism Award Day at DBCLC; Catholica Congress Annual General Body at Bishop's House |
| | | Evening | Thalakkottukara Church Sadapthi Samapanam |
| 27 | Mon | Morning | For the People |
| | | Afternoon | St. Euphrasia Shrine Advisory Committee at Ollur |
| | | Evening | Bp. Joseph Thaikkattil Sweekaranam, at Enammavu |
| 28 | Tue | | Engaged |
| 29 | Wed | Morning | SIB Founders Day Holy Mass at Puthen Palli |
| 31 | Fri | Morning | Curia Meeting |
| | | Evening | Engaged |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ജനുവരി മാസത്തെ പരിപാടികൾ

# JANUARY 2020

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Ollur - Priestly Ordination of Dn. Arun |
| 02 | Thu | Morning | Cherumkuzhy - Priestly Ordination of Dn. Shinto |
| | | Afternoon | Priests & Religious Curia Meeting |
| 03 | Fri | Morning | Kottapady - Festal Mass |
| | | Afternoon | Visitors' Time |
| | | Evening | Machad - Kodiyettam |
| 04 | Sat | Morning | Manalady - H. Mass |
| | | Afternoon | Engaged |
| 05 | Sun | | Trivandrum |
| 06 | Mon | Afternoon | Pazhuvil Hospital - H. Mass |
| | | Evening | Carmel School Silver Jubilee |
| 07-15 | | | Syro Malabar Synod Mount St. Thomas |
| 16 | Thu | | Inter Church Council - |
| 17 | Fri | | Bishops' Meeting |
| 18 | Sat | Morning | Thiruvillwamala - Priestly Ordination of Dn. Danny |
| 19 | Sun | Morning | Amballur - H. Mass |
| | | | Thaikkattussery - Festal Mass |
| | | Noon | Award Day - Children's Ministry |
| 20 | Mon | Morning | Aloor - H. Mass |
| | | | Pavaratty - CKC School Retirement |

| | | | |
|---|---|---|---|
| | | Evening | Ponnani - Kodiyettam |
| 21 | Tue | Morning | Curia Meeting |
| | | | Consultors' Meeting |
| | | Evening | Mundathikode, School Retirement |
| 22 | Wed | | Class for New Priests |
| 23 | Thu | Morning | Marymatha Seminary - H. Mass |
| | | | Priests' Conference |
| | | Evening | Chelakkara, School Retirement |
| 24 | Fri | Morning | Amballur - H. Mass |
| | | | Curia Meeting |
| | | Afternoon | Engandiyur, School Retirement |
| | | Evening | Athani - Kodiyettam |
| 25 | Sat | Morning | Arimpur - Golden Jubilee |
| | | Evening | Aranattukara -Day of Stick |
| 26 | Sun | Morning | Thalakkottukara - H. Mass |
| | | | Catechism Service Award Day |
| | | Evening | Karumathra - Chapel Blessing |
| 27 | Mon | Morning | Minor Seminary- Holy Mass |
| | | Afternoon | Pavaratty Hospital - Lighting the Lamp |
| | | Evening | Ennammavu - Reception to Bp. Joseph Thaikkattil |
| 28 | Tue | Morning | Curia Meeting |
| | | | SH Convent - H. Mass |
| | | Evening | Mullassery, School Retirement |
| 29 | Wed | Evening | Mukkattukara, School Retirement |
| 30 | Thu | Morning | For Priests & Religious |
| | | Evening | Wadakkanchery, School Retirement |
| 31 | Fri | Morning | Curia Meeting |
| | | Afternoon | Visitors' Time |
| | | Evening | Nellankara - H. Mass |



# നാളാഗമം

## നവംബർ 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മെഡിക്കൽ കോളേജിന്റെ മെറിറ്റ് ഡേയിൽ പങ്കെടുത്തു. വൈകിട്ട് വലക്കാവ് ഇടവകയിൽ വി. ബലിയർപ്പിക്കുകയും കപ്പേള വെഞ്ചരിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ബിജ്നോറിൽ അഭിവന്ദ്യ മാർ വിൻസെന്റ് നെല്ലായിപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു.
2. സകല മരിച്ചവരുടെയും ഓർമ്മയോടനുബന്ധിച്ച് അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിലും, അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ ബസിലിക്കയിലും തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ സഭാവസ്ത്രസ്വീകരണചടങ്ങിലും സുവർണ്ണ ജൂബിലിയാഘോഷങ്ങളിലും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കുരിയച്ചിറ ഇടവകയിൽ ഇടയസന്ദർശനം ആരംഭിച്ചു.
3. അഭിവന്ദ്യ താഴത്ത് പിതാവ് പാലാഴി ഇടവകയിൽ വി. ബലിയർപ്പിക്കുകയും പള്ളിശ്ശേരി, വല്ലച്ചിറ, കണ്ണംകുളങ്ങര

ഇടവകകളിൽ സന്ദർശനം നടത്തി. യുവതികൾക്കായി കെ.സി.വൈ.എം. സംഘടിപ്പിച്ച സെമിനാറിൽ സന്ദേശം നൽകി. കൈപറമ്പിൽ പുതിയ ദൈവാലയത്തിന്റെ കല്ലിടൽ കർമ്മം നടത്തി. എരനെല്ലൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതിയ ഓഡിറ്റോറിയം വെഞ്ചരിക്കുകയും ചെയ്തു. വൈകിട്ട് അമ്മാടം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് കുരിയച്ചിറ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

4. അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കരയിലെ എഫ്.സി.സി. കോൺവെന്റിൽ വി. ബലിയർപ്പിക്കുകയും നോബർട്ടമ്മ കൗൺസിലിംഗ് സെന്റർ വെഞ്ചരിക്കുകയും ചെയ്തു. വൈകിട്ട് ഭരത ഇടവകയിൽ വി. ബലിയർപ്പിച്ചു. ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന എക്യുമെനിക്കൽ യോഗത്തിൽ പങ്കെടുത്തു. ഡി.ബി.സി.എൽ.സി. യിൽ നടന്ന കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് കുരിയച്ചിറ ഇടവകയിൽ രോഗീസന്ദർശനം നടത്തി.
5. അഭിവന്ദ്യ താഴത്ത് പിതാവ് ശാന്തിധാം കോൺവെന്റിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് മണ്ണംപേട്ടയിൽ മർത്ത സന്യാസിനീ സമൂഹത്തിലെ ഗോൾഡൻ ജൂബിലിയാഘോഷങ്ങൾക്ക് നേതൃത്വം നൽകി.
6. അഭിവന്ദ്യ താഴത്ത് പിതാവ് അന്തരിച്ച ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ 46-ാം ചരമവാർഷികത്തോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഡി.ബി.സി.എൽ.സി. യിൽ നടന്ന ദീപിക സൗഹൃദ സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് മുളയത്തുള്ള നിർമ്മലദാസി കോൺവെന്റിൽ സിനാക്സിസിൽ വി. ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് അമ്മാടം കൺവെൻഷന് സമാപനസന്ദേശം നൽകി. സംഘടന ഏകോപനസമിതി യോഗത്തിലും ലൂർദ്ദ് തിരുനാളിനോടനു ബന്ധിച്ച് നടന്ന സ്നേഹസംഗമത്തിലും അഭിവന്ദ്യപിതാ ക്കന്മാർ പങ്കെടുത്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ മണ്ണുത്തിയിൽ പണിതീർത്ത കാരുണ്യഭവനം വെഞ്ചരിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുളയം നിർമ്മലദാസി കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ തൈക്കാട്ടുശ്ശേരി, ഒല്ലൂർ ഏയ്ഞ്ചൽ നഗർ മരത്താക്കര ഇടവകകളിൽ പണിതീർത്ത വീടുകൾ വെഞ്ചരിച്ചു. വൈകുന്നേരം ലൂർദ്ദ് ഇടവകയിൽ കൂടുതുറക്കൽ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
9. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ

ചേലക്കര ഇടവകയിൽ നിർമ്മിച്ചു നൽകിയ കാരുണ്യഭവനം വെഞ്ചരിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ 13-ാം ബിരുദദാന ചടങ്ങിൽ പങ്കെടുത്തു. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെയും തൃശ്ശൂർ കത്തോലിക്കാ കോൺഗ്രസ്സിന്റെയും നേതൃത്വത്തിൽ കലാലയ രാഷ്ട്രീയത്തിന് എതിരെ നടന്ന പ്രതികരണ സദസ്സ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സാൻ ഡാമിയാനോ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ചിൽഡ്രൻസ് മിനിസ്ട്രിയുടെ അതിരൂപത കലോത്സവം ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേയിലും മേരിമാത സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു. ലൂർദ്ദ് കത്തീഡ്രലിൽ തിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് ശ്രീ. സി.കെ. മേനോൻ അനുസ്മരണ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് വെള്ളക്കാരിത്തടം ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും ആഘോഷമായ ആദ്യകുർബാന സ്വീകരണത്തിന് നേതൃത്വം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തിരൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും തുടർന്ന് ഹാൾ വെഞ്ചരിക്കുകയും ചെയ്തു. ഉച്ചക്ക് ദമ്പതികൾക്കുവേണ്ടിയുള്ള തുടർപരിശീലന പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം ഫാ. ജോഷി വെണ്ണാട്ടുപറമ്പിലിന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

11. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. വൈകുന്നേരം സെന്റ് പോൾസ് കോൺവെന്റിൽ അൾത്താര മേശയുടെ പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്തു.

12. അഭിവന്ദ്യ പിതാക്കന്മാർ ഡി.ബി.സി.എൽ.സി.യിൽ അതിരൂപതയിൽ നിന്നുള്ള ഡീക്കന്മാരോടും അവരുടെ മാതാപിതാക്കളോടും കൂടെ സംവദിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് പാവറട്ടി തീരദേശ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഡീക്കന്മാർക്കായി വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. മണ്ണുത്തിയിൽ സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

14. അഭിവന്ദ്യ പിതാക്കന്മാർ ഫൊറോന വികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് കല്ലൂർ സെന്റ് റാഫേൽ പബ്ലിക് സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. വൈകിട്ട് അഞ്ഞൂരിൽ നാലാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

15. അഭിവന്ദ്യ പിതാക്കന്മാർ മോൺ. ജോസഫ് കവലക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകുന്നേരം ആമ്പക്കാട് ഇടവകയിൽ തിരുനാൾ കൊടിയേറ്റം നടത്തി.

16. അഭിവന്ദ്യ താഴത്ത് പിതാവ് പള്ളിക്കുന്ന് ഇടവകയിൽ ഡീ. ടിജോ കോരെത് കപ്പൂച്ചിന് തിരുപട്ടം നൽകി. ലോഫിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കുടുംബാംഗങ്ങൾക്കായുള്ള ധ്യാനത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് പറവട്ടാനിയിൽ രാവിലെ വി. ബലിയർപ്പിക്കുകയും സെമിത്തേരിയുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. തുടർന്ന് സെന്റ് തോമസ് കോളേജിലെ ശതാബ്ദിയാഘോഷങ്ങളുടെ സമാപന ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് കുഴിക്കാട്ടുശ്ശേരിയിൽ വച്ച് മറിയം ത്രേസ്യാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ദേശീയതല കൃതജ്ഞതാബലിയിലും ആഘോഷങ്ങളിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് പാറന്നൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് പട്ടിക്കാട് വിൻസെന്റ് ഡി പോൾ സംഘടനയുടെ സിൽവർ ജൂബിലിയാ ഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം ഒല്ലൂക്കരയിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് ഇടവകയിലെ ഒ.എസ്.എഫ്. സന്യാസിനീ സമൂഹത്തിൽ സന്യാസ വ്രതവാഗ്ദാന ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. പറവട്ടാനിയിൽ ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിൽ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കാഞ്ഞാണി, ഏങ്ങണ്ടിയൂർ ഇടവകകളിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച വീടുകളുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. വൈകുന്നേരം മഡോണനഗർ ഇടവകയുടെ ജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ചു.

19. അഭിവന്ദ്യപിതാക്കന്മാർ കോലഴി ഇടവകയിൽ ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ആബാ ധ്യാനകേന്ദ്രത്തിൽ നടന്ന സുവിശേഷപ്രഘോഷകർക്കായുള്ള പരിശീലനക്ലാസ്സിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് സാന്ത്വനത്തിന്റെ

നേതൃത്വത്തിൽ പറപ്പൂരിൽ പണികഴിപ്പിച്ച വീടിന്റെ ആശീർവാദ കർമ്മം നിർവഹിച്ചു. വൈകിട്ട് പറപ്പൂരിൽ എ.സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

20. അഭിവന്ദ്യ ടോണി പിതാവ് ഡീക്കന്മാരുടെ വീടുകൾ സന്ദർശിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാതയിൽ ക്ലാസ്സെടുത്തു. വൈകിട്ട് എരുമപ്പെട്ടിയിൽ സ്കൂൾ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത സെമിനാരിയിൽ ജെ.ഡി.വി. അഫിലിയേഷൻ സെറിമണി ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപതയിലെ കപ്യാരുമാരുടെ കുടുംബയോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് ബൊൻ നത്താലെക്ക് ഒരുക്കമായുള്ള മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപത ആലോചനസമിതി യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ചേറൂർ ദിവ്യഭവൻ സി.എം.സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. വൈകുന്നേരം മുണ്ടത്തിക്കോട് ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു.

22. അഭിവന്ദ്യ ടോണി പിതാവ് ഹൊസൂർ രൂപത വാർഷികാഘോഷ ങ്ങളിൽ പങ്കെടുത്തു.

23. അഭിവന്ദ്യ പിതാക്കന്മാർ ലൂർദ്ദ് കത്തീഡ്രലിൽ നടന്ന സന്യസ്ത ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. വടക്കേത്തല ബഹു. ജോർജ്ജച്ചന്റെ ജൂബിലിയാഘോഷത്തിൽ ആശംസകൾ നേർന്നു. തൃശ്ശൂർ ബസിലിക്കയിൽ തിരുനാളിനോടനുബന്ധി ച്ചുള്ള സ്നേഹവിരുന്നിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് വലപ്പാട് ഇടവകയിൽ ഫ്ളാറ്റ് വെഞ്ചരിക്കുകയും കാരുണ്യഭവനത്തിന്റെ താക്കോൽദാനം നിർവഹിക്കുകയും ഇടവകദിനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്കയിൽ തിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മഡോണനഗറിൽ നഴ്സസ് ഗിൽഡിന്റെ വാർഷികയോഗം ഉദ്ഘാടനം ചെയ്തു. അതിനുശേഷം ഒല്ലൂക്കര ഇടവകയിൽ നടന്ന വിൻസെന്റ് ഡി പോൾ ലൂർദ്ദ് ഫൊറോന ഏരിയ കൗൺസിൽ സുവർണ്ണ ജൂബിലിയാഘോ ഷത്തിൽ സന്ദേശം നൽകി. വൈകിട്ട് പേരാമംഗലം ഇടവകയിൽ ഇടവകദിനവും ജൂബിലിയാഘോഷവും ഉദ്ഘാടനം ചെയ്തു. പള്ളിക്കുന്ന് ഇടവകയിൽ തെക്കേക്കര ബഹു. ഡേവിസ് അച്ചന് സിൽവർ ജൂബിലി ആശംസകൾ നേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുതുക്കാട് വി. ബലിയർപ്പിച്ചു. തുടർന്ന് മനക്കൊടിയിൽ തിരുനാൾ ആഘോഷങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്ക്

നവദമ്പതി സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം അറക്കൽ ബഹു. പോളച്ചനും, തെക്കേക്കര ബഹു. ഡേവിസ് അച്ചനും ജൂബിലി യാശംസകൾ നേർന്നു.

25. അഭിവന്ദ്യപിതാക്കന്മാർ രാമനാഥപുരം രൂപതയിൽ നടന്ന തൃശ്ശൂർ പ്രോവിൻസ് ഇന്റർ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് കെ.എൽ.എം. കോൺഫ്രൻസിൽ ഡി.ബി. സി.എൽ.സി.യിൽ വി. ബലിയർപ്പിച്ചു. ചേറൂർ ക്രൈസ്റ്റ് വില്ല ഹോം ഡേയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മേരിമാതയിൽ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ ഓൺലൈൻ റേഡിയോ ഉദ്ഘാടനം ചെയ്തു.
27. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ദൈവശബ്ദം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിച്ച് നാമഹേതുക തിരുനാൾ ആഘോഷിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറ്റിശ്ശേരിയിൽ നാലാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മേരിമാതയിൽ ക്ലാസ്സെടുത്തു. വൈകുന്നേരം കൊഴുക്കുള്ളിയിൽ വി. ബലി അർപ്പിക്കുകയും ഹാൾ വെഞ്ചരിക്കുകയും ചെയ്തു.
28. അഭിവന്ദ്യപിതാക്കന്മാർ ആർച്ച്ബിഷപ്പ്സ് ഹൗസ് സ്റ്റാഫ് പിക്നിക്കിൽ പങ്കെടുത്തു.
29. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് നാമഹേതുക തിരുനാൾ ആഘോഷിച്ചു. വൈകിട്ട് നാമഹേതുക തിരുനാളിന്റെ ഭാഗമായി സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, സെന്റ് ജോസഫ്സ് മെന്റൽ ഹോം, ഓൾഡ് എയ്ജ് ഹോം, ക്രിസ്റ്റീന ഹോം, സാവിയോ ഹോം എന്നിവ സന്ദർശിച്ച് അവിടെയുള്ളവർക്ക് മധുരം വിതരണം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വി. ബലിയർപ്പിച്ചു. വൈദികരുടെ മാസധ്യാനത്തിലും സമ്മേളനത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.
30. അഭിവന്ദ്യ താഴത്ത് പിതാവ് കൊഴുക്കുള്ളിയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. പൂവ്വത്തുശ്ശേരിയിൽ ഫാ. ജോസ് ഇരുമ്പന്റെ മൃതസംസ്കാരശു ശ്രൂഷയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുക്കുകയും അഭിവന്ദ്യ താഴത്ത് പിതാവ് ചരമപ്രസംഗം നടത്തുകയും ചെയ്തു. വൈകിട്ട് അക്കര ബഹു. രാജു അച്ചന്റെയും വെണ്ണാട്ടുപറമ്പിൽ ബഹു. ജോഷി അച്ചന്റെയും സിൽവർ ജൂബിലിയാഘോഷത്തിൽ അഭിവന്ദ്യപിതാക്കന്മാർ ആശംസകളർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് പേരാമംഗലത്ത് പുതിയ വീടിന്റെ താക്കോൽ ദാനകർമ്മം നിർവഹിച്ചു.



## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജന്മദിനം (ഡിസം.19), തിരുപ്പട്ടസ്വീകരണം(ഡിസം.21), ധന്യപദവി പ്രഖ്യാപനം(ഡിസം.21), എന്നിവ ധന്യന്റെ കബറിടം സ്ഥിതി ചെയ്യുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ സമുചിതമായി ആഘോഷിച്ചു. തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവാണ്. ഊക്കനച്ചൻ അജപാലനശുശ്രൂഷ നിർവഹിച്ച ഇടവകകളിലെ ഇപ്പോഴത്തെ വികാരിയച്ചൻമാർ സഹകാർമ്മികരായിരുന്നു. ഊക്കനച്ചനെ നേരിൽ കണ്ടിട്ടുള്ള 104 പേരുടെ അനുഗ്രഹീത സാന്നിദ്ധ്യവും അനുഭവം പങ്കുവയ്ക്കലും ആഘോഷങ്ങൾക്ക് ഇരട്ടിമധുരം പകർന്നു. ഈ അവസരത്തിൽ പുരോഹിതനെപ്പറ്റിയുള്ള ഊക്കനച്ചന്റെ ചിന്തകൾ വിചിന്തനത്തിന് വിധേയമാക്കി.

* പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്. ക്രിസ്തുവിന്റെ സുഗന്ധപരിമളമാണ്.
* പുരോഹിതർ തങ്ങളുടെ അജപാലന ദൗത്യനിർവഹണത്തിനായി ഒരുങ്ങുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം യേശുവിൽ നിന്ന് പഠിക്കട്ടെ.
* ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള മധ്യസ്ഥനാണ് വൈദികൻ.
* വൈദികനാകാനുള്ള വിളി ദൈവീകവും ശ്രേഷ്ഠവുമാണ്.
* പുരോഹിതനായി അഭിഷിക്തനായവൻ തന്റെ സ്ഥാനമഹിമയാൽ തന്നെ അജഗണങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ അനുരഞ്ജിപ്പിക്കുകയും വേണം.
* വൈദികനായ ഞാൻ വിശുദ്ധിയിൽ വളർന്നു വരണം. ഉയർന്ന പദവിയിലുള്ള വിശുദ്ധിയാണ് എനിക്കനുയോജ്യമായിട്ടുള്ളത്.

വൈദികർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും വൈദികസന്യസ്തദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യവും ചിന്താവിഷയങ്ങളിൽ ഉൾപ്പെടുത്തി. ധാരാളം ഭക്തജനങ്ങൾ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് ധന്യൻ ഊക്കനച്ചന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിച്ചു.



## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ഡിസംബർ 6 ആദ്യവെള്ളിയാഴ്ച ദൈവദാസൻ തച്ചുപറമ്പിലച്ചൻ അനുസ്മരണം ഭക്തിപൂർവ്വം കൊണ്ടാടി. തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് ബ. സജീവ് ഇമ്മട്ടിയച്ചനാണ്. രാവിലെ 10 മണിക്ക് ജപമാലയോടെ പ്രാർത്ഥനകൾ ആരംഭിച്ചു. വചനസന്ദേശത്തിൽ വിചിന്തനം ചെയ്തത് ലൂക്കാ 17:20–37 ആണ്. ദൈവരാജ്യം എപ്പോഴാണ് വരുന്നതെന്ന ഫരിസേയരുടെ ചോദ്യത്തിനുള്ള ഉത്തമാണ് ഈ സുവിശേഷ ഭാഗം. ദൈവരാജ്യം നമ്മിൽതന്നെയുള്ള ഒരു യാഥാർത്ഥ്യമാണ് (17:21). അത് ദൈവാത്മാവിലുള്ള സന്തോഷമാണ്. അത് സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവൻ ആദ്യം വേണ്ടത് ലോകകാര്യങ്ങളിൽ നിന്ന് പിൻമാറി ദൈവമായ കർത്താവിനെ സ്നേഹിക്കുകയാണ്. ദൈവരാജ്യം നമ്മിൽ തന്നെയുണ്ട് എന്ന സത്യം അംഗീകരിക്കുന്ന ഒരുവൻ ദൈവസ്വരത്തിന് കാതോർക്കുകയും ദൈവരാജ്യത്തിനുവേണ്ടി ജീവിക്കുകയും വേണം. അതായത്, ദൈവരാജ്യത്തിനു വേണ്ടി സ്വന്തം ജീവൻ പോലും നഷ്ടപ്പെടുത്താൻ അവൻ തയ്യാറാകണം. അങ്ങനെയാകുമ്പോൾ അവനവനിൽ കുടികൊള്ളുന്ന ദൈവരാജ്യം നമുക്കോരോരുത്തർക്കും സാക്ഷാത്കരിക്കാനാകും. അതിനാൽ, ദൈവദാസൻ അന്തോണിയച്ചനെ അനുസ്മരിക്കുമ്പോൾ, പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയുടെ വരവിനായി ഒരുങ്ങുമ്പോൾ ഹൃദയത്തിൽ ദൈവസ്നേഹം നിറയാനായി ആഗ്രഹിക്കാം. ധാരാളം ഭക്തജനങ്ങൾ വി. കുർബ്ബാനയിലും ആരാധനയിലും മറ്റ് തിരുക്കർമ്മങ്ങളിലും പങ്കെടുത്ത് ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



**1. കാരുണ്യനിധി 2019**

അതിരൂപത കാരുണ്യനിധി 2019 കവർ എല്ലാ ഇടവകകളിലും ഇതിനകം വിതരണം ചെയ്യുകയും സംഖ്യസ്വരൂപിക്കുകയും ചെയ്തിരിക്കുമല്ലോ. ഈ വർഷത്തെ ക്രിസ്തുമസ് കവർ പിരിവിന്റെ പ്രധാന ഭാഗം ഷംഷാബാദ് രൂപതയിലെ വിശാഖപട്ടണം മിഷനേയും, രാമനാഥപുരം രൂപതയിലെ ട്രിച്ചി മിഷനേയും അവിടുത്തെ പാവപ്പെട്ടവരെയും സഹായിക്കാനായി നീക്കിവയ്ക്കാനാണ് നാം ലക്ഷ്യം വയ്ക്കുന്നത്. അഭിവന്ദ്യ പിതാവിന്റെ കത്ത് പ്രകാരം ക്രിസ്തുമസ് കവർ പിരിവ് 2020 – ജനുവരി 10 ന് മുൻപ് തന്നെ ഇടവക വികാരി വഴി അതിരൂപത സാമ്പത്തിക കാര്യാലയത്തിലെത്തിക്കണമെന്നും താൽപര്യപ്പെടുന്നു.

**2. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. മുണ്ടത്തിക്കോട് – 136818
2. പൂമല – 37573
3. പുറനാട്ടുക്കര – 60000
4. സ്നേഹപുരം – 178316

**3. കാരുണ്യാ ട്രസ്റ്റ്**

1. ഭവന നിർമ്മാണം – 91000
2. ചികിത്സ – 46500
3. വിവാഹം – 114000

**4. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. പുതുക്കാട് നോർത്ത് – 7500

**ഏവർക്കും പുതുവത്സര ആശംസകൾ**

**ഫാ. ഡിറ്റോ കൂള**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫിനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 01 |
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 07 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജോർജ്ജ് നിരപ്പുകാലയിൽ | 09 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 10 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ലിന്റോ തട്ടിൽ | 15 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. റിജോ വിതയത്തിൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജീൻ ചിറയത്ത് | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ ആന്റണി കൊള്ളന്നൂർ | 21 |
| ഫാ. ആന്റണി തെക്കിനിയത്ത് | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 25 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. ഏബിൾ ചിറമ്മൽ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഔസേപ്പ് മേച്ചേരി | 06.01.1916 |
| ഫാ. ഗീവർഗ്ഗീസ് ഇരിമ്പൻ | 01.01.1917 |
| ഫാ. പൊറിഞ്ചു തേറാട്ടിൽ | 31.01.1941 |
| ഫാ. ജോൺ എടത്തിരുത്തിക്കാരൻ | 11.01.1948 |

| | |
|---|---|
| ഫാ. ജോസഫ് മണവാളൻ | 18.01.1950 |
| ഫാ. ഇഗ്നേഷ്യസ് മഞ്ഞളി | 10.01.1952 |
| ഫാ. ജേക്കബ് പോട്ടോക്കാരൻ | 02.01.1968 |
| ഫാ. മാത്യു പാലയൂർ | 10.01.1972 |
| ഫാ. സിറിയക് മേനാച്ചേരി | 04.01.1975 |
| ഫാ. പീറ്റർ കുണ്ടുകുളം | 23.01.1976 |
| ഫാ. പോൾ ആളൂർ | 21.01.1982 |
| മോൺ. ജോർജ്ജ് അക്കര | 21.01.1983 |
| ഫാ. ജേക്കബ് മഞ്ഞളി | 30.01.1984 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19.01.1985 |
| ഫാ. മാത്യു കിടങ്ങൻ | 04.01.1989 |
| ഫാ. ജോൺ എലുവത്തിങ്കൽ | 02.01.1990 |
| ഫാ. ആന്റണി തരകൻ | 07.01.1992 |
| ഫാ. സെബാസ്റ്റ്യൻ തേർമഠം | 13.01.1997 |
| ഫാ. പോൾ ആലപ്പാട്ട് | 08.01.2005 |
| ഫാ. ലാസർ പൊറത്തൂർ | 08.01.2006 |
| ഫാ. ജോസഫ് ഡി. മഞ്ഞളി | 23.01.2006 |
| ഫാ. ആന്റണി ചാലക്കൽ | 06.01.2009 |
| ഫാ. ജോസഫ് ചാഴൂർ | 04.01.2014 |
| മോൺ. തോമസ് തലച്ചിറ | 11.01.2014 |
| ഫാ. അന്തിക്കാട്ട് നിക്കോളാസ് | 17.01.2016 |



# ആദരാഞ്ജലികൾ
# റവ. ഫാ. ആന്റണി കണ്ണമ്പുഴ
# (81)

തൃശൂർ അതിരൂപതയിലെ സീനിയർ വൈദികൻ റവ. ഫാ. ആന്റണി കണ്ണമ്പുഴ 2019 ഡിസംബർ 9ന് രാത്രി 9:30ന് അന്തരിച്ചു.

പരേതരായ കണ്ണമ്പുഴ ആന്റണി+മേരി ദമ്പതികളുടെ മകനായി 1938 സെപ്തംബർ 8ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1966 മാർച്ച് 11–ന് ലൂർദ്ദ് കത്തീഡ്രലിൽ വച്ച് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

സെന്റ് തോമസ് കത്തീഡ്രൽ (ഇരിങ്ങാലക്കുട രൂപത), പാവറട്ടി, അരണാട്ടുകര എന്നിവിടങ്ങളിൽ അസ്തേന്തിയായും, മതിലകം, പെരുമ്പടപ്പ് (ഇരിങ്ങാലക്കുട രൂപത), തൃശ്ശൂർ അതിരൂപതയിലെ വെള്ളാറ്റഞ്ഞൂർ, തയ്യൂർ, തൊയക്കാവ്, പുതുശ്ശേരി, വലപ്പാട്, വാടാനപ്പിള്ളി, കുന്നംകുളം, നന്തിപുലം നോർത്ത്, നന്തിപുലം, ചിറക്കൽ, കോളങ്ങാട്ടുകര, ചൂണ്ടൽ എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ പെരിങ്ങണ്ടൂർ പീസ് ഹോമിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

ബുധനാഴ്ച രാവിലെ 6:30ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ മൃതദേഹം പൊതുദർശനത്തിനു വയ്ക്കുകയും, ദിവ്യബലിക്കുശേഷം 8:30 മണിക്കു ഒല്ലൂരിലുള്ള അദ്ദേഹത്തിന്റെ വസതിയിലേക്കു കൊണ്ടുപോകുകയും ചെയ്തു. വീട്ടിലുള്ള മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം ഉച്ചകഴിഞ്ഞ് 1:45 ന് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും, മൂന്നും നാലും ഭാഗങ്ങൾ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെയും മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

വിശുദ്ധനായി ജീവിക്കുക എന്ന ആപ്തവാക്യവുമായി കർത്താവിന്റെ മുന്തിരിത്തോപ്പിൽ അഹോരാത്രം ശുശ്രൂഷ ചെയ്ത കണ്ണമ്പുഴ ബഹു. ആന്റണി അച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലി!



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – നവംബർ 2019**

**1. സി.എം.സി**

ബ്രഹ്മംകുളം സെന്റ് തോമസ് ഇടവകയിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ക്രിസ്‌ലിന്റെ നേതൃത്വത്തിൽ 3–ാം തിയ്യതി മുതൽ 23 വരെ ഹോംമിഷൻ നടത്തി. 600 ഓളം കുടുംബങ്ങൾ ഉള്ള ഈ ഇടവകയിൽ 20 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയ ഈ സംരംഭത്തിൽ 50 സിസ്‌റ്റേഴ്സ് പങ്കെടുത്തു. വി. ചാവറ, വി. എവുപ്രാസ്യ വിശുദ്ധപദപ്രഖ്യാപനത്തിന്റെ 5–ാം വാർഷികത്തോടനുബന്ധിച്ച് 23 ന് ഒല്ലൂർ എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിൽ ധാരാളം സിസ്റ്റേഴ്സും ഭക്തജനങ്ങളും പങ്കെടുത്തു. ലോക്കൽ സുപ്പീരിയേഴ്സിനായി 23ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച കോൺഫ്രൻസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും കൗൺസിലേഴ്സും അവരോട് സംവദിക്കുകയുണ്ടായി. 29 ന് കോലഴി പ്രൊവിൻഷ്യൽഹൗസിൽ വച്ച് നടന്ന ജാഗരണ പ്രാർത്ഥനക്ക് ഫാ. ബിസ്റ്റോ കൂള സി.എം.ഐ നേതൃത്വം നല്കി. വിശ്വാസരൂപീകരണത്തിന്റെ ഭാഗമായി 30 ന് സെന്റ് മേരീസ് കോളേജിൽ വച്ചുനടത്തിയ യൂദിത്ത് ഫോറത്തിൽ (വിധവകളുടെ സംഗമം) 150 പേർ പങ്കെടുത്തു.

**2. എഫ്.സി.സി**

നവംബർ 4–ാം തീയതി മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിനോട് ചേർന്ന് നോർബർട്ടമ്മ സാന്ത്വനഭവൻ എന്ന പേരിൽ പണിതീർത്ത കൗൺസിലിംഗ് സെന്ററിന്റെ വെഞ്ചിരിപ്പു കർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നവംബർ 7–ാം തീയതി ആലുവ ജനറലേറ്റിൽ ജനറൽ തലത്തിൽ നടന്ന ഗോൾഡൻ

ജൂബിലിയാഘോഷത്തിലും, കോഴ്സിലും 13 സിസ്റ്റേഴ്സ് പങ്കെടുത്തു. നവംബർ 9–ാം തീയതി പ്രോവിൻസ് ഡെ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ആഘോഷ പരിപാടിയുടെ ഭാഗമായി നടന്ന പച്ചക്കറി, പറമ്പ്, പൂക്കൾ മത്സരത്തിൽ സമ്മാനാർഹരായർക്ക് സമ്മാനങ്ങൾ നൽകുകയും, അതോടൊപ്പം എല്ലാ ഭവനങ്ങളിൽനിന്നും സമ്മാനമായി ലഭിച്ച ജപമാലകളുടെ പ്രദർശനവും നടത്തി. നവംബർ 16–ാം തീയതി വെങ്ങിണിശ്ശേരി സെന്റ് മേരീസ് ഇടവക ദേവാലയത്തിൽ വെച്ച് എമരിറ്റസ് അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിമദ്ധ്യേ എഫ്.സി.സി. തൃശൂർ പ്രോവിൻസിലെ 4 നോവിസസ് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വെച്ച് നവംബർ 23–ാം തീയതി ശനിയാഴ്ച രാവിലെ 9.30 മണിക്ക് നടന്ന സമർപ്പിത ജൂബിലിയിൽ 2019–ലെ ജൂബിലിയേറൻസ് സംബന്ധിച്ചു.

**3. സി.എച്ച്.എഫ്**

നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലും 1 മുതൽ 9 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മലയാളം, ഇംഗ്ളീഷ്, കണക്ക് എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് EPARKIA എന്ന പേരിൽ Excellency Exam നടത്തി. വി.മറിയം ത്രേസ്യാമ്മയുടെ ദേശീയതല ആഘോഷങ്ങളുടെ ഭാഗമായി കുഴിക്കാട്ടുശ്ശേരിയിൽ വിവിധ പ്രൊവിൻസുകളുടെ നേതൃത്വത്തിൽ 50 മണിക്കൂർ ആരാധന നടത്തി. കുഴിക്കാട്ടുശ്ശേരിയിൽ സി.എച്ച്.എഫ് സംഗമവും ഗോൾഡൻ ജൂബിലി ആഘോഷ പരിപാടികളും നടത്തപ്പെട്ടു. പ്രസ്തുത കർമ്മങ്ങളിൽ നവജ്യോതി പ്രൊവിൻസിൽ നിന്നും പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേഴ്സി പോളും സിസ്റ്റേഴ്സും പങ്കെടുത്തു. കുഴിക്കാട്ടുശ്ശേരിയിൽ 38 സിസ്റ്റേഴ്സ് ആദ്യവ്രതവാഗ്ദാനം ചെയ്തു. നവജ്യോതി പ്രൊവിൻസിൽ നിന്നും 13 സിസ്റ്റേഴ്സ് ആദ്യവ്രതവാഗ്ദാനം നടത്തി. ഇരിഞ്ഞാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ വിശുദ്ധ ബലിക്കും തിരുകർമ്മങ്ങൾക്കും നേതൃത്വം നൽകി .

കുഴിക്കാട്ടുശ്ശേരിയിൽ വി.മറിയം ത്രേസ്യയുടെ വിശുദ്ധ പദപ്രഖ്യാപനത്തോടനുബന്ധിച്ച് നടത്തിയ കൃതജ്ഞതാബലിയിലും തുടർന്ന് നടത്തിയ പൊതുമീറ്റിങ്ങിലും നിരവധി പിതാക്കൻമാരും വൈദീകരും രാഷ്ട്രീയ സാംസ്ക്കാരിക മേഖലകളിലെ പ്രമുഖരും സംബന്ധിച്ചു. വി. മറിയം ത്രേസ്യായുടെ വിശുദ്ധപദപ്രഖ്യാപനവുമായി ബന്ധപ്പെട്ട് കൃതജ്ഞതാസൂചകമായി തൃശ്ശൂർ അതിരൂപതയിലെ അഭി

വന്ദ്യ പിതാക്കന്മാരേയും വൈദീകരേയും വിവിധ കോൺഗ്രിഗേഷനുകളിലെ മേജർ സുപ്പീരിയേഴ്സിനേയും പ്രതിനിധികളേയും ക്ഷണിച്ച് സ്നേഹവിരുന്ന് നൽകി. നവജ്യോതി പ്രൊവിൻസിന്റേയും അതിരൂപത കെ.സി.വൈ.എംന്റേയും നേതൃത്വത്തിൽ വിവിധ ഇടവകകളെ സംയോജിപ്പിച്ച് മറിയം ത്രേസ്യ ക്വിസ് ചെമ്പൂക്കാവ് ഹോളി ഫാമിലി സ്ക്കൂളിൽ സംഘടിപ്പിച്ചു. നവജ്യോതി പ്രോവിൻസിന്റേയും അതിരൂപത സി.എൽ.സി യുടേയും ആഭിമുഖ്യത്തിൽ നടത്തുന്ന വി. മറിയം ത്രേസ്യാമ്മയുടെ തിരുശേഷിപ്പ് പ്രയാണം നവജ്യോതി പ്രോവിൻസിന്റേയും അതിരൂപത സി.എൽ.സി യുടേയും ആഭിമുഖ്യത്തിൽ ബിഷപ്പ്സ് ഹൗസിൽ നിന്ന് ആരംഭിച്ചു. വി. മറിയം ത്രേസ്യയുടെ വിശുദ്ധപദ പ്രഖ്യാപനത്തിന്റെ അതിരൂപതാതല ആഘോഷം ഡിസംബർ 1 ന് കൃതജ്ഞതാബലിയോടെ നടത്തി. അതിരൂപതാ മെത്രാപോലീത്ത അഭിവന്ദ്യ മാർ ആഡ്രൂസ് താഴത്ത് പിതാവ് കൃതജ്ഞതാബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

4. **സി.എസ്.സി.**

2019 നവംബർ 2 ന് കുരിയച്ചിറ സെന്റ് ജോസഫ്സ് ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വി. ബലിയിൽ 10 നവസന്യാസിനികളുടെ സഭാവസ്ത്രസ്വീകരണവും ആദ്യവ്രതവാഗ്ദാനവും 20 സഹോദരിമാരുടെ ഗോൾഡൻ ജൂബിലിയും നടന്നു. കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ പ്ലാറ്റിനം ജൂബിലി സമാപനപരിപാടികൾ കോലഴി മരിയ വൻ ജനറലേറ്റിൽ വച്ച് 2019 നവംബർ 19 ന് സാഘോഷം കൊണ്ടാടി. അത്യുന്നത കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പണം നടന്നു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവരും വിവിധരൂപതകളിൽ നിന്നുള്ള ജനറാളച്ചൻമാരും മറ്റ് അനേകം വൈദികരും സഹകാർമ്മികരായിരുന്നു. തുടർന്നുള്ള പൊതുസമ്മേളനത്തിൽ തൃശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷപദം അലങ്കരിക്കുകയും സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു. രാമനാഥപുരം മെത്രാൻ മാർ പോൾ ആലപ്പാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. പ്ലാറ്റിനം ജൂബിലി സുവനീർ പ്രകാശനം ചെയ്തത് സി.എം.ഐ. പ്രിയോർ ജനറൽ റവ ഫാ. പോൾ ആച്ചാണ്ടിയാണ്. കോൺഗ്രിഗേ

ഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സുപ്പീരിയർ ജനറൽ റവ. മദർ ലുസീന സ്വാഗതവും, വികർ ജനറൽ റവ. സി. ഫ്ളവർലറ്റ് നന്ദിയും പറഞ്ഞു.

**5. എസ്.എ.ബി.എസ്.**

03.11.2019മുതൽ 5.11.2019 വരെ പടവരാട് S.H. ഭവനത്തിൽ വച്ച് CRT യുടെ നേതൃത്വത്തിൽ പോസ്റ്റുലൻസിനും ആസ്പിരൻസിനും ധ്യാനം നടത്തി. നവംബർ 11 മുതൽ ആസ്പിരൻസ്, ചെന്നായ്പാറ ദിവ്യകാരുണ്യ ആശ്രമത്തിൽ Exposure Programme നടത്തി. 12.11.2019 ന് അരണാട്ടുകര ജോൺ മത്തായി സെന്ററിൽ നടന്ന ഇന്റർ നാഷണൽ സെമിനാറിൽ Sr.Blezy Rose Chiriyankandath പ്രബന്ധമവതരിപ്പിച്ചു. നവംബർ 16 ന് കുഴിക്കാട്ടുശ്ശേരിയിൽ നടന്ന വി. മറിയം ത്രേസ്യായുടെ വിശുദ്ധ പദവി പ്രഖ്യാപനത്തോടനുബന്ധിച്ചുള്ള ഭാരത സഭയുടെ കൃതജ്ഞതാബലിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയറും ടീം അംഗങ്ങളും ഉൾപ്പെടെ അറുപതോളം പേർ പങ്കെടുത്തു. Bharat Shiksha Ratan Award for Best Personalities Certificate of Excellence, തൃശ്ശൂർ നിർമ്മലമാതാ പ്രിൻസിപ്പൽ സി. ലിൻസ മരിയ പാറേക്കാടന് ലഭിച്ചു. 23.11.2019 ശനിയാഴ്ച ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രോവിൻസ് ഡേ ആഘോഷിച്ചു.

**6. സി.എസ്.എം.**

നവംബർ 5ന് മണ്ണംപേട്ട പരിശുദ്ധ അമലോത്ഭവമാതാവിന്റെ ദേവാലയത്തിൽ വച്ച് 10 സിസ്റേറഴ്സിന്റെ ഗോൾഡൻ ജൂബിലിയും 13 സിസ്റേറഴ്സിന്റെ സിൽവർ ജൂബിലിയും ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. 11– ാ0 തീയതി ഈ വർഷം ഗോൾഡൻ – സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റേറഴ്സിന് ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നല്കി. 15 ന് സ്ഥാപകപിതാവ് ബഹു. ജോൺ കിഴക്കൂടൻ അച്ചന്റെ 59–ാ0 ചരമവാർഷികത്തോടനുബന്ധിച്ച് പൊന്നൂക്കര അസംപ്ഷൻ കോൺവെന്റിൽ വച്ച് ബഹു. ഫാ. പോൾ പുളിക്കന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച റാസ കുർബാനയിൽ ധാരാളം സിസ്റേറഴ്സ് പങ്കെടുത്തു. അന്നേ ദിനം സ്ഥാപകപിതാവിനെകുറിച്ച് സിസ്റ്റേഴ്സിനായി പ്രസംഗ മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനദാനം നടത്തുകയും ബഹു. സി. പ്രീമ മാത്യു എഴുതി തയ്യാറാക്കിയ "സർവ്വശക്തന്റെ തണലിൽ" എന്ന പുസ്തകവും ബഹു. ഫാ. സിറിയക് കണിച്ചായി എഴുതിയ വി. മർത്തായുടെ മുപ്പതുനാൾ എന്ന പുസ്തകവും പ്രകാശനം ചെയ്യുകയും ചെയ്തു. 16.11.2019 ന് സ്ഥാപ

കപിതാവ് ബഹു. ജോൺ കിഴക്കൂടൻ അച്ചന്റെ 59–ാം ചരമവാർഷികത്തോടനുബന്ധിച്ച് സെന്റ് ആൻസ് പള്ളിയിൽ ഇടവകയുടെ നേതൃത്വത്തിൽ ബഹു. ഫാ. ബെന്നി കിടങ്ങന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തിയ റാസ കുർബാനയിലും സ്നേഹവിരുന്നിലും ജനറൽ പ്രൊവിൻഷ്യൽ ടീമും സിസ്റ്റേഴ്സും ഇടവകയിലെ ജനങ്ങളും പങ്കെടുത്തു.

## ആദരാഞ്ജലികൾ



**സി.എച്ച്.എഫ്.** ചേലക്കര ലിറ്റിൽ ഫ്ളവർ സഭാംഗമായ റവ.സി.ഫ്രാൻസീസ് മേരി നിര്യാതയായി. രാമനാഥപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ചേലക്കര ലിറ്റിൽ ഫ്ളവർ മഠം കപ്പേളയിൽ സംസ്ക്കാര ശുശ്രൂഷ നടത്തി.



**29.11.2019 എസ്.എ.ബി.എസ്.** പടവരാട് S.H. മഠാംഗമായ സി. ഫ്ളാവിയ നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യകാർമികത്വത്തിൽ പടവരാട് S.H. മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്ക്കരിച്ചു.

**സി. നമിത റോസ് സി.എം.സി**
സെക്രട്ടറി



# പാലയൂർ തീർഥകേന്ദ്രം

**1. ഒരു ദിവസം വിശ്വാസത്തിന്റെ തറവാട്ടിൽ**

എ.ഡി. 52 –ൽ മാർ തോമാശ്ലീഹാ ക്രൈസ്തവ വിശ്വാസത്തിന് തുടക്കം കുറിച്ച വിശ്വാസത്തിന്റെ തറവാട്ടിലേക്ക് തീർത്ഥാടകർക്ക് സ്വാഗതം. മാർ തോമാ ശ്ലീഹാ വിശ്വാസദീപം തെളിയിച്ച പാലയൂർ തീർത്ഥകേന്ദ്രത്തിൽ ഓരോ ഇടവകയിലേയും വികാരിമാരുടെ നേതൃത്വത്തിൽ പ്രാർത്ഥനാപൂർവ്വം ചിലവഴിക്കാൻ പ്രത്യേകം ക്ഷണിക്കുന്നു. രാവിലെ 10ന് തുടങ്ങുന്ന പ്രാർത്ഥനായത്നത്തിൽ ജപമാല, കുരിശിന്റെ വഴി, സ്തുതിപ്പ്, ആരാധന, വചന പ്രഘോഷണം, കുമ്പസാരം, വി. ബലി എന്നിവ ഉണ്ടായിരിക്കും. (വരുന്ന തീർത്ഥാടകർക്ക് ഭക്ഷണ സൗകര്യം ഒരുക്കുന്നതായിരിക്കും.)

**പ്രധാന സ്ഥലങ്ങൾ**

1. മാർതോമാ ശ്ലീഹ വന്നിറങ്ങിയ ബോട്ടുക്കുളം
2. മാർതോമാ ശ്ലീഹ അത്ഭുതം പ്രവർത്തിച്ച തളിയക്കുളം
3. അത്ഭുത കൽകുരിശ്
4. വിശ്വാസ കവാടം
5. മാർതോമാ പാത
6. ഭാരത ക്രൈസ്തവ ചരിത്ര മ്യൂസിയം
7. ജൂതസ്മാരക കപ്പേള
8. ലോകത്തിലെ ഏറ്റവും വലിയ മാർതോമാ ശിൽപം

**ഒരു ദിവസത്തെ തീർത്ഥാടന / ടൂർ പാക്കേജ്**

1. പാലയൂർ അതിരൂപത മാർ തോമാ ശ്ലീഹാ തീർത്ഥകേന്ദ്രം
2. നാലുമണിക്കാറ്റ് (വിനോദ കേന്ദ്രം)
3. ഗുരുവായൂർ ആനക്കോട്ട
4. ചേറ്റുവ അഴിമുഖം
5. ബ്ലാങ്ങാട് ലൈറ്റ് ഹൗസ്
6. അരിയന്നൂർ കുടകല്ലുകളും മുനിയറയും



7. ചാവക്കാട് ബീച്ച്

8. Y-Mall തൃപ്രയാർ (25 കി.മീ. പാലയൂരിൽ നിന്ന്)

**2. മാർതോമാശ്ലീഹായുടെ സപ്തദേവാലയങ്ങളിലേക്ക് തീർത്ഥാടനം**

മാർ തോമാശ്ലീഹായുടെ പാദസ്പർശമേറ്റ 7 പള്ളികളിലേക്ക് പ്രാർത്ഥനാപൂർവ്വം ഒരു തീർത്ഥയാത്ര എല്ലാമാസവും രണ്ടാമത്തെ വെള്ളിയാഴ്ച രാവിലെ 6.30ന് പാലയൂരിൽ നിന്ന് തുടങ്ങി ശനിയാഴ്ച രാത്രി 8.00ന് പാലയൂരിൽ തിരിച്ചെത്തുന്ന രീതിയിൽ നടത്തുന്നു. വി. ബലി, വചന പ്രഘോഷണം, സ്തുതിപ്പ്, ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, രോഗശാന്തി ശുശ്രൂഷ എന്നിവ ഈ യാത്രയിൽ ക്രമീകരിച്ചിരിക്കുന്നു. (2 ദിവസം: താമസസൗകര്യം ഉൾപ്പെടെ 1000 രൂപ). സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുക. ഫോൺ: 0487 2556978, 9400227044, 9447269995, 9744669652

**3. സമൂഹ മാമ്മോദീസ**

പാലയൂർ തളിയക്കുളത്തിൽ വെച്ച് 11 കുട്ടികൾ മാമ്മോദീസ സ്വീകരിച്ചു. ഡിസംബർ 15-ാം തീയ്യതി മുപ്പിട്ടു തിരുനാൾ ദിവസമാണ് സമൂഹ മാമ്മോദീസ നടന്നത്.

**4. മാർ തോമ ചൊവ്വാഴ്ച ആചരണം**

ഭാരത ക്രൈസ്തവരുടെ തറവാടായ പാലയൂർ തീർത്ഥകേന്ദ്രത്തിൽ എല്ലാ ചൊവ്വാഴ്ചയും "മാർ തോമ ചൊവ്വാഴ്ച ആചരണം" നടത്തപ്പെടുന്നു. ബഹു. വർഗ്ഗീസ് കരിപ്പേരിയച്ചന്റെ ആത്മീയ നേതൃത്വത്തിൽ ബഹു. സിന്റോ പൊന്തേക്കനച്ചൻ ചൊവ്വാഴ്ചയിലെ ശുശ്രൂഷകൾ നയിക്കുന്നു. അനേകം ദൈവജനം രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെയുള്ള ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നു. കുമ്പസാരത്തിനും കൗൺസിലിംങ്ങിനുമുള്ള സൗകര്യം അന്നേദിവസം ഉണ്ടായിരിക്കും. കൗൺസിലിംങ് ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**സമയക്രമം (രാവിലെ മുതൽ)**

| | |
|---|---|
| 9.00 ന് | മദ്ധ്യസ്ഥ പ്രാർത്ഥന |
| 9.30 ന് | ജെറീക്കാ പ്രാർത്ഥന |
| 10.00 ന് | ജപമാല |
| 10.30 ന് | വചനപ്രഘോഷണം |
| 12.00 ന് | ആഘോഷമായ ദിവ്യബലി |
| 01.00 ന് | നേർച്ച കഞ്ഞി |
| 01.30 ന് | കരുണയുടെ ജപമാല |
| 01.45 ന് | സാക്ഷ്യങ്ങൾ |
| 02.00 ന് | ദിവ്യകാരുണ്യ ആരാധന |
| 03.00 ന് | നൊവേന, തിരുശേഷിപ്പ് വന്ദനം |

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

# വിശ്വാസ പരിശീലനം

THRISSUR CATECHETICAL CENTRE

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹം നിറഞ്ഞ മക്കളേ,

ക്രിസ്തുമസ്സ് – ബൊൻ നത്താലെ ആഘോഷങ്ങൾ നിങ്ങൾക്ക് വലിയ സന്തോഷവും ആനന്ദവും പ്രദാനം ചെയ്തു എന്നു ഞാൻ വിശ്വസിക്കുന്നു. പുതുവത്സരം നന്നായിതന്നെ ആരംഭിച്ചുവല്ലോ? Well begun, half done എന്ന പഴഞ്ചൊല്ല് നിങ്ങൾ കേട്ടിട്ടില്ലേ. ദൈവകൃപയോടെ പുതുവർഷം നമുക്ക് ആരംഭിക്കാം. ജനുവരി 1 ഉണ്ണീശോയുടെ തിരുനാൾ ദിനം കൂടിയാണ്. ഈശോയുടെ കൂടെ പരിശുദ്ധാത്മാവിൽ നയിക്കപ്പെട്ട് ഈ വർഷം നിങ്ങൾക്ക് അനുഗ്രഹത്തിന്റെ വർഷമാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിൽ വി. പൗലോസ് ശ്ലീഹ പറയുന്നതുപോലെ പുതുവർഷത്തിൽ നമുക്ക് ഉണ്ടാകേണ്ട ചൈതന്യം 'തിന്മ നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുക' (എഫേ. 4:22–25) എന്നതാണ്. ഈ പുതിയ മനുഷ്യന്റെ ലക്ഷണങ്ങൾ വിശുദ്ധിയും നീതിയും നിറഞ്ഞ നവീകരിക്കപ്പെട്ട മനസ്സിന്റെ ചൈതന്യമാണ്. അതിനാൽ സത്യത്തിന്റെ വക്താക്കളാകാൻ ദൈവം നമ്മോട് ആഹ്വാനം ചെയ്യുന്നു. അത്തിമരത്തിന്റെ ഉപമയിൽ യേശു പറയുന്നതും ഇതേ സന്ദേശമാണ്. ഫലരഹിതമായ വൃക്ഷത്തെ ഒരു വർഷം കൂടി കാത്തിരിക്കാൻ തയ്യാറായതുപോലെ നമുക്ക് ഈ പുതിയ ഒരു വർഷം കൂടി ലഭിച്ചിരിക്കുന്നു (ലൂക്ക. 13:6–9). ചുവടു കിളച്ച് വളമിട്ട്, വൃക്ഷത്തെ പരിപാലിക്കുക. എന്നിട്ടും ഫലഭൂയിഷ്ഠമായില്ലെങ്കിൽ അത് വെട്ടികളഞ്ഞേക്കാം. നമുക്ക് നന്നായി ഫലം പുറപ്പെടുവിക്കാൻ കഴിയണമെങ്കിൽ യേശുവിൽ വസിക്കണം; യേശുവിൽ നിന്നും ശക്തി സംഭരിക്കണം. യേശുവാകുന്ന മുന്തിരിച്ചെടിയോട് ചേർന്ന് നില്ക്കുന്ന ശാഖയാകണം.

യേശു പറഞ്ഞു : "ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല" (യോഹ. 15:5). അതിനാൽ, പുതിയ വർഷത്തിൽ യേശുവിനോട് ചേർന്നു കൊണ്ടു മാത്രം നമുക്ക് പ്രവർത്തിക്കാം. പരി. അമ്മ ആവശ്യപ്പെടുന്നതു പോലെ യേശു പറയുന്നത് മാത്രം നമുക്കു ചെയ്യാം (യോഹ. 2:5).

പുതുവർഷത്തിൽ നമ്മുടെ പഠനങ്ങളെയും പ്രവർത്തനങ്ങളെയും നയിക്കുവാൻ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിനായി നമുക്ക് നന്നായി പ്രാർത്ഥിക്കാം. യേശു പറഞ്ഞു: "എന്റെ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിക്കുകയും ചെയ്യും" (യോഹ. 1:26).

**ജീവിത വിജയത്തിന് മൂന്നു കാര്യങ്ങൾ ആവശ്യമാണ്.**

1. ദർശനം (Vision)
2. ലക്ഷ്യബോധം (Mission)
3. പ്രതിബദ്ധത (Commitment)

യേശു ക്രിസ്തു നൽകിയ ദർശനത്തെ കുറിച്ച് വിശ്വാസ പരിശീലനത്തിലൂടെ നാം മനസ്സിലാക്കണം. അതായത് ക്രിസ്ത്യാനി കളായ നമ്മളോരോരുത്തരുടെയും തനിമയെ കുറിച്ചുള്ള ആത്മബോധം നേടുകയും ബോധ്യമുള്ള ക്രിസ്ത്യാനികളായി വളരുവാൻ നാം പരിശ്രമിക്കുകയും വേണം. പുതുവർഷത്തിൽ നാം നേടിയെടുക്കേണ്ട ലക്ഷ്യങ്ങളെ കുറിച്ച് നമുക്ക് കൃത്യമായ പദ്ധതി ഉണ്ടാകണം. ഈ ലക്ഷ്യം നേടാൻ ആവശ്യമായ കർമ്മപരിപാടികളും ടൈംടേബിളും നാം ആവിഷ്കരിക്കണം. ലക്ഷ്യം മുന്നിൽ കണ്ട് പ്രതിബദ്ധതയോടെ പ്രവർത്തിക്കുമ്പോൾ ജീവിതവിജയത്തിന് ആവശ്യമില്ലാത്ത പലതും നാം ത്യജിക്കേണ്ടി വരും. അതിനാൽ വിജയത്തിന് ആവശ്യമുള്ളത് ഏതെന്ന് മനസ്സിലാക്കി തെരഞ്ഞെടുക്കുവാനുള്ള വിവേചനബുദ്ധി നമുക്ക് ഉണ്ടാകണം. നമ്മുടെ മാതാപിതാക്കളും ഗുരുഭൂതരും ഇതിന് നമ്മെ സഹായിക്കും.

മതബോധനപരീക്ഷകളും സ്കൂൾ പരീക്ഷകളും അടുത്തു വരുന്ന അവസരത്തിൽ കൃത്യമായ ദിനചര്യകളോടു കൂടി പ്രാർത്ഥിക്കുവാനും പഠിക്കുവാനും വിശ്രമിക്കുവാനും നാം സമയം കണ്ടെത്തണം. പരി. അമ്മയുടെ മധ്യസ്ഥതയിൽ പരിശുദ്ധാത്മാവിനോട് ആലോചന ചോദിച്ച് പരീക്ഷക്ക് ഒരുങ്ങുമ്പോൾ ഈശോ തീർച്ചയായും നിങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ബോധത്തെ തെളിയിക്കുകയും ചെയ്യും. അങ്ങനെ നിങ്ങൾക്ക് നന്നായി പരീക്ഷ എഴുതാൻ സാധിക്കും.

പുതുവത്സരത്തിന്റെ എല്ലാ ആശംസകളും നേരുന്നു. നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. എനിക്കുവേണ്ടിയും പ്രാർത്ഥിക്കുമല്ലോ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കുശേഷം, ദൈവത്തിന്റെ മറ്റൊരു വലിയ സമ്മാനമായ പുതുവർഷത്തിലേക്ക് (2020) പ്രതീക്ഷാപൂർവ്വം പ്രവേശിക്കുന്നു. ദനഹായിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ. ദൈവകൃപയിൽ ആശ്രയിച്ച്, എല്ലാം കൊണ്ടും കൂടുതൽ മെച്ചമായൊരു വർഷം – അതാണല്ലൊ പുതുവർഷം കൊണ്ട് എല്ലാവരും ആഗ്രഹിക്കുന്നതും. എല്ലാം പുതുതാക്കുന്ന ദൈവത്തിലാശ്രയിച്ച് പുത്തൻ പ്രതിജ്ഞകളോടെ പുതുചൈതന്യത്തോടെ പുതുർഷത്തിൽ നമുക്ക് മുന്നേറാം.

1. **സർവ്വീസ് അവാർഡ് ദിനം – 2020 ജനുവരി 26** ഞായർ.
   സർവ്വീസ് അവാർഡിന് അർഹരായ വിശ്വാസപരിശീലകരെ വ്യക്തിപരമായി ക്ഷണിക്കുന്നതാണ്. അവരെയും അവരുടെ കുടുംബാംഗങ്ങളെയും പങ്കെടുപ്പിക്കുന്നതിന് പ്രത്യേകം യൂണിറ്റധികാരികൾ ശ്രദ്ധിക്കുമല്ലോ.

താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളും അന്ന് നല്കുന്നതായിരിക്കും.

1. Full Attendance of Teachers (10 years & above)
2. Archdiocesan Level Aptitude Examination Rank Holders
3. Advanced CTC
4. Resource Persons
5. SMCC Std. XII പ്രതിഭാസംഗമത്തിനുവേണ്ടി അതിരൂപത യിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ആറ് വിദ്യാർത്ഥികൾ
6. 2019–2020 അധ്യയനവർഷത്തിലെ ഫൊറോനതല മോഡൽ യൂണിറ്റുകൾക്കും അതിരൂപതാതല ബെസ്റ്റ് മോഡൽ യൂണിറ്റിനുമുള്ള റോളിംഗ് ട്രോഫികൾ.

**2. പ്രിൻസിപ്പൽമാർ, സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത യോഗം**

തിയതി : 2020 ഫെബ്രുവരി 2
ദിവസം : ഞായർ
സമയം : 02.30 PM
സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

എല്ലാ പ്രിൻസിപ്പൽമാരേയും സെക്രട്ടറിമാരെയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**3. Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി – ജനുവരി 27.**

**ജനുവരി 27 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കു മാത്രമെ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള രജിസ്റ്റർ നമ്പർ ലഭിക്കുകയുള്ളു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.**

**4. വാർഷിക പരീക്ഷകൾ**

2020 ഫെബ്രുവരി 9, 2PM-4PM: **Stds. X, XI & XII**
2020 ഫെബ്രുവരി 16, 2PM-4PM: **Stds. I, III, V, VII, IX & ACC** (2 PM-5PM)
2020 ഫെബ്രുവരി 23, 2PM-4PM : **Stds. II, IV, VI & VIII**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

**5. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ച് :**

1. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം

പുസ്തകരൂപത്തിലുള്ള **Question & Answer Book** വിശ്വാസ പരിശീലന കേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.

2. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും ചെല്ലേണ്ട യൂണിറ്റിലേയും പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.
3. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.
4. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research -ന്റെ തീരുമാനപ്രകാരവും മേൽനോട്ടത്തിലുമാണ്.
5. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്. (തിയ്യതികൾ താഴെ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 09.30 am – 04.30 pm)

**6. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം**

താഴെ പറയുന്ന തിയ്യതികളിൽ DBCLC-യിൽ നടത്തുന്നു.

Std. XII : 2020 ഫെബ്രുവരി 29, മാർച്ച് 1 ശനി, ഞായർ

ACC : 2020 ഫെബ്രുവരി 29, മാർച്ച് 1, 7, 8 (ശനി, ഞായർ ദിവസങ്ങൾ)

**7. സ്കൂൾ കാറ്റക്കിസം & സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷകൾ**

(സ്കൂൾ കാറ്റക്കിസം Std. I - X & മോറൽ സയൻസ് Std. I - XII)

തിയതി : **2020 ജനുവരി 03 വെള്ളി**

രാവിലെ (രണ്ടു മണിക്കൂർ) : Stds. I, III, V, VII, IX, XI

ഉച്ചകഴിഞ്ഞ് (രണ്ടു മണിക്കൂർ) : Stds. II, IV, VI, VIII, X, XII

**NB.**

1. ചോദ്യപേപ്പറുകൾ ഡിസംബർ 31, ജനുവരി 1, 2 തിയ്യതികളിൽ സ്കൂളധികാരികൾക്ക് വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും വാങ്ങാവുന്നതാണ്.
2. മോറൽ സയൻസ് വാർഷിക പരീക്ഷകൾ, കെ. സി. ബി. സി.യുടെ വിദ്യാഭ്യാസ കമ്മീഷൻ നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച്

**നിശ്ചയിച്ചിട്ടുള്ള തിയതിയിലും സമയത്തും** തന്നെ എല്ലാ സ്കൂളുകളിലും നടത്തേണ്ടതാണ്.

3. മോറൽ സയൻസ് വാർഷിക പരീക്ഷയുടെ ചോദ്യങ്ങൾ ഒരു വർഷത്തെ മുഴുവൻ സിലബസ്സിൽ നിന്നും ആയിരിക്കും.
4. സ്കൂൾ കാറ്റക്കിസം വാർഷിക പരീക്ഷയ്ക്ക് Second Termലെ പാഠഭാഗത്തിൽ നിന്നുമാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

**8. സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ**

**തിയതി : 2020 ഫെബ്രുവരി 01 ശനി** 10 AM – 12 Noon

IV, VII, X, XII ക്ലാസുകളിലെ മോറൽ സയൻസ് കുട്ടികൾക്കായി കെ. സി. ബി. സി.യുടെ വിദ്യാഭ്യാസ കമ്മീഷനാണ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്. ഇത് സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷയാണ്.

മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ വാർഷിക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും (എത്ര ഡിവിഷൻ ഉണ്ടായാലും) 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരുവിവരം നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി 2020 ജനുവരി 10–നു മുമ്പ് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ വിശ്വാസപരിശീലനകേന്ദ്രം നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ചു നടത്തുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാനതലത്തിൽ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 3,000/–, 2000/–, 1,500/– രൂപ വീതവും X, XII ക്ലാസുകളിൽ 1, 2, 3 സമ്മാനങ്ങൾ കൂടാതെ 90% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് 1,000/– രൂപയും സർട്ടിഫിക്കറ്റും കെ. സി. ബി. സി.യുടെ വിദ്യാഭ്യാസ കമ്മീഷൻ പ്രോത്സാഹനസമ്മാനമായി നൽകുന്നതാണ്.

1) സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ മുൻ വർഷത്തേതുപോലെ ഒറ്റ വാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും.
2) IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും.
3) 5 മാർക്കിന്റെ ചോദ്യങ്ങൾ പൊതുചോദ്യങ്ങളായിരിക്കും
4). കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷാഫലം അടിസ്ഥാനമാക്കിയാണ് അതിരൂപതാടിസ്ഥാനത്തിൽ സ്കോളർഷിപ്പ് സമ്മാനങ്ങൾ നൽകുന്നത്.

**9. സ്കൂൾ കാറ്റക്കിസം സ്കോളർഷിപ്പ് പരീക്ഷ**

**തിയതി : 2020 ഫെബ്രുവരി 01 ശനി** 10 AM – 12 Noon

1) സ്കൂൾ കാറ്റക്കിസം IV, VII, X ക്ലാസ്സുകൾക്ക് അതിരൂപതാവിശ്വാസ

പരിശീലനകേന്ദ്രമാണ്  സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുന്നത്.

2) മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ ഓരോ സ്കൂളിൽ നിന്നും (എത്ര ഡിവിഷൻ ഉണ്ടായാലും) 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർ (അർദ്ധവാർഷികപരീക്ഷയിലും വാർഷികപരീക്ഷയിലും കൂടി അവർക്ക് 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ഉണ്ടെങ്കിൽ മാത്രം), ആണ് സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരാവുന്നത്. ഇവരുടെ ലിസ്റ്റ് 2020 ജനുവരി 10 നു മുമ്പ് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ് (Scheme of Work കാണുക)

3) അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നല്കുന്ന ചോദ്യപേപ്പറുകൾ ഉപയോഗിച്ച് നിശ്ചിതസമയത്തുതന്നെ സ്കൂളുകളിൽ നടത്തിയ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

## 10. School Catechism & Moral Science Scholarship Examination Centres

| | | |
|---|---|---|
| 1. Eravu | - | St. Joseph's Eng. HSS |
| 2. Mammiyur | - | Little Flower CGHSS |
| 3. Ollur | - | St. Mary's CGHS |
| 4. Palakkal | - | Aided LPS |
| 5. Thrissur | - | Basilica, Mathanikethan |
| 6. Wadakkanchery | - | St. Pius X CUPS |

**പുതുവൽസരാശംകളോടെ**

സസ്നേഹം,

Fr. Tens Kunnappilly
Fr. Rijo Vithayathil
Fr. Royson Kollannur
Fr. Justin Poozhikkunnel
Asst. Directors

Fr. Raphael Akkamattathil
Director

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. Award Day:**

B.A. തിയോളജി കോഴ്സും, കറസ്പോണ്ടൻസ് തിയോളജി കോഴ്സും, Six Month തിയോളജി കോഴ്സും പൂർത്തിയാക്കി ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കോഴ്സ് പൂർത്തിയാക്കിയവരുടെ Certificates 2020 ജനുവരി 26–ാം തിയ്യതി ഡി. ബി. സി. എൽ. സി.–യിൽ നടക്കുന്ന Award Day Programme ൽ വിതരണം ചെയ്യുന്നതായിരിക്കും.

**2. B.A. in Theology and Religious Studies:**

ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office-മായി ബന്ധപ്പെടുക.

**3. Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സ് ജനുവരി 12 ഞായറാഴ്ച രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

**4. Basic Theology Course :**

സന്യാസാർത്ഥിനികൾക്കുള്ള Three Month ബേസിക് തിയോളജി കോഴ്സ് 2020 ജനുവരി 7–ന് (ചൊവ്വ) ആരംഭിക്കുന്നു. അർത്ഥിനികളെ ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് സന്യാസാധികാരികൾ ശ്രദ്ധിക്കുമല്ലോ.

പുതുവത്സരാശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

**1. സ്നേഹോത്സവം 2019**

ഇടവകകളുടെ ആത്മീയനവീകരണവും വൈദികവിദ്യാർത്ഥികളുടെ അജപാലനപരിശീലനവും ലക്ഷ്യം വയ്ക്കുന്ന സ്നേഹോത്സവം ഡിസംബർ 1 മുതൽ 6 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പഴുവിൽ, മുളയം എന്നീ ഇടവകകളിൽ സംഘടിപ്പിച്ചു. സെമിനാരിയിലെ വൈദി കരും വൈദികവിദ്യാർഥികളും രണ്ട് ഗ്രൂപ്പുകളായി മേൽ പറഞ്ഞ രണ്ട് ഇടവകകളിൽ ഒരാഴ്ച കാലം ശുശ്രൂഷ ചെയ്തു. ബഹുമാന പ്പെട്ട ബിൽജു വാഴപ്പിള്ളിയച്ചനും ബഹുമാനപ്പെട്ട സൈജോ തൈക്കാട്ടിലച്ചനുമാണ് ഈ വർഷത്തെ സ്നേഹോത്സവം ഭംഗിയായി ക്രമീകരിച്ചത്.

**2. പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുന്നാൾ**

സെമിനാരിയുടെ മധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ അമലോത്ഭ വതിരുന്നാളാഘോഷം ഡിസംബർ 7–ാം തിയ്യതി വേസ്പരയോടുകൂടി ആരംഭിച്ചു. ബഹുമാനപ്പെട്ട ഫാ. റോയ് മൂക്കൻ കാർമ്മികത്വം വഹിച്ച വേസ്പര മദ്ധ്യേ ബഹുമാനപ്പെട്ട ഫാ. മൈക്കിൾ കാരിമറ്റം വചന സന്ദേശം നല്കി. തിരുനാൾ ദിനമായ ഡിസംബർ 8–ാം തിയ്യതി ബ ഹുമാനപ്പെട്ട ഫാ. ചാക്കോ നടക്കവേലിയിലാണ് ആഘോഷമായ ദിവ്യബലി അർപ്പിച്ചത്. അന്ന് വൈകീട്ട് മാർ ജേക്കബ് തൂങ്കുഴി മെത്രാ പ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടന്ന ദിവ്യകാരുണ്യപ്രദക്ഷി ണത്തിൽ സെമിനാരി കുടുംബം പ്രാർത്ഥനാപൂർവ്വം സംബന്ധിച്ചു.

**3. ബഹുമാനപ്പെട്ട ഡീക്കന്മാരുടെ ധ്യാനം**

ഈ അദ്ധ്യയനവർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഡീക്കന്മാരുടെ ധ്യാനം ഡിസംബർ 3–ാം തിയ്യതി മുതൽ 13 ഉൾപ്പടെ യുള്ള ദിവസങ്ങളിൽ ഇല്ലിത്തോടുള്ള **സന്നിധാനം** എന്ന MCBS ധ്യാനഭവനത്തിലായിരുന്നു നടന്നത്. ബഹുമാനപ്പെട്ട ഫാ. കുര്യൻ പുരമഠം നയിച്ച ധ്യാനം ബഹുമാനപ്പെട്ട ഡീക്കനമാർക്ക് തിരുപ്പട്ട സ്വീകരണത്തിനുമുമ്പുള്ള നല്ല ആത്മീയ ഒരുക്കമായി അനുഭവപ്പെട്ടു.

**4. മാസധ്യാനം**

2019 ലെ അവസാന മാസധ്യാനം ഡിസംബർ 19, 20 എന്നീ തിയ്യതികളിലായിരുന്നു. ബഹുമാനപ്പെട്ട ഫ്രീജോ പാറക്കലച്ചന്റെ ധ്യാനവിചിന്തനങ്ങൾ ക്രിസ്തുമസിനെയും പൗരോഹിത്യജീവിതത്തെയും കുറിച്ചുള്ള ആഴമേറിയ ഉൾക്കാഴ്ചകൾ സമ്മാനിച്ചു.

**5. ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 20–ാം തിയ്യതി വൈകീട്ട് സെമിനാരി കുടുംബം ക്രിസ്തുമസ് ആഘോഷിച്ചു. പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ക്രിസ്തുമസ് പ്രഭാഷണവും ആഘോഷങ്ങളെ അർത്ഥപൂർണ്ണമാക്കി. ഓരോരുത്തരും തങ്ങളുടെ ക്രിസ്തുമസ് സുഹൃത്തിന് സമ്മാനങ്ങൾ കൈമാറി ആശംസകൾ നേർന്നു. അടുത്ത ദിവസം ക്രിസ്തുമസ് അവധിക്കായി എല്ലാവരും സ്വഭവനങ്ങളിലേക്ക് യാത്രയായി.

**6. ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീ. പി. വി. ജോസ്, പൂവത്തുക്കാരൻ ഹൗസ്, ചെങ്ങാലൂർ.
2. സെന്റ് ആന്റണീസ് ഫൊറോന പള്ളി, പഴുവിൽ.

**Benefactor Membership**

1. ശ്രീ. സജു ലൂവിസ് എം., മാറോക്കി ഹൗസ്, മരത്താക്കര.
2. ശ്രീ. സി. ഡി. ജോസ്, വിസ്ഡം പാർക്ക്, പിമ്പിരി, പൂന.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# മൈനർ സെമിനാരി

**1. ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

2019 നവംബർ 16, 13, 30 എന്നീ തിയ്യതികളിൽ യഥാക്രമം 8,9,10 എന്നീ ക്ലാസ്സുകളിലെ ആൺകുട്ടികൾക്ക് വേണ്ടിയുള്ള സെമിനാറുകൾ തൃശ്ശൂർ മൈനർ സെമിനാരിയിൽ വച്ച് നടന്നു. റവ. ഫാ. സാജൻ മാറോക്കി, റവ. ഫാ. പോൾ മാളിയമ്മാവ്, റവ. ഫാ. പ്രദീപ് മാപ്രാണത്തുകാരൻ എന്നിവർ സെമിനാറുകൾക്ക് നേതൃത്വം കൊടുത്തു.

2. **ആരാധന ദിനം**

നവംബർ 24–ാം തിയ്യതി ക്രിസ്തു രാജത്വത്തിരുന്നാൾ ദിനം സെമിനാരി കുടുംബം ആരാധനദിനമായി ആചരിച്ചു. ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ആരാധനയുടെ അവസാനമണിക്കൂറിൽ സെമിനാരിക്കാരുടെ മാതാപിതാക്കളും പങ്കെടുത്തിരുന്നു.

3. **അഭിവന്ദ്യപിതാവിന്റെ നാമഹേതുക തിരുന്നാൾ**

നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് നവംബർ 29 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. സെമിനാരി കുടുംബം അഭിവന്ദ്യപിതാവിന് പ്രാർത്ഥനാശംസകൾ നേർന്നു.

4. **മാസധ്യാനം**

ഡിസംബർ 6,7, തിയതികളിൽ റവ. ഡോ. ബിജു ഞാഞ്ഞിലത്ത് മൈനർസെമിനാരി വിദ്യാർത്ഥികൾക്ക് മാസധ്യാന ചിന്തകൾ നല്കി. ഡിഗ്രി വിദ്യാർത്ഥികൾക്ക് ആബാ റിന്യൂവൽ സെന്ററിൽ ഡിസംബർ 6 മുതൽ 8 വരെയുള്ള തിയതികളിൽ റവ. ഫാ. സജീവ് ഇമ്മട്ടിയുടെ നേതൃത്വത്തിൽ മാസധ്യാനം നടത്തുകയുണ്ടായി.

5. **പരി. അമലോത്ഭവമാതാവിന്റെ തിരുനാൾ**

സെമിനാരി കുടുംബത്തിന്റെ മധ്യസ്ഥയായ പരി. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസം രാവിലെ ബഹു. റെക്ടറച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി. വൈകീട്ട് ഭക്തിനിർഭരമായ ജപമാല നടത്തി പരി. അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചു. അതിനുശേഷം പരി. കുർബ്ബാനയുടെ ആശീർവ്വാദവും ഉണ്ടായിരുന്നു.

6. **അഭിവന്ദ്യ പിതാക്കന്മാരുടെ ജന്മദിനാഘോഷം ദിവ്യബലിയർപ്പണങ്ങൾ**

ഡിസംബർ 9–ാം തിയ്യതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി. ഡിസംബർ 13–ന് നവതി ആഘോഷിച്ച അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിനും 69–ാം ജന്മദിനമാഘോഷിച്ച മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും വേണ്ടി സെമിനാരികുടുംബം പ്രത്യകമായി പ്രാർത്ഥിച്ചു. ഡിസം. 11–ാം തിയ്യതി മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും ഡിസം. 12–ാം തിയ്യതി മാർ ആൻഡ്രൂസ് താഴത്ത് പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു. സെമിനാരികുടുംബം അഭിവന്ദ്യപിതാക്കന്മാർക്ക് ആശംസകളർപ്പിക്കുകയും ചെയ്തു.

7. **ക്രിസ്തുമസ് ആഘോഷം**

മൈനർ സെമിനാരിയിലെ ക്രിസ്തുമസ് ആഘോഷം ഡിസം. 20–ാം

തിയ്യതി നടന്നു. വൈകീട്ട് അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവ് ആഘോഷപരിപാടികളിൽ പങ്കെടുത്ത് ക്രിസ്തുമസ് സന്ദേശം നല്കി.

**8. പരീക്ഷകൾ അവധിക്കാലം**

സെക്കന്റ് ടേമിലെ പരീക്ഷകൾ ഡിസം. 7–20 വരെയുള്ള ദിവസങ്ങളിലായിരുന്നു. ഡിസം 21 മുതൽ 2020 ജനുവരി 1 വരെയാണ് ക്രിസ്തുമസ് അവധി.

**9. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. എ. ഒ. തോമാസ്, അരിമ്പൂർ വെറങ്ങൻ ഹൗസ്, കണ്ടശ്ശാംകടവ്.
2. ശ്രീ. ആന്റോ പോൾ, കെടങ്ങൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ
3. ശ്രീമതി ലൂസി പോൾ, മുക്കൻ ഹൗസ്, കുരിയച്ചിറ
4. റവ. ഫാ. ജോൺ പോൾ തൈക്കാടൻ, തൃശ്ശൂർ അതിരൂപത
5. ശ്രീ. ടി. ജെ. ജോർജ്ജ്, തുടിയാപ്ലാക്കൽ ഹൗസ്, വരാക്കര
6. ശ്രീമതി ടി. എൽ. റോസിലി, തരകൻ ഹൗസ്, കൂനംമ്മൂച്ചി.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. ജൂബിലി ആയുർവ്വേദ ഒ.പി. ഉദ്ഘാടനം**

ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ ചേറൂർ ക്യാമ്പസിൽ ഒ. പി. ഉദ്ഘാടനം ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രി ശ്രീ. വി. എസ്. സുനിൽകുമാർ നിർവ്വഹിച്ചു. ഇതിനോടനുബന്ധിച്ചുള്ള മെഡിക്കൽ ക്യാമ്പ്, സംഗീത സംവിധായകൻ ശ്രീ. ഔസേപ്പച്ചൻ നിർവ്വഹിച്ചു. 150–ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു. മുൻകൂട്ടി രജിസ്റ്റർ ചെയ്ത എല്ലാവർക്കും മരുന്നുകൾ സൗജന്യമായി നൽകി.

ഞായറും, ചൊവ്വയും ഒഴിച്ച് ബാക്കി എല്ലാ ദിവസങ്ങളിലും രാവിലെ 10 മുതൽ 2 വരെ ഒ.പി.കൾ പ്രവർത്തിക്കുന്നതാണ്. ആശുപത്രി ഫാർമസിയിൽ നിന്ന് വാങ്ങുന്ന മരുന്നുകൾക്ക് ഡിസ്ക്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്.

**2. നൈറ്റിൻഗേൽസ് മീറ്റ് 2019**

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ഓഡിറ്റോറിയത്തിൽ വെച്ച് നൈറ്റിൻഗേൽസ് മീറ്റ് 2019 മനോഹരമായി നടത്തി. തൃശ്ശൂർ അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. നേഴ്സുമാർ ദൈവത്തിന്റെ ശുശ്രൂഷകരായി പ്രത്യാശയുടെ പ്രതീകങ്ങളായി വർത്തിക്കണം എന്ന് പിതാവ് ഓർമ്മപ്പെടുത്തി. സമ്മേളനത്തിൽ 500 ഓളം പേർ പങ്കെടുത്തു. തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയും തുർന്ന് ബഹു. റോയ് കണ്ണൻചിറ CMI അച്ചൻ സെമിനാറും നടത്തി. “ദൈവത്തിന്റെ ശരീരഭാഷ സ്വന്തമാക്കി വേണം ഓരോ നേഴ്സും തങ്ങളുടെ ആതുരശുശ്രൂഷരംഗത്ത് സേവനമനുഷ്ഠിക്കേണ്ടത്” എന്നാണ് അച്ചൻ ഊന്നിപ്പറഞ്ഞത്. വിവിധ ആതുരാലയങ്ങളിൽ നിന്നുള്ള കലാപരിപാടികൾ നടന്നു. അതിരൂപതയിലെ മികച്ച പഠനം കാഴ്ച്ചവെച്ച നേഴ്സിങ്ങ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. വിവിധ മത്സരങ്ങളിൽ സമ്മാനർഹരായവരെ അഭിനന്ദിച്ചു. സമർപ്പണജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മുൻ CNGAT പ്രസിഡന്റ് സി. ദെപ്പാസിയെ ആദരിച്ചു.

**3. ശസ്ത്രക്രിയ വിഭാഗത്തിന്റെ ശില്പശാല**

അടിയന്തിര ചികിത്സയും ശസ്ത്രക്രിയയും വേണ്ടിവരുന്ന ഉദരരോഗങ്ങളെ പറ്റിയുള്ള ശില്പശാല നവംബർ 23 മുതൽ 24 വരെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്നു. പ്രമുഖ സർജൻ ആയിരുന്ന ഡോ. എം.എൽ. ദത്തന്റെ സ്മരണക്കായി വർഷം തോറും നടത്തുന്ന ശില്പശാലയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ശസ്ത്രക്രിയ വിദഗ്ധരും പി. ജി. ഡോക്ടർമാരും പങ്കെടുത്തു.

**4. എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ ഗവേഷണം**

തിരുവനന്തപുരത്തു നടന്ന വിദ്യാർത്ഥികളുടെ വൈദ്യഗവേഷണം 2019, ദേശീയ കോൺഫറൻസിൽ വച്ച് നടത്തിയ പേപ്പർ പ്രസന്റേഷനിൽ എം.ബി.ബി.എസ്. 15–ാം ബാച്ചിലെ മീനാക്ഷി കുമാർ, ലിസ് അലക്സ്, മേഘ്ന മെർലിൻ,

മേരി ആൻ, മരിയ തോമസ്, മെർലിൻ മാർട്ടിൻ എന്നിവർ ബെസ്റ്റ് പേപ്പറിനുള്ള സമ്മാനം നേടി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ തൃശ്ശൂരിൽ ഉള്ള ഡെങ്കു കേസുകളുടെ GIS മാപ്പിംഗ് ആയിരുന്നു ഗവേഷണ വിഷയം.

**5. ചിൽഡ്രൻസ് ഡേ ദിനാചരണം**

ശിശുദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിലെ സൈക്യാട്രി വിഭാഗവും ക്ലിനിക്കൽ സൈക്കോളജി വിഭാഗവും സംയുക്തമായി അരണാട്ടുകര ഇൻഫന്റ് ജീസസ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് പരിപാടികൾ സംഘടിപ്പിച്ചു. സെൽഫി യുഗം എന്നത് ആശയമാക്കി കുട്ടികൾക്ക് ചിത്രരചനാ മത്സരവും മാതാപിതാക്കൾക്ക് കൗമാരപ്രശ്നങ്ങളെക്കുറിച്ച് ഒരു സെമിനാറും സംഘടിപ്പിച്ചു.

**6. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

പഞ്ചാബ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ജലന്ധറിൽ വച്ച് നടന്ന ട്രാൻസ്കോൺ – 2019 ട്രാൻസ്ഫ്യൂഷൻ മെഡിസിൻ നാഷണൽ കോൺഫറൻസിലെ പി. ജി. ക്വിസ് മത്സരത്തിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥികൾ ഡോ. ജെനി എലിസബത്ത് ജോർജ്ജും, ഡോ. ജോസഫ് ചാണ്ടിയും മൂന്നാം സ്ഥാനം നേടി.

മെഡിസിൻ വിഭാഗത്തിലെ പ്രൊഫസർ ഡോ. ബാബുരാജ് പി, പ്രൊഫസർ ഡോ. ജി. കെ. വാരിയർ മെമ്മോറിയൽ ഒറേഷൻ അവാർഡിന് അർഹനായി.

എമർജൻസി വിഭാഗത്തിലെ സീനിയർ റസിഡന്റ് ഡോ. അനൂപ് ജെയിംസ് ജോർജ്ജ് ദുബായിൽ നടന്ന ലോക അക്കാദമിക് കോൺഗ്രസ് ഓഫ് മെഡിസിൻ 2019, പോസ്റ്റർ മത്സരത്തിൽ ബെസ്റ്റ് പോസ്റ്ററിനുള്ള സമ്മാനം നേടി.

ഫെഡറേഷൻ ഓഫ് ഒബ്സ്ട്രറ്റിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റീസ് ഓഫ് ഇന്ത്യ 2019 ലെ അവാർഡുകൾ വിതരണം ചെയ്തു. ഡോ. അശ്വത്കുമാർ പ്രൈഡ് ഓഫ് അവാർഡും, ഡോ. ബിന്ദു. എം., ഡോ. നീത ജോർജ്ജ് എന്നിവർ വണ്ടർ FOGSIAN അവാർഡും, ഡോ. രേഷ്മ ജോയ് യുവതുർക്കി അവാർഡും കരസ്ഥമാക്കി.

**7. ഡയാലിസിസിന് സംഭാവന നൽകിയവർ**

- പ്രൊവിൻഷ്യൽ സുപ്പീരിയർ, എഫ്. സി. സി, അസ്സീസി പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ (100 ഡയാലിലിസ്)
- സെന്റ് മേരീസ് ചർച്ച്, മഡോണ നഗർ, തൃശ്ശൂർ (92 ഡയാലിസിസ്)

- ശ്രീ. ടി.പി. പോളി, തോട്ടാൻ ഹൗസ്, നെല്ലായി, തൃശ്ശൂർ (35 ഡയാലിസിസ്)
- കാണിക്കമാത ചർച്ച്, പനമുക്ക്, തൃശ്ശൂർ (100 ഡയാലിസിസ്)
- സുപ്പീരിയർ ജനറൽ, മരിയഭവൻ ജനറലേറ്റ്, കോലഴി, തൃശ്ശൂർ (285 ഡയാലിസിസ്)
- ശ്രീമതി മേരി ഫ്രാൻസിസ് ടി, ഓൾഡ് സ്റ്റുഡന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (14 ഡയാലിസിസ്)

8. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി ശോഭന എൻ. കെ, രാജഭവൻ ഹൗസ്കീപ്പിങ്ങ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ശ്രീ. വർഗ്ഗീസ് സി. എ, ചിറയത്ത് കോനിക്കര ഹൗസ്, മുക്കാട്ടുകര, തൃശ്ശൂർ
- ശ്രീ. ജോസഫ് വി. സി, വാഴപ്പിള്ളി ഹൗസ്, തൊഴിയൂർ, തൃശ്ശൂർ
- ശ്രീ. ജെസ്വിൻ ലൂവിസ്, സംഗീതം, ബാംഗ്ലൂർ
- ശ്രീ. ജോസഫ് എം. കെ, മണിക്കുറ്റിയിൽ ഹൗസ്, മൈലിപ്പാടം, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ബ്ലഡ് ഡൊണേഷൻ ക്യാമ്പ്:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ബ്ലഡ് ഡൊണേഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് ബ്ലഡ് ഡൊണേഷൻ ക്യാമ്പ് നടത്തി.
2. **ഏകദിന വർക്ക്ഷോപ്പ്:** സിവിൽ എഞ്ചിനീയറിങ്ങ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ലാററക്സ് ആന്റ് ടെക്നിക്കൽ റൈററിങ്ങ് എന്ന വിഷയത്തിൽ ഒരു ഏകദിന വർക്ക്ഷോപ്പ് നടത്തി.
3. **പെൺകുട്ടികളിലെ ആരോഗ്യപ്രശ്നങ്ങൾ – സെമിനാർ:**

വുമൺസ് ഡെവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ ഋതു എന്ന പേരിൽ സെമിനാർ നടത്തി. പെൺകുട്ടികളിലെ ആരോഗ്യപ്രശ്നങ്ങളെ കുറിച്ചുള്ള ഈ സെമിനാർ കോളേജ് ക്യാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ ഉദ്ഘാടനം ചെയ്തു. ചെറുതുരുത്തി പി.എൻ.എൻ.എം. ആയുർവ്വേദ മെഡിക്കൽ കോളേജുമായി സഹകരിച്ചാണ് സെമിനാർ നടത്തിയത്.

4. **സാങ്കേതിക സംവാദം**: ഇന്ത്യയുടെ ദാരിദ്ര്യം, വെല്ലുവിളികളും, വൈകല്യങ്ങളും ഇന്ത്യയുടെ ദാരിദ്ര്യം – വെല്ലുവിളികളും, നയവൈകല്യങ്ങളും എന്ന വിഷയത്തിൽ തൃശൂരിൽ സാങ്കേതിക സംവാദം നടത്തി. തൃശൂർ പ്രസ് ക്ലബ്ബ് ഓഡിറേറാറിയത്തിൽ വെച്ച് നടന്ന സാങ്കേതിക സംവാദം കോളേജ് മാനേജർ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു.
   കാലിക്കററ് യൂണിവേഴ്സിററി എക്കണോമിക്സ് വിഭാഗം മുൻ മേധാവി ഡോ. കെ.പി. മാണി വിഷയാവതരണം നടത്തി. ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജ് എക്കണോമിക്സ് വിഭാഗം മേധാവി ഡോ. ചാക്കോ ജോസ് പി., ദാരിദ്ര്യവും, ദാരിദ്ര്യരേഖകളുമായി ബന്ധപ്പെട്ട കണക്കുകൾ അവതരിപ്പിച്ചു. കിലയിലെ ഡോ. പീററർ എം. രാജ്, സാധാരണക്കാരും, ഗവൺമെന്റും എടുക്കേണ്ട മുൻകരുതലുകളും, നടപടിക്രമങ്ങളെക്കുറിച്ചും സംസാരിച്ചു.
   ക്യാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ, അക്കാദമിക് ഡയറക്ടർ റവ. ഡോ. ജോസ് കണ്ണംമ്പുഴ, പ്രിൻസിപ്പൾ റവ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ, തൃശൂർ പ്രസ്സ് ക്ലബ്ബ് സെക്രട്ടറി വിനീത എം.വി., റിസർച്ച് ഡയറക്ടർ റവ. ഡോ. സിസ്ററർ റോസ് അനിത തുടങ്ങിയവർ പ്രസംഗിച്ചു.
5. **അദ്ധ്യാപകർക്ക് മോട്ടിവേഷൻ ക്ലാസ്സ്**: ജ്യോതിയിലെ അദ്ധ്യാപകർക്കായി അക്കാദമിക് ഡയറക്ടർ റവ. ഡോ. ജോസ് കണ്ണംമ്പുഴയുടെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസ്സുകൾ നടത്തി.
6. **വർക്ക്ഷോപ്പ്**: കെ.ടി.യു നിബന്ധനകൾക്കനുസരിച്ചുള്ള ഇൻവിജിലേഷൻ, വാല്യുവേഷൻ തുടങ്ങിയ ചട്ടങ്ങളെ ക്കുറിച്ചുള്ള ഏകദിന സെമിനാറിൽ പ്രിൻസിപ്പൾ റവ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സിഎം.ഐ ക്ലാസ്സെടുത്തു.
7. **അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി** (FDP): സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള അദ്ധ്യാപകർക്കായി പരിശീലന പരിപാടി നടത്തി. അററകുററപണികളും, പുനരുദ്ധാരണവും നിർമ്മാണ മേഖലയിൽ (Repair and Rehabilitation of Structures) എന്ന വിഷയ

ത്തിൽ കേരള ടെക്നിക്കൽ യൂണിവേഴ്സിററിയുമായി ചേർന്ന് ഒരാഴ്ച നീണ്ടുനിന്ന പരിശീലന പരിപാടി കോഴിക്കോട് എൻ.ഐ.ടി. റിട്ട. പ്രൊഫ. എൻ. ഗണേശൻ ഉദ്ഘാടനം ചെയ്തു. അക്കാദമിക് ഡയറക്ടർ റവ. ഡോ. ജോസ് കണ്ണംമ്പുഴ അദ്ധ്യക്ഷത വഹിച്ചു.
ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിലും, കെ.ടി.യുമായി ചേർന്ന് ഒരാഴ്ച നീണ്ടുനിന്ന പരിശീലന പരിപാടി ബാംഗ്ലൂർ ബി.എം.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രൊഫ & ഡീൻ, ഡോ. എച്ച്. എസ്. ഗുരുപ്രസാദ് ഉദ്ഘാടനം ചെയ്തു. മോഡേൺ AICTE കരിക്കുലം ബെയ്സ്ഡ് എഞ്ചിനീയറിംഗ് എഡ്യുക്കേഷൻ എന്ന വിഷയത്തിലാണ് പരിശീലന പരിപാടി നടത്തിയത്.

8. അകഇാ്ള **പരിശീലന പരിപാടി**: ഇലക്ട്രോണിക് ആന്റ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ രണ്ടാഴ്ച നീണ്ടുനിന്ന അദ്ധ്യാപക പരിശീലന പരിപാടി ഡോ. അച്ചുത് ശങ്കർ എസ്. നായർ (കേരള യൂണിവേഴ്സിററി കാര്യവട്ടം) ഉദ്ഘാടനം ചെയ്തു. വയർലെസ് കമ്മ്യൂണിക്കേഷൻ നെററ് വർക്ക്സ് ആന്റ് സിഗ്നൽ പ്രോസസിംഗ് എന്ന വിഷയത്തിലാണ് പരിശീലന പരിപാടി.

**ഫാ. റോയ് ജോസഫ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ തോമസ് കാക്കശ്ശേരി**
മാനേജർ




# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

1. **ശതാബ്ദി സമാപിച്ചു**

100 തികഞ്ഞ ഈ അക്ഷരമുത്തശ്ശിയുടെ ശതാബ്ദി സമാപനാഘോഷങ്ങൾ 14/11/19 ന് നടത്തപ്പെട്ടു. സത്യപ്രയാൺ ആഘോഷങ്ങൾ ഒരു വർഷം നീണ്ടു നിന്നു. രാഷ്ട്രപതി ഉദ്ഘാടനം ചെയ്ത ആഘോഷപരിപാടികളുടെ സമാപന സമ്മേളനം സി.ബി.സി.ഐ

പ്രസിഡന്റ് മുംബൈ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടനം ചെയ്തു. കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ, എം.പി. ടി. എൻ പ്രതാപൻ, കൗൺസിലർ കെ. മഹേഷ്, മാനേജർ. മാർ ടോണി നീലങ്കാവിൽ, മുൻ മാനേജർ മാർ റാഫേൽ തട്ടിൽ, എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കുത്തൂർ, പ്രിൻസിപ്പാൾ ഡോ. ജോയ് കെ. എൽ. എന്നിവർ ശതാബ്ദി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

2. **സെന്റ് തോമാസ് ഫാമിലി മീറ്റ്**

14/11/19 ന് സെന്റ് തോമാസ് കോളേജ് കുടുംബങ്ങളുടെ സംഗമം വൈകിട്ട് വിവിധ കലാപരിപാടികളോടെ നടത്തപ്പെട്ടു. കുടുംബ സംഗമം മാനേജർ മാർ ടോണി നീലങ്കാവിൽ ഉത്ഘാടനം ചെയ്തു.

3. **മിഴിവ് 2019**

ഈ വർഷത്തെ ഫൈൻ ആർട്ട്സ് ഫെസ്റ്റിന്റെ സ്റ്റേജ് ഇതര മത്സരങ്ങളുടെ ഉദ്ഘാടനം എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കുത്തൂരും, സ്റ്റേജ് മത്സരങ്ങളുടെ ഉദ്ഘാടനം പ്രശസ്ത സിനിമാ സംവിധായകൻ ജിബി ജോർജും നിർവ്വഹിച്ചു. നാടൻ പാട്ട് കലാകാരൻമാരെ ആദരിച്ചു. നാലു ദിവസം നീണ്ടു നിന്ന കലാ മത്സരത്തിൽ കൊമേഴ്സ് വിഭാഗം ഒന്നാം സ്ഥാനവും, മാത്തമാറ്റിക്സ് വിഭാഗം രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

4. **ധാരണാപത്രം ഒപ്പുവെച്ചു**

കുട്ടികളുടെ ഉന്നത മത്സരപരീക്ഷകൾ സെന്റ് തോമാസ് കോളേജിന്റെ നേതൃത്വത്തിൽ നടത്തുവാനുള്ള ഉഭയ കരാറിൽ പ്ലെയ്സ്മെന്റ് സെല്ലും ടി.സി.എസും ഒപ്പു വച്ചു. സെന്റ് തോമാസിന്റെ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായ കൂടെ എന്ന സംരംഭം തൃശൂരിലെ സാന്ത്വന ചികിത്സയുടെ സംരഭമായ ആൽഫ പാലിയേറ്റീവ് കെയറുമായി സഹകരിച്ച് ഉഭയധാരണ പത്രം ഒപ്പുവച്ചു. ബോട്ടണി വിഭാഗം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി വംശനാശം വന്നുകൊണ്ടിരിക്കുന്ന വൃക്ഷ സംരക്ഷണത്തിനായി ഉഭയ സമ്മത ധാരണ പത്രം ഒപ്പുവച്ചു.

5. **സാന്ത്വന ചികിത്സാ സംരഭം**

വൃദ്ധരോടും നിത്യരോഗികളോടുമുള്ള വിദ്യാർത്ഥികളുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി കൂടെ എന്ന കൂട്ടായ്മയുടെ നേതൃത്വത്തിൽ സാന്ത്വന ചികിത്സാ സഹായം നൽകാൻ കുട്ടികൾ ആഴ്ചയിൽ രണ്ടുദിവസം ചിലവഴിക്കുന്ന പദ്ധതി കോളേജിൽ ആരംഭിച്ചു.

6. **റേഡിയോ സംപ്രേക്ഷണം നിലവിൽ വന്നു**

മീഡിയ സ്റ്റഡീസിന്റെ നേതൃത്വത്തിൽ റേഡിയോ മിസ്റ്റും, നൂറു വർഷം നൂറു സിനിമകൾ എന്ന പുസ്തകവും മാനേജർ മാർ ടോണി നീലങ്കാവിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. മികച്ച സംഗീത സംവിധായകനും പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ ഔസേപ്പച്ചൻ, ഫാ. വർഗീസ് കുത്തൂർ, ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, ഫാ. ബൈജു ചാക്കേരി എന്നീ വിശിഷ്ട വ്യക്തികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.

7. **ചലച്ചിത്ര ശില്പശാല**

ത്രിദിന ഫോക് ചലച്ചിത്ര ശില്പശാല 2019 നവംബർ 8,9,10 തിയ്യതികളിൽ സെന്റ് തോമാസ് മീഡിയ സ്റ്റഡീസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കേരള ചലച്ചിത്ര അക്കാദമി, നാട്ടുകലാകൂട്ടം, കേരള ഫോക്ക്‌ലോർ അക്കാദമി, എഫ്,എഫ്,എഫ്,ഐ കേരളം, റ്റി. ഇ.ഇ.റ്റി എന്നീ സംഘടനകൾ ഈ പ്രവർത്തനത്തിൽ പങ്കുചേർന്നു.

8. **അസർ 19**

കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ വിലയിരുത്തി പ്രഥം സംഘടനയുടെ സഹകരണത്തോടെ നവംബർ 8,9,10,11 തിയ്യതികളിൽ ശില്പശാല സംഘടിപ്പിക്കപ്പെട്ടു. സോഷ്യൽ വർക്ക്, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്ന ഡിപ്പാർട്ട്മെന്റുകൾ നേതൃത്വം നൽകി.

9. **ഡി സോൺ ക്രിക്കറ്റ് ജേതാക്കൾ**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർസോൺ ക്രിക്കറ്റ് മത്സരത്തിൽ സെന്റ് തോമാസ് ജേതാക്കളായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഈ വർഷത്തെ ചെസ്സ് ചാമ്പ്യൻഷിപ്പ് കോളേജ് നേടി. പ്രസ്സ് ക്ലബ് ട്രോഫിക്ക് വേണ്ടിയുള്ള ഫുട്ബോൾ മത്സരത്തിൽ കോളേജ് ടീം ചാമ്പ്യന്മാരായി.

10. **യൂത്ത് ഓറിയന്റേഷൻ പ്രോഗ്രാം**

വുമൺ സെല്ലിന്റെ ആഭിമുഖ്യത്തിൽ യൂത്ത് മെന്റൽ ഹെൽത്ത് എന്ന വിഷയത്തെ ആസ്പദമാക്കി തൃശൂർ മാനസീകാരോഗ്യ കേന്ദ്രത്തിലെ ഡോ. അജേഷ് രാമചന്ദ്രൻ ബോധവത്ക്കരണ ക്ലാസ് നടത്തി.

9/12/19 ന് സെന്റ് തോമാസ് കോളേജ് ബോട്ടണി ഒ.എസ്.എ യുടെ നേതൃത്വത്തിൽ പീഡിയാട്രിക് ഡീസിസ് ആന്റ് സർജറി എന്ന വിഷയത്തിൽ തൃശൂർ മെഡിക്കൽ കോളേജ് പ്രൊഫസറും, പൂർവ്വ വിദ്യാർത്ഥിയുമായ ഡോ. ബിജോൺ ജോൺസൺ ബോട്ടണി,

സുവോളജി ഡിപ്പാർട്ട്മെന്റിലെ എം.എസ്.സി, പി. എച്ച്.ഡി വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ ക്ലാസ് നൽകി.

**11. ലീഗൽ സർവ്വീസ് ഡെ ആചരിച്ചു**

കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ലീഗൽ സർവ്വീസ് ഡെ ആചരിച്ചു. പ്രൻസിപ്പാൾ ഉദ്ഘാടനം ചെയ്തു. അഡ്വ. ഗിരീന്ദ്ര ബാബു ബോധവത്ക്കരണ ക്ലാസ് നയിച്ചു.

**12. സർഗാത്മക സൃഷ്ടിക്കായ് സെമിനാർ നടത്തി**

കുട്ടികളിലെ സർഗാത്മിക കഴിവുകളെ വളർത്തുന്നതിനായി ഇംഗ്ലീഷ് ഡിപ്പാർട്ട് മെന്റ്, പ്രമുഖ എഴുത്തുകാരായ വിവേക് നാരായണൻ, എസ്. ചന്ദ്രമോഹൻ എന്നിവരുടെ ആശയസംവാദം സംഘടിക്കപ്പെട്ടു.

**13. ഓപ്പൺ ഡിഫൻസ്**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ദൃശ്യ ശശിധരൻ എന്ന ഗവേഷക ഡോ. പോൾസൺ മാത്യുവിന്റെ ഗൈഡൻസിൽ ഗവേഷണം പൂർത്തിയാക്കി ഗവേഷണ ബിരുദം നേടി.

**14. പോലീസ് ഡോഗ് എക്സിബിഷൻ**

നേച്ചർ ക്ലബ്, ബോട്ടണി ഡിപ്പാർട്ട്മെന്റ് എന്നിവരുടെ നേതൃത്വത്തിൽ കേരള പോലീസ് അക്കാദമിയിൽ പരിശീലനം നേടിയ ഡോഗുകൾ ലഹരിവസ്തുക്കൾ, കുറ്റകൃത്യം ചെയ്ത പ്രതി എന്നിവരെ അതിവിദഗ്ദമായി പിടിച്ചെടുക്കുന്നതിന്റെ നേർസാക്ഷ്യം ക്ലാസ്മുറികളിൽ അവതരിപ്പിച്ചു. പ്രമുഖ ഡോഗ് പരിശീലകനും, സബ് ഇൻസ്പെക്ടറും, പൂർവ്വ വിദ്യാർത്ഥിയുമായ രമേഷ് പരിശീലന ക്ലാസുകൾ നയിച്ചു.

**15. ദിനാഘോഷം**

എൻ. എസ്. എസിന്റെ നേതൃത്വത്തിൽ ശിശുദിനാഘോഷം ജുവനൈൽ ഹോം സന്ദർശിച്ച് കലാവിരുന്ന് നൽകി ആഘോഷിച്ചു. 25 എൻ. എസ്. എസ് വോളന്റിയർമാർ പങ്കെടുത്തു.

**16. വനിത കവർഗേൾ മത്സരം നടത്തി**

ഫാഷൻ ഡിസൈൻ ക്ലബിന്റെ ആഭിമുഖ്യത്തിൽ കവർഗേൾ മത്സരം 15/11/19 ന് നടത്തപ്പെട്ടു. 15 വിദ്യാർത്ഥിനികൾ മത്സരിച്ചു.

**17. പുസ്തകശേഖരം സമർപ്പിച്ചു**

എൻ. എസ്. എസ് യൂണിറ്റ് അംഗങ്ങൾ ശേഖരിച്ച പഠനപുസ്തകങ്ങൾ എച്ചിപ്പാറ ട്രൈബൽ സ്കൂൾ വിദ്യാർത്ഥികൾക്ക് 15/11/19 ന് സമർപ്പിച്ച് സഹവിദ്യാർത്ഥികളോടുള്ള നന്ദിയും സ്നേഹവും പ്രദർശിപ്പിച്ചു.

**18. രക്തദാന ക്യാമ്പ് – എൻ.സി.സി ദിനാചരണം**

എൻ.സി.സി കേഡറ്റുകളും, വിദ്യാർത്ഥികളും, അദ്ധ്യാപകരും രക്തം

ദാനം ചെയ്തു. എൻ.സി.സി ദിനാചരണത്തിന്റെ ഭാഗമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സഹായത്തോടെ നടത്തപ്പെട്ട പരിപാടിയിൽ 60 പേർ പങ്കെടുത്തു.

**19. ഗ്രാവിറ്റ 4**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഗ്രാവിറ്റ 4 എന്ന ശാസ്ത്ര പ്രദർശനം നടത്തി, വിവിധ സ്കൂളുകളിൽ നിന്നും 10000 ത്തിലധികം വിദ്യാർത്ഥികൾ വിജ്ഞാനം നേടി. കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻന്റിംഗ് ചെയർമാൻ കരോളിൻ ജോഷ്വാ ഉദ്ഘാടനം ചെയ്തു.

**20. ക്ലബ് ശില്പശാല നടത്തി**

സർഗാത്മക കഴിവ് വളർത്തുന്നതിനായി റീഡേഴ്സ് ആന്റ് റൈറ്റേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ശില്പശാല സംഘടിക്കപ്പെട്ടു. പ്രശസ്ത എഴുത്തുകാരനായ പ്രൊഫ. വി.എച്ച്. നിഷാദ്, സാഹിത്യ അക്കാദമി സബ് എഡിറ്റർ എൻ.ജി. നയൻതാര എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

**21. സ്പീക് ഫോർ ഇന്ത്യ**

ഡിബേറ്റ് ആന്റ് ഒറേറ്ററി ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്പീക്ക് ഫോർ ഇന്ത്യ എന്ന പ്രസംഗ മത്സരം നടത്തപ്പെട്ടു. മാതൃഭൂമിയും ഫെഡറൽ ബാങ്കും ഈ പ്രവർത്തനങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകി.

**22. മാനേജ്മെന്റ് ഫെസ്റ്റ്**

കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് ഫെസ്റ്റ് നടത്തി. കൊച്ചി സിയാൽ കമ്പനി എക്സ്ക്യൂട്ടീവ് ഡയറക്ടർ സജി കെ. ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

**23. എയ്ഡ്സ് ബോധവത്കരണ റാലി**

കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ പൊതു ആരോഗ്യ സംരക്ഷണ സ്ഥാപനത്തിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന എയ്ഡ്സ് ബോധവത്ക്കരണ യജ്ഞം ഫ്ളാഷ്മോബിലൂടെ കോളേജിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു.

**24. കുളവെട്ടി മരങ്ങളുടെ സംരക്ഷണം**

ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ബോട്ടണി ഡിപ്പാർട്ട്മെന്റ് വെള്ളയാനിപച്ചയിൽ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന കുളവെട്ടി മരങ്ങൾ നട്ടു പിടിപ്പിച്ചു. ഒല്ലൂക്കര ബ്ലോക്ക് പ്രസിഡന്റ് ഐ.എസ്. ഉമാദേവി ഉദ്ഘാടനം നിർവ്വഹിച്ചു.

**25. മനുഷ്യാവകാശത്തെക്കുറിച്ച് സെമിനാർ നടത്തി**

ക്രിമിനോളജി & പോലീസ് സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ മനുഷ്യാവകാശത്തെപ്പറ്റി സെമിനാർ സംഘടിപ്പിച്ചു. കഴിഞ്ഞ വർഷം നടന്ന മനുഷ്യാവകാശ ലംഘനത്തെ കുറിച്ച് ഒരു അവലോകനം എന്ന വിഷയത്തെക്കുറിച്ച് പ്രമുഖ മാധ്യമ പ്രവർത്തക ഷാനി പ്രഭാകരൻ ക്ലാസുകൾ നയിച്ചു.

**26. കരിയർ ഗൈഡൻസ് ശില്പശാല നടത്തി**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി 9/12/19 ന് ഹോട്ടൽ മംഗള ടവറിൽ വച്ച് വിദേശത്ത് ഉപരിപഠനം, സ്ക്കോളർഷിപ്പും, അവസരങ്ങളും എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. ഈസി ലിങ്ക് അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. സോണി വർഗ്ഗീസ് വിദേശ സർവ്വകലാശാല പ്രതിനിധികളായ ശ്രീ ദീപക് ലുത്ര, ശ്രീമതി അപർണാ മിത്ര എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. വിവിധ കലാലയങ്ങളിൽ നിന്നായി 300 വിദ്യാർത്ഥികൾ പങ്കെടുത്തു.

**27. കാലാവസ്ഥ വ്യതിയാനത്തിനെതിരെ വലയപ്രചരണം**

പരിസ്ഥിതി സംരക്ഷണ കൂട്ടായ്മയായ സ്റ്റുഡന്റ്സ് ഫോർ ക്ലൈമറ്റ് റെസലിയൻസ് എന്ന വിദ്യാർത്ഥി കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന വലയ സംരക്ഷണ പദയാത്രയ്ക്ക് സെന്റ് തോമാസ് കോളേജിൽ സ്വീകരണം നൽകി.

**ഡോ. പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. ദേശീയ വിദ്യാഭ്യാസ ദിനം ആഘോഷിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കേളേജിൽ 2019 നവംബർ 11–ാം തിയ്യതി ദേശീയ വിദ്യാഭ്യാസ ദിനം ആഘോഷിച്ചു. മൗലാനാ അബ്ദുൾകലാം ആസാദിനെക്കുറിച്ചുള്ള വീഡിയോ അവതരിപ്പിക്കുകയും അതിനെ

തുടർന്ന് ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്തു. മുഹമ്മദ് ഉവൈസ് എ.കെ ഒന്നാം സ്ഥാനവും, അതീവ സന്തോഷ് രണ്ടാം സമ്മാനവും ക്വിസ് മത്സരത്തിൽ കരസ്ഥമാക്കി.

**2. ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ മനശാസ്ത്ര വിഭാഗം മുൻ അദ്ധ്യാപികയായിരുന്ന ശ്രീമതി ദീപ വർഗ്ഗീസിന്റെ നേതൃത്വത്തിൽ 2019 നവംബർ 11-ാം തിയ്യതി ഡെവലപ്പ്മെന്റ് ഓഫ് ദി ചൈൽഡ്സ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു.

**3. ചാർട്ട് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.**

അദ്ധ്യാപനത്തിൽ ആകർഷണമായ വിധത്തിൽ ചാർട്ടുകൾ തയ്യാറാക്കാൻ വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സരിത ആർട്ട്സിന്റെ നേതൃത്വത്തിൽ ശ്രീ.സുമേഷ്.കെ.ആർ, ശ്രീ.കുമാർ, ശ്രീ. തേരജ് മുതലായവർ 2019 നവംബർ 12-ാം തിയ്യതി മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**4. യോഗാ ടെസ്റ്റ് നടത്തി**

പാഠ്യപദ്ധതിയുടെ ഭാഗമായി ബി.എഡ് വിദ്യാർത്ഥികളുടെ കായികക്ഷമത പരീക്ഷിക്കുവാനായി 2019 നവംബർ 14-ാം തിയ്യതി മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ യോഗാ ടെസ്റ്റും ജോഗിങ്ങും തുടർന്ന് എക്സൈസസ്സും നടത്തി.

**5. വി. മറിയം ത്രേസ്യയുടെ തിരുസ്വരൂപ സ്വീകരണം സംഘടിപ്പിച്ചു**

മറിയം ത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ലിറ്റിൽ ഫ്ളവർ ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ, ചേലക്കരയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും വിശുദ്ധയുടെ തിരുസ്വരൂപവുമായി 2019 നവംബർ 14-ാം തിയ്യതി മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലേയ്ക്ക് കടന്നു വന്നു. തുടർന്ന് വിശുദ്ധയുടെ ജീവിതത്തെ ആസ്പദമാക്കി ഫ്ളാഷ് മോബ് നടത്തി.

**6. അദ്ധ്യാപക പരിശീലനം പൂർത്തിയായി**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2018-2020 ബാച്ചിലെ വിദ്യാർത്ഥികൾ 2019 നവംബർ 15-ാം തിയ്യതി 4 മാസത്തെ അദ്ധ്യാപക പരിശീലനം പൂർത്തിയാക്കി തിരിച്ചു വന്നു.

**7. കേരള സാഹിത്യ അക്കാദമി സന്ദർശിച്ചു**

കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ ഓഡിറ്റോറിയത്തിൽ 2019 നവംബർ 16-ാം തിയ്യതി സംഘടിപ്പിച്ച മേരിവിജയം സാഹിത്യോത്സവം 2019 ൽ മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.

8. **ഇനീഷ്യേറ്ററി ആരംഭിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾ 2019 നവംബർ 18–ാം തിയ്യതി അദ്ധ്യാപക പരിശീലനത്തിന്റെ മുന്നോടിയായി വിവിധ സ്കൂളുകളിലേയ്ക്ക് ഒരാഴ്ച നീളുന്ന ഇനീഷ്യേറ്ററി സ്കൂൾ എക്സ്പീരിയൻസിനായി കടന്നു ചെന്നു.

9. **കമ്മ്യൂണിറ്റി ലിവിംഗ് ക്യാമ്പ് സംഘടിപ്പിച്ചു.**

പാഠ്യപദ്ധതിയുടെ ഭാഗമായി രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികൾ 2019 നവംബർ 19–ാം തിയ്യതി മുതൽ 22–ാം തിയ്യതി വരെ മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ കമ്മ്യൂണിറ്റി ലിവിംഗ് ക്യാമ്പ് നടത്തി.

10. **പഠന യാത്ര സംഘടിപ്പിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി 2019 നവംബർ 24–ാം തിയ്യതി മുതൽ മൈസൂർ, കൂർഗ് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് പഠന യാത്ര നടത്തി.

11. **ഏകദിന പഠനയാത്ര സംഘടിപ്പിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾ അദ്ധ്യാപകൻ ശ്രീ.സുമേഷ് ടി.സിയുടെ നേതൃത്വത്തിൽ 2019 നവംബർ 27–ാം തിയ്യതി മുഡവാറ ഡാമിലേക്ക് പഠനയാത്ര സംഘടിപ്പിച്ചു.

12. **കേരള കലാമണ്ഡലം സന്ദർശിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾ 2019 നവംബർ 28–ാം തിയ്യതി അദ്ധ്യാപകരുടെ നേതൃത്വത്തിൽ ചെറുതുരുത്തി കേരള കലാമണ്ഡലം സന്ദർശിച്ചു. പഠനത്തിന്റെ ഭാഗമായാണ് പ്രസ്തുത സന്ദർശനം സംഘടിപ്പിച്ചത്.

13. **ഫസ്റ്റ് സെമസ്റ്റർ ബി.എഡ് പരീക്ഷ അവസാനിച്ചു.**

2019 ഡിസംബർ 9–ാം തിയ്യതി ആരംഭിച്ച ഫസ്റ്റ് സെമസ്റ്റർ ബി.എഡ് പരീക്ഷ ഡിസംബർ 13–ാം തിയ്യതി സമാപിച്ചു.

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............2020 ജനുവരി**

| | |
|---|---|
| ജനുവരി 3 (വെള്ളി) | – വി. ചാവറ കുരിയാക്കോസ് ഏലിയാസ് ആദ്യവെള്ളി, വി. കുർബാന |
| ജനുവരി 4 (ശനി) | – ദൈവമാതൃത്വതിരുനാൾ |
| ജനുവരി 6 (തിങ്കൾ) | – ദനഹാത്തിരുനാൾ |
| ജനുവരി 12 (ഞായർ) | – ദേശീയ യുവജനദിനം |
| ജനുവരി 18 (ശനി) | – വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |
| ജനുവരി 20 (തിങ്കൾ) | – വി. സെബസ്ത്യാനോസ് |
| ജനുവരി 26 (ഞായർ) | – ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| ജനുവരി 30 (വ്യാഴം) | – ലോകസമാധാനദിനം |

**2. സ്ഥലമാറ്റ അപേക്ഷകൾ**

പ്രിൻസിപ്പാൾമാരുടെയും പ്രധാനധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2020 ജനുവരി 31 (വെള്ളി) ആണ്.

**3. ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2019 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (5ൽ കുറവ്) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2020 ഫെബ്രുവരി 15 (ശനി)നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**4. മെയിന്റനൻസ് ഗ്രാന്റ്**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ സ്കൂളിന് ലഭിച്ചുകഴിഞ്ഞാൽ കഴിയും വേഗത്തിൽ അത് ഏജൻസി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

മെയ്ന്റനൻസ് ഗ്രാൻന്റ് ലഭിക്കുന്നതിനായി സ്കൂൾ മാനേജരുടെ കത്ത് സഹിതം ചുമതലപെടുത്തുന്നവർ കോർപറേറ്റ് ഓഫീസിൽ ബന്ധപെടേണ്ടതാണ്. ഇവിടെ വരുന്നതിന് മുൻപ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽനിന്നും കോർപറേറ്റ് മാനേജരുടെ അക്കൗണ്ടിൽ

നിങ്ങളുടെ സ്കൂളിന് ഗ്രാൻന്റ് ലഭിച്ച തുക അതു വന്ന തീയതി തുടങ്ങിയ വിവരങ്ങളും കൊണ്ടുവരേണ്ടതാണ്.

5. **ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിതഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2020 ജനുവരി 31 (വെള്ളി) ആണ്.

6. **S.S.L.C./PLUS TWO പരീക്ഷകൾ**

S.S.L.C./PLUS TWO പരീക്ഷകൾ അടുത്തുവരുന്നു. ജനുവരി–ഫെബ്രുവരി മാസങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസുകൾ നൽകി പൊതു പരീക്ഷയ്ക്ക് നന്നായി ഒരുക്കുക. Headmaster / Principal എന്നിവരുടെയും അധ്യാപകരുടെയും നിസ്വാർത്ഥ സേവനം ഈ കാര്യത്തിൽ കോർപറേറ്റ് ഏജൻസി പ്രതീക്ഷിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലേക്കാൾ ഉയർന്ന വിജയശതമാനത്തിലെക്കെ ത്താൻ എല്ലാവരുടെയും കഠിനാദ്ധ്വാനം ആവശ്യമാണ്. പ്രത്യേക Time Table തന്നെ ഈ ദിവസങ്ങൾക്കായി ഉണ്ടാക്കുക.

7. **റിട്ടയർമെന്റ് ലിസ്റ്റ്**

2019–2020 വർഷത്തിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകാ ഫോമിൽ കാണും വിധം എഴുതി 2020 ജനുവരി 18 (ശനി)നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ **Nil** റിപ്പോർട്ട് നൽകുമല്ലോ.

**RETIREMENT LIST (2019-2020) (SPECIMEN PROFORMA)**

**NAME OF SCHOOL:**

| No. | Name of Staff Member | Designation | Date of Birth | Date of Retirement | Name of the Parent School |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date: Signature of the

Place: (Seal) Principal/Headmaster/ Headmistress.

Note: Parent School Means:

(A) School from where Nomination is received or (B) School at which the teacher worked as on 31-3-1971.

**ഫാ. ആന്റണി ചെമ്പകശ്ശേരി**

കോർപറേറ്റ് മാനേജർ

# സാന്ത്വനം

1. **കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് താക്കോൽ ദാനം നടത്തി**

   തൃശ്ശൂർ അതിരൂപതയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതിയായ 'സേവ് തൃശ്ശൂർ' പദ്ധതിയോട് ചേർന്ന്, അതിരൂപതാ സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററായ സാന്ത്വനം ജാതിമതഭേദമെന്യേ അർഹരായ ഗുണഭോക്താക്കൾക്കുവേണ്ടി നിർമ്മിച്ച് കൊണ്ടിരിക്കുന്ന 50 ഭവനങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ 25–ാമത്തെ ഭവനത്തിന്റെ താക്കോൽ ദാനകർമ്മം, സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി നിർവ്വഹിച്ചു. നെന്മണിക്കര പഞ്ചായത്തിലെ പുലക്കാട്ടുകര ദേശത്ത് താമസിക്കുന്ന ശ്രീമതി.വാസന്തിക്കും കുടുംബത്തിനുമാണ് അത്യുന്നത കർദ്ദിനാൾ താക്കോൽ കൈമാറിയത്. പുലക്കാട്ടുക്കര ഇടവകയുടെ ശതാബ്ദിയാഘോഷം ഉദ്ഘാടനം ചെയ്തചടങ്ങിൽ വെച്ചാണ്, ഇടവകയുടെ സഹകരണത്തോടു കൂടി പണി പൂർത്തീകരിച്ച വീടിന്റെ താക്കോൽ ദാനം നടത്തിയത്. 6 ലക്ഷം രൂപയാണ് ഭവനനിർമ്മാണത്തിനായി ഗുണഭോക്താവിന് സാന്ത്വനത്തിൽ നിന്ന് കൈമാറിയത്.

2. **നവജീവൻ**

   കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന പ്രകൃതി ദുരന്തനിവാരണ പദ്ധതിയായ നവജീവൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നവംബർ 12 –ാം തിയ്യതി താമരശ്ശേരിയിൽ വെച്ച് നടന്ന ട്രെയിനിങ്ങ് പ്രോഗ്രാമിൽ കോർഡിനേറ്റർ ശ്രീ. നെൽസൺ പങ്കെടുത്തു. പ്രോജക്റ്റിന്റെ ഭാഗമായി പദ്ധതി പ്രദേശത്ത് സാന്ത്വനം ടീമിന്റെ നേതൃത്വത്തിൽ പങ്കാളിത്തവിവരശേഖരണം നടന്നുവരുന്നു.

3. **ജെസ്പ് II-ആനിമേറ്റേഴ്സ് യോഗം സംഘടിപ്പിച്ചു.**

   മാർ ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസ സഹായപദ്ധതിയുടെ പ്രവർത്ത

നങ്ങൾക്ക് യൂണിറ്റ് തലത്തിൽ നേതൃത്വം നല്കുന്ന ആനിമേറ്റേഴ്സിന്റെ യോഗം സാന്ത്വനം ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. യോഗത്തിൽ സാന്ത്വനം ഡയറക്ടർ, അസി.ഡയറക്ടർ, പ്രോജക്റ്റ് കോ–ഓർഡിനേറ്റർ, വിവിധ സെന്ററുകളിൽ നിന്നുള്ള ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. പ്രോജക്റ്റ് കോ–ഓർഡിനേറ്റർ ശ്രീമതി. രമ്യ റോബിൻ സ്വാഗതം പറയുകയും യോഗത്തിന്റെ ഉദ്ഘാടനകർമ്മം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി നിർവഹിച്ചു.

**4. ഭവനം ആശീർവദിച്ചു**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പടിഞ്ഞാറെ മണലൂർ ഇടവകയിൽ നിർമ്മാണം പൂർത്തിയാക്കിയ ഭവനത്തിന്റെ ആശീർവാദകർമ്മം കാർമ്മലേറ്റ് കോൺഗ്രിഗേഷന്റെ(O CARM)പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഫാ. സോജൻ നീണ്ടൂർ നിർവഹിച്ചു. മണലൂർ ഇടവകയിലെ ചിറമ്മൽ വർക്കിയുടെ കുടുംബത്തിനാണ് കാർമ്മലേറ്റ് സഭയുടെ സാമ്പത്തിക പിന്തുണയോടെ സുരക്ഷിതമായ ഭവനം ഒരുക്കിയത്.

**5. SHG ഗ്രേഡിങ്ങ്**

Swift Micro Creditsന്റെ ഭാഗമായി സാന്ത്വനത്തിന്റെ കീഴിലുള്ള സ്വയം സഹായസംഘങ്ങളിൽ മോണിറ്ററിംഗും ഗ്രേഡിങ്ങും നടത്തി. കണ്ണാറ, വെട്ടുകാട്, കല്ലൂർ, വെള്ളാനിക്കോട് എന്നീ യൂണിറ്റുകളിലുള്ള 45 സംഘങ്ങളിലാണ് ഗ്രേഡിങ്ങ് നടത്തിയത്. ഓരോ സംഘത്തെയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുവാനും ലോൺ നല്കുന്നതിലേക്ക് യോഗ്യത നിർണ്ണയിക്കാനുമാണ് ഗ്രേഡിങ്ങ് നടത്തിയത്.

**6. പുതിയ** SHG **കൾ രൂപീകരിച്ചു**

വരാക്കര,ഒല്ലൂർ,പൊന്നൂക്കര,കല്ലൂർ ഈസ്റ്റ് എന്നീ യൂണിറ്റുകളിലായി 13 പുതിയ SHG കൾ രൂപീകരിച്ചു.സാന്ത്വനം സ്റ്റാഫംഗങ്ങൾ നേതൃത്വം നൽകി. പുതിയതായി രൂപീകൃതമായ സംഘങ്ങളെ സാന്ത്വനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായി വരുന്നു.

**7. ആശാകിരണം**

ആശാകിരണം സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർമാരുടെ മീറ്റിംങ്ങ് സഹൃദയ സോഷ്യൽ വെൽഫയർ സെന്ററിൽ വച്ച് ചേർന്നു. സാന്ത്വനം കോർഡിനേറ്റർമാരായ ശ്രീ.നെൽസനും ശ്രീ.അലനും മീറ്റിംങ്ങിൽ പങ്കെടുക്കുകയുണ്ടായി. മിറ്റീംങ്ങിന്റ ആദ്യഭാഗം ക്യാൻസർ കെയർ എന്ന വിഷയത്തെക്കുറിച്ചായിരുന്നു ക്ലാസ്. കാൻസർ വരുന്നതെങ്ങനെയെന്നും, എങ്ങനെ അതിനെ തടയാം, എന്തെല്ലാം

ക്യാൻസർ ആണ് കണ്ടുവരുന്നത് എന്നതിനെകുറിച്ച് ക്ലാസ്സിൽ പ്രതിപാദിച്ചു. അതിനുശേഷം പുതിയ പ്രോഗ്രാമിനെകുറിച്ച് ചർച്ചയുണ്ടായി. DRR പ്രോജക്ടിനുവേണ്ടി 2000 വോളൻഡിയർമാർക്ക് ട്രെയിനിംഗ് നൽകാൻ തിരുമാനിച്ചു.

**8. ലാവൻഡർ ആർമി ട്രെയിനിംഗ് ക്ലാസ്സ്**

ലാവൻഡർ ആർമി സോൾജിയേഴ്സിനും മേജർമാർക്കും വേണ്ടി ഓർഗാനിക് സാനിറ്ററി നാപ്കിൻ ഉപയോഗവും അതിന്റെ നിർമ്മാണവും, പ്ലാസ്റ്റിക് നിർമ്മാർജ്ജനവും എന്ന വിഷയത്തിൽ ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽ വെച്ച് പരിശീലനം സംഘടിപ്പിച്ചു. FCC പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.ലിറ്റിൽ മേരി പരിശീലന ക്ലാസ്സിന്റെ ഉദ്ഘാടനം നടത്തി. ആശാകിരണം സ്റ്റേറ്റ് ലെവൽ ഓഫീസർ റവ.സി.ക്രിസ്റ്റി മരിയ പ്ലാസ്റ്റിക് പുനരുപയോഗം, ഉപയോഗം ലഘൂകരിക്കൽ എന്നിവയെക്കുറിച്ചുള്ള പരിശീലനത്തിന് നേതൃത്വം നൽകി. ഓർഗാനിക് സാനിറ്ററി നാപ്കിൻ എന്ന വിഷയത്തെകുറിച്ച് കാരിത്താസ് ഇന്ത്യയിൽ നിന്നുള്ള റവ.സി.ആൻ മേരി പരിശീലന ക്ലാസ്സ് നടത്തി. വിവിധ സ്കൂളുകളെ പ്രതിനിധീകരിച്ച് 150 ലധികം പേർ പരിശീലനപരിപാടിയിൽ പങ്കെടുത്തു.

**9. സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി 43 പുതിയ ഗുണഭോക്തൃ കുടുംബങ്ങൾക്ക് സേവ് എ ഫാമിലി പ്ലാനിനെക്കുറിച്ച് ഒരു ബോധവത്കരണ ക്ലാസ്സ് നടത്തി. സേവ് എ ഫാമിലി പ്ലാനിന്റെ രൂപീകരണം, ചരിത്രം,സ്ഥാപകൻ, പ്രവർത്തനങ്ങൾ, മാനദണ്ഡങ്ങൾ, ഉപകാരികൾക്കുള്ള കത്തുകൾ, സ്വയംതൊഴിൽ, എന്നിവയുടെ ആവശ്യകത എന്നിവയെക്കുറിച്ചായിരുന്നു ബോധവതാകരണ ക്ലാസ്.

**10. ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും.**

നെല്ലിക്കുന്ന്–Rs.10,000/–, കൂനംമുച്ചി–Rs.33,000/–, മുളയം–Rs.15,000/–, മുണ്ടൂർ– Rs.20,000/–, പൊന്നൂക്കര–Rs.7,000/–,പടവരാട്–Rs.10,000/–.വില്ലടം–Rs.90,000/–,ചേറൂർ–Rs.11,000/–.കുറ്റൂർ–Rs.10,000/–. അടാട്ട്–Rs.13,000/–,എറവ്–Rs.25,000/–,കോലഴി–Rs.16,000/–. ചിറ്റിലപ്പിള്ളി–Rs.25,000/–. ചിറ്റാട്ടുകര–Rs.26,000/–. അരിമ്പൂർ–Rs.31,000/–,പുറനാട്ടുകര–Rs.23,000/–,മനക്കൊടി–Rs.10,000/–,പോന്നോർ–Rs.16000/–,വരന്തരപ്പിള്ളി–Rs.4000/–.

**11. അവലോകനയോഗവും കപ്പാസിറ്റി ബിൽഡിങ്ങും നടത്തി**

സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററിന്റെ പ്രതിമാസ അവലോകനയോഗം സാന്ത്വനം ഹാളിൽവെച്ച് നടത്തപ്പെട്ടു. തുടർന്ന്

കപ്പാസിറ്റി ബിൽഡിങ്ങ് പരിശീലനത്തിന്റെ ഭാഗമായി അടിസ്ഥാന സുരക്ഷമാർഗ്ഗങ്ങൾ എന്ന വിഷയത്തെകുറിച്ച് കോർഡിനേറ്റർ ശ്രീ.അഖിൽ തോമസ് ബോധവത്കരണ ക്ലാസ്സ് എടുത്തു.

12. **ഗോഡ്സ് ഓൺ ഫാമിലി ഹൗസ് വിസിറ്റും ബേസ് ലൈൻ ഡാറ്റാ കളക്ഷനും നടത്തി.**

കാലാവധി അവസാനിക്കുന്ന ഗുണഭോക്തൃകുടുംബങ്ങളിൽ കോർഡിനേറ്റർ ശ്രീമതി. രമ്യ റോബിനും ആനിമേറ്റർമായ ശ്രീമതി.അനിത ജോസഫും ശ്രീമതി. സീജ രഞ്ജിത്തും കൂടി സന്ദർശനം നടത്തി. ഓരോ കുടുംബത്തിന്റെയും പുരോഗതി വിവരങ്ങൾ രേഖപ്പെടുത്തുകയും കുടുംബാംഗങ്ങളോട് കുശലാന്വേഷണം നടത്തുകയും ചെയ്തു. കല്ലൂർ, ഒല്ലൂർ, ചേർപ്പ്, ചിറ്റിശ്ശേരി, പടവരാട്, പെരിഞ്ഞോട്ടുകര, പുത്തൂർ, കോട്ടപ്പടി, കോനിക്കര, ചാഴൂർ, കോടന്നൂർ, വെങ്ങിണിശ്ശേരി, വേലൂപ്പാടം, പള്ളിക്കുന്ന്, പെരിഞ്ചേരി, വരടിയം, ചെവ്വൂർ, ഇരവിമംഗലം, നടത്തറ, അരണാട്ടുകര, എൽതുരുത്ത്, കുറ്റൂർ, പാമ്പൂർ, ആർത്താറ്റ്, തെക്കുംപാടം, പൂവ്വൻചിറ, ചുവന്നമണ്ണ്, മേലേചിറ, വേല്ലൂർ, തലക്കോട്ടുകര, മറ്റം, കോട്ടപ്പടി, പുറനാട്ടുകര, കാഞ്ഞാണി എന്നിവിടങ്ങളിലെ വീടുകളിൽ അടിസ്ഥാന വിവര ശേഖരണം നടത്തി.

13. **ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു**

കുണ്ടന്നൂർ - Rs.11,000/-, പുല്ലക്കോട് - Rs. 25,000/-, മുണ്ടൂർ - Rs. 34,500/-, പങ്ങാരപ്പിള്ളി - Rs. 25,000/-, കിള്ളിമംഗലം - Rs.5,000/-, തൈക്കാട്ടുശ്ശേരി-Rs. 10,000/-, തലോക്കോട്ടുക്കര - Rs.13,000/-, വേലൂർ - Rs. 20,408/-, പൊന്നൂക്കര-Rs. 18,036/-, ചുവന്നമണ്ണ് - Rs. 12,342/-, എൽത്തുരുത്ത് - Rs. 44,693/-, ആർത്താറ്റ് - Rs. 22,387/-, പടവരാട് - Rs. 66,205/-, ചിറ്റിശ്ശേരി – Rs.8,3840/-, വേലൂപ്പാടം-Rs. 34,998/-, വെങ്ങിണിശ്ശേരി - Rs. 64,223/-.

14. **SHG വാർഷിക പൊതുയോഗം**

സ്വയം സഹായ സംഘങ്ങളിൽ വാർഷിക പൊതുയോഗങ്ങൾ നടത്തി. കാഞ്ഞാണി യൂണിറ്റിന്റെ കീഴിലുള്ള ഇമ്മാനുവൽ സംഘങ്ങളിലാണ് വാർഷിക പൊതുയോഗം നടത്തിയത്. സാന്ത്വനം ഡയറക്ടർ, കോർഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവർ വാർഷിക യോഗങ്ങളിൽ സന്നിഹിതരായിരുന്നു.

15. **സ്നേഹനിധി വാർഷിക പൊതുയോഗം**

പൊന്നൂക്കര, പാലക്കൽ, ആറ്റത്തറ, പെരിഞ്ചേരി സ്നേഹനിധി യൂണിറ്റുകളുടെ വാർഷിക പൊതുയോഗങ്ങൾ ഇടവക വികാരിമാർ

ഉദ്ഘാടനം ചെയ്തു. സാന്ത്വനം കോർഡിനേറ്ററും ആനിമേറ്ററും സന്നിഹിതരായിരുന്നു. പൊതുയോഗങ്ങളോടനുബന്ധിച്ച് യൂണിറ്റം ഗങ്ങളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ റിപ്പോർട്ടും കണക്കുകളും വായിച്ചു പാസാക്കുകയും ചെയ്തു.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

**1. നന്ദിയോടെ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2019 ൽ വിവാഹത്തിന്റെ രജത സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരുടെ രൂപതാതല ആഘോഷം ഡിസംബർ 7 നും 14 നുമായി ലൂർദ്ദ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ജൂബിലി ആഘോഷങ്ങൾക്കും വി.കുർബാനക്കും നേതൃത്വം കൊടുത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് ഒത്തിരി നന്ദി. രജത ജൂബിലിക്കാർക്ക് സെമിനാറിന് നേതൃത്വം കൊടുത്ത ബഹു. വിൻസെന്റ് കുണ്ടുകുളം അച്ചനും സുവർണ്ണ ജൂബിലിക്കാർക്ക് സെമിനാറിന് നേതൃത്വം കൊടുത്ത ബഹു. വർഗ്ഗീസ് കൂത്തൂരച്ചനും ഒത്തിരി നന്ദി. ജൂബിലി ആഘോഷങ്ങൾക്ക് ദേവാലയവും ഹാളും പരിസരവും വിട്ട് തന്ന ബഹു. ജോസ് ചാലക്കലച്ചനും ടീമംഗങ്ങൾക്കും ഒത്തിരി നന്ദി. ജൂബിലി ആഘോഷിക്കാൻ വന്ന എല്ലാ ദമ്പതിമാർക്കും പറഞ്ഞയച്ച എല്ലാ വികാരിമാർക്കും ഒത്തിരി നന്ദി.

**2. സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവേഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിൽ വെളപ്പായ, വരടിയം, വെട്ടുകാട്,

ഒല്ലൂർ ഇടവക അഞ്ചേരി മേഖല, ഒളരിക്കര, മരത്താക്കര എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി.ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




തൃശ്ശൂർ അതിരൂപതയിലെ കുടുംബ കൂട്ടായ്മ കേന്ദ്രസമിതി 2020–2022 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

1. ജനറൽ കൺവീനർ ശ്രീ. പോൾ പാറക്കൽ പനമുക്ക് ഇടവക ബസിലിക്ക ഫൊറോന
2. ജനറൽ സെക്രട്ടറി ശ്രീ. ഷിന്റോ മാത്യു പാലക്കൽ ഇടവക ഒല്ലൂർ ഫൊറോന
3. ട്രഷറർ ശ്രീ. ജിനീഷ് വടക്കുംഞ്ചേരി, പീച്ചി ഇടവക ,പട്ടിക്കാട് ഫൊറോന
4. ജോ.കൺവീനർ ശ്രീ. ജെയ്സൻ മാണി, ലൂർദ്ദ് ഇടവക, ലൂർദ്ദ് ഫൊറോന
5. ജോ. കൺവീനർ (സ്ത്രീ വിഭാഗം) കേണൽ. റെജീന ജെയിംസ്, എരുമപ്പെട്ടി ഇടവക, എരുമപ്പെട്ടി ഫൊറോന
6. ജോ. സെക്രട്ടറി ശ്രീ. ഷെറിൻ, പുത്തൂർ ഇടവക, പുത്തൂർ ഫൊറോന
7. ജോ. സെക്രട്ടറി (സ്ത്രീ വിഭാഗം) ശ്രീ. ഷൈനി ഫ്രാൻസീസ് ,വേലൂർ ഇടവക, വേലൂർ ഫൊറോന
8. നോമിനേറ്റഡ് മെമ്പേഴ്സ് കെ.എ ചാർളി, പുതുക്കാട് ഇടവക ,പുതുക്കാട് ഫൊറോന
9. നോമിനേറ്റഡ് മെമ്പേഴ്സ് എ.എൽ കുര്യാക്കോസ് ,പാവറട്ടി ഇടവക, പാലയൂർ ഫൊറോന

10. നോമിനേറ്റഡ് മെമ്പേഴ്സ് സ്റ്റീഫൻ സി.ജെ, ചേലക്കര ഇടവക, ചേല ക്കര ഫൊറോന

എല്ലാവർക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**ജനുവരി 18 ശനി, 2.30 pm**

ഫെബ്രുവരി മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ജനുവരി 18-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി മീറ്റിങ്ങ്**

**ജനുവരി 18 ശനി, 2.30 pm – 4.30 pm**

അതിരൂപത കുടുംബകൂട്ടായ്മ ഇടവക കേന്ദ്രസമിതി കൺവീനർമാരുടേയും, ഫൊറോന ഭാരവാഹികളുടേയും രൂപത ഭാരവാഹികളുടേയും സംയുക്ത മീറ്റിങ്ങ് ജനുവരി 18-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാവരും മറക്കാതെ വരുമല്ലോ.

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# മാതൃവേദി

**1. സ്കിറ്റ് മത്സര വിജയികൾ**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് സന്ദേശ സ്കിറ്റ് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സഹകരിച്ചവർക്കും ഒത്തിരി നന്ദി. ഒന്നാം സമ്മാനം പാലയൂർ ഫൊറോന പാല

യൂർ ഇടവക, രണ്ടാം സമ്മാനം ഒല്ലൂർ ഫൊറോന പൂത്തറക്കൽ ഇടവക, മൂന്നാം സമ്മാനം ലൂർദ്ദ് ഫൊറോന ലൂർദ്ദ് ഇടവക.

**2. പ്രാർത്ഥനാദിനം**

**ജനുവരി 14 ചൊവ്വ (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമാണ് ജനുവരി 14–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുകൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**3. കൂദാശ ഒരു പഠനം – 1**

**ജനുവരി 14 ചൊവ്വ (രാവിലെ 10.30 മുതൽ 11.30 വരെ)**

മാതൃവേദി അംഗങ്ങൾക്ക് വേണ്ടി സഭയിലെ കൂദാശകളെ അറിയാനും അറിഞ്ഞ് സ്നേഹിക്കുവാനും ഒരുങ്ങി സ്വീകരിക്കാനുമായി സഭയിലെ കൂദാശകളെ പറ്റിയുള്ള പഠന പരമ്പര ആരംഭിക്കുകയാണ്. ഏവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**4. കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**ജനുവരി 14, ചൊവ്വ (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് എരുമപ്പെട്ടി ഫൊറോനയിലെ ഇടവകകളാണ്. ഇനി ഏതെങ്കിലും ഫൊറോനകൾക്കോ ഇടവകയ്ക്കോ വ്യക്തികൾക്കോ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ ജനുവരി 14–ാം തിയ്യതി ചൊവ്വാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**മേരി വിൻസെന്റ്**
പ്രസിഡണ്ട്




## ജോൺപോൾ പ്രോലൈഫ്

**തിരുമണിക്കൂർ ആരാധന**
**ജനുവരി 6 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




1. **Excel KAS (Kerala Administrative Service) Class**
   എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ KAS (Kerala Administrative Service) ക്ലാസുകൾ 2019 ഡിസംബർ 2–ാം തിയതി ആരംഭിച്ചു. രാവിലെ 7 മണിമുതൽ 9 മണിവരെയുള്ള Morning Classകളാണ് ആരംഭിച്ചിട്ടുള്ളത്. Sunday / Holiday Full day classകളും പിന്നീട് ആരംഭിക്കും. അഡ്മിഷൻ തുടരുന്നു.
   കൂടുതൽ വിവരങ്ങൾക്ക് PH: 9847276657, 9744941585
2. **Excel K - TET Class**
   എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ K-TET എട്ടാമത്തെ ബാച്ചിന്റെ ക്ലാസുകൾ ബിഷപ്പ്ഹൗസ്, DBCLC, എക്സൽഅക്കാ

ദമി കാമ്പസിൽ ആരംഭിക്കുന്നു. അഡ്മിഷൻ തുടരുന്നു.
കൂടുതൽ വിവരങ്ങൾക്ക് PH: 9847276657, 9744941585

3. **Excel Scholorship Exam (Parish Level)**
തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലെ, മതബോധന വിദ്യാർത്ഥികൾക്കായി എക്സൽ അക്കാദമി, ഇടവക തലത്തിൽ 2019 ഡിസംബർ 29-ാം തിയതി ഞായറാഴ്ച സ്കോളർഷിപ്പ് പരീക്ഷ നടത്തി. ആറാം ക്ലാസുമുതൽ പ്ലസ് ടു വരെയുള്ള രണ്ടായിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തു.

4. **Excel Med. / Eng. Entrance 3 days Crash Course**
Excel Med. / Eng. Entrance, മൂന്ന് ദിവസത്തെ ക്രാഷ് കോഴ്സ്, ഡിസംബർ 26, 27, 28 തിയതികളിൽ ബിഷപ്പ് ഹൗസ്, DBCLC, എക്സൽഅക്കാദമി ക്യാമ്പസിൽ വെച്ച് നടന്നു. 200 പേർ പങ്കെടുത്തു.

5. **Excel Science Genius, Junior IAS, Scholarship Exam Results**
2019 നവംബർ മാസത്തിൽ സ്കൂൾ തലത്തിൽ നടത്തിയ Excel Science Genius, Junior IAS, Scholarship Exam-കളുടെ റിസൾട്ടുകൾ 2019 ഡിസംബർ 30-ാം തിയതി പ്രസിദ്ധീകരിച്ചു. റിസൾട്ട് വെബ്സൈറ്റിൽ. www.excelacademytcr.com, www.excelneet.com

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




1. **പൗരത്വ ഭേദഗതി ബിൽ**

ഭരണഘടന ഉറപ്പുനൽകുന്ന മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയും സംസ്കാരത്തിന്റെയും തൊഴിലിന്റെയും ലിംഗത്തിന്റെയും ഒരു വ്യത്യാസമില്ലാതെ വിവേചനമില്ലാതെ ജീവിക്കുവാനുള്ള ഉറപ്പാണ് ഈ പൗരത്വബില്ലിലൂടെ അട്ടിമറിക്കപ്പെടുന്നതെന്ന് പ്രതിഷേധ

യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ചൂണ്ടിക്കാട്ടി. രാജ്യത്ത് ഒരു ബില്ല് പാസ്സാകുമ്പോൾ, പൗരത്വബില്ലിലൂടെ ഏതെങ്കിലും ഒരു പൗരനെ ഭയപ്പെടുത്തുന്നുണ്ടെങ്കിൽ അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിന്റെ ഉത്തരവാദിത്വം ഭരണകൂടത്തിനുള്ളതാണെന്ന് ആമുഖപ്രഭാഷണത്തിൽ അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള സൂചിപ്പിച്ചു. വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ പേരിൽ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന പൗരത്വ ഭേദഗതി ബിൽ, അദൃശ്യമായി ഒളിഞ്ഞിരിക്കുന്ന മതാടിസ്ഥാനത്തിലുള്ള വിവേചനം തിരിച്ചറിയണമെന്നും ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കുന്നു എന്നും അതിരൂപത പ്രസിഡന്റ് സാജൻ ജോസ് കൂട്ടിച്ചേർത്തു.

**2. പോലീസ് നടപടിക്കെതിരെ കെ.സി.വൈ.എം. പ്രതിഷേധം**

ജനാധിപത്യരീതിയിൽ സമരം ചെയ്ത കെ.സി.വൈ.എം. പ്രവർത്തകർക്കെതിരെ പോലീസ് നടത്തിയ അക്രമവും തുടർന്ന് നടന്ന അറസ്റ്റും ഖേദകരമാണ് യോഗം വിലയിരുത്തി. സാഹിത്യാവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ എന്തു കൊള്ളരുതായ്മയും വിളിച്ചുപറയാവുന്ന നടപടികൾക്കെതിരെ തൃശൂർ അതിരൂപതയുടെ ശക്തമായ പ്രതിഷേധം യോഗം അറിയിച്ചു. പ്രതിഷേധയോഗം കെ.സി.വൈ.എം. തൃശൂർ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. ഇനിയും ശക്തമായ പ്രതിഷേധ സമരങ്ങളുമായി കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതി മുന്നോട്ടിറങ്ങുമെന്ന് അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അറിയിച്ചു.

**3. വിശുദ്ധ മറിയം ത്രേസ്യയുടെ ക്വിസ് മത്സരം നടത്തി**

തൃശൂർ അതിരൂപത കെ.സി.വൈ.എം. സമിതിയും, ഹോളി ഫാമിലി നവജ്യോതി പ്രൊവിൻസും സംയുക്തമായി വിശുദ്ധ മറിയം ത്രേസ്യയുടെ ക്വിസ് പ്രോഗ്രാം ചെമ്പൂക്കാവ് ഹോളി ഫാമിലി ഹൈസ്ക്കൂളിൽ സംഘടിപ്പിച്ചു. അതിരൂപതയിലെ ഇടവകകളിൽനിന്ന് രണ്ടുപേർ അടങ്ങുന്ന നൂറോളം ടീമുകൾ പങ്കെടുത്തതിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട പത്ത് ഇടവക യൂണിറ്റുകളുടെ അത്യന്തം വാശിയേറിയ മത്സരത്തിൽ കോട്ടപ്പടി, ചെവ്വൂർ, ഒളരിക്കര ഇടവക ടീമുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയപ്പോൾ കല്ലൂർ ഈസ്റ്റ്, മനക്കൊടി തുടർന്നുള്ള സ്ഥാനങ്ങൾ കരസ്ഥമാക്കി. കെ.സി.വൈ.എം. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോസ് സ്വാഗതം പറഞ്ഞ ചടങ്ങിൽ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള മുഖ്യപ്രഭാഷണം നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീ

റിയർ സി. മേഴ്സി പോൾ ഉദ്ഘാടനം ചെയ്തു. ഡിസംബർ 1 ന് ലൂർദ്ദ് കത്തീഡ്രലിൽവെച്ച് നടന്ന മറിയം ത്രേസ്യയുടെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ കൃതജ്ഞതാബലിക്കു ശേഷം അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് സമ്മാനം വിതരണം ചെയ്തു. സി. റിൻസി വർഗ്ഗീസ്, സെനി സേവ്യർ എന്നിവർ കോ-ഓർഡിനേറ്റർമാരായ പ്രോഗ്രാമിൽ അതിരൂപത ട്രഷറർ അഖിൽ ജോസ് നന്ദി അറിയിച്ചു.

**4. ബോൺ നത്താലെ 2019 ന്റെ വളണ്ടറി കമ്മറ്റി യോഗം നടന്നു**

കെ.സി.വൈ.എം. അതിരൂപത, ഫൊറോന ഭാരവാഹികൾ പങ്കെടുത്ത യോഗം അതിരൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. ബോൺ നത്താലെ ജനറൽ കൺവീനർ ജോജു മഞ്ഞില, കോ-ഓർഡിനേറ്റർ ജാക്സൺ മാസ്റ്റർ, ആനന്ദ് അരിമ്പൂർ, ഫ്ളാഷ് മോബ് കൺവീനർ അനൂപ് പുന്നപ്പുഴ എന്നിവർ യോഗത്തിൽ സംസാരിച്ചു. ജനറൽ സെക്രട്ടറി സാജൻ മുണ്ടൂർ സ്വാഗതവും, ട്രഷറർ അഖിൽ ജോസ് നന്ദിയും പറഞ്ഞു.

**5. കെ.സി.വൈ.എം. എയ്ഡ്സ് ദിനാചരണം നടത്തി**

കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെയും, വടക്കാഞ്ചേരി ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ അത്താണി ഗ്രേസ് ഹോമിൽവെച്ച് എയ്ഡ്സ് ദിനാചരണം നടത്തി. അതിരൂപത കെ.സി.വൈ.എം. പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള കുഞ്ഞുമക്കളോടൊപ്പം കേക്ക് മുറിച്ച് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ബിജോ പി. ബാബു മുഖ്യതിഥിയായി യുവജനസന്ദേശം നൽകി. ഫൊറോന ഡയറക്ടർ ഫാ. ജോയ്സൺ കോരേത്ത് അനുഗ്രഹപ്രഭാഷണവും, ഗ്രേസ് ഹോം ഡയറക്ടർ ഫാ. ജിജോ വള്ളൂപ്പാറ ആമുഖപ്രഭാഷണവും നടത്തി.

**6. കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം. സംസ്ഥാന വാർഷിക സമ്മേളനം തൃശൂർ അതിരൂപതയിലെ ആമ്പല്ലൂർ സ്പിരിച്ച്വൽ സെന്ററിൽ നടക്കും. 32 രൂപതകളിൽനിന്നായി കെ.സി.വൈ.എം. യുവജനപ്രതിനിധികൾ പങ്കെടുക്കും. വാർഷിക സമ്മേളനത്തിന്റെ ഓഫീസ് ഉദ്ഘാടനം ഡിസംബർ 22-ാം തിയ്യതി അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്യും.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# സി.എൽ.സി.

1. **സംസ്ഥാന സി.എൽ.സി. സെനറ്റ്**

   നവംബർ 17 ഞായറാഴ്ച്ച, എറണാകുളം റിന്യൂവൽ  വച്ച് നടന്ന സംസ്ഥാന സി.എൽ.സി. സെനറ്റിൽ തൃശൂർ അതിരൂപത സി എൽ സിയിൽ നിന്നും 9 അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. അതിരൂപത സി എൽ സി യുടെ 2018  2019 കാലഘട്ടത്തെ പ്രവർത്തന  റിപ്പോർട്ട് യോഗത്തിൽ സക്രെട്ടറി ജെസ്വിൻ സാജു അവതരിപ്പിച്ചു.

2. **വി. മറിയം ത്രേസ്യയുടെ തിരുശേഷിപ്പ് പ്രയാണം**

   തൃശ്ശൂർ അതിരൂപത സി എൽ സിയും ഹോളിഫാമിലി നവജ്യോതി പ്രോവിൻസും സംയുക്തമായി സംഘടിപ്പിച്ച  വി. മറിയം ത്രേസ്യയുടെ തിരുശേഷിപ്പ്  പ്രയാണം രണ്ട് ദിവസങ്ങളിലായി തൃശ്ശൂർ അതിരൂപതയിലെ 16 ഫൊറോനകളിലെ അമ്പതോളം ദൈവാലയങ്ങളിലൂടെ ഭക്തിപൂർവ്വമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങി കൊണ്ട് പര്യവസാനിച്ചു.

   30–11–2019 രാവിലെ 6 മണിക്ക് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ  ഫ്ളാഗ് ഓഫ് ചെയ്ത പ്രയാണത്തിന്റെ സമാപനം 01–12–2109 ഉച്ചക്ക് രണ്ട് മണിക്ക് തൃശ്ശൂർ ലൂർദ് ബസിലിക്ക ദൈവാലയത്തിൽ വെച്ച് നടന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ച കൃതജ്ഞത ബലിയിൽ വച്ച് മാർ ജേക്കബ് തൂങ്കുഴി, മാർ ടോണി നീലങ്കാവിൽ എന്നിവർ ഹോളി ഫാമിലി സന്ന്യാസിനി പ്രതിനിധികളിൽ നിന്ന് അമ്മയുടെ തിരുശേഷിപ്പും സി.എൽ.സി പ്രതിനിധികളിൽ നിന്നും അമ്മയുടെ രൂപവും ഏറ്റുവാങ്ങി കൊണ്ടാണ്.         അതിരൂപതയിലെ 47 ദേവാലയങ്ങളെ ഉൾകൊള്ളിച്ചു കൊണ്ട് നടത്തിയ തിരുശേഷിപ്പ് പ്രയാണത്തിന് കൺവീനർ ശ്രീ. സബിൻ സി കെ നേതൃത്വം വഹിച്ചു.

3. **ഫൊറോന സെനറ്റുകൾ**

   **ഒല്ലൂർ ഫൊറോന സി .എൽ. സി .സെനറ്റ്**

   പെരിഞ്ചേരി തിരുഹൃദയ ദേവാലയത്തിൽ വച്ച് നടന്നു. അതിരൂപത

സി എൽ സി പ്രമോട്ടർ ഫാ . ജിയോ തെക്കിനിയത്ത് സെനറ്റ് ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി.ജനറൽ കോ ഓർഡിനേറ്റർ ബിജിൽ ആമുഖ പ്രഭാഷണം നടത്തി. ഒല്ലൂർ ഫൊറോന പ്രസിഡന്റ് ജെറിൻ സെനറ്റിന് നേതൃത്വം നൽകി.

**പാലയൂർ സി .എൽ.സി സെനറ്റ്**

പാവറട്ടി സെന്റ് ജോസഫ് തീർത്ഥ കേന്ദ്രത്തിൽ വച്ച് നടന്നു. അതിരൂപത സി.എൽ.സി. പ്രമോട്ടർ ഫാ . ഫ്രജോ വാഴപ്പിള്ളി സെനറ്റ് ഉദ്ഘാടനം ചെയ്തു. രൂപത സി.എൽ.സി. പ്രസിഡന്റ് ജോമി ജോൺസൻ ആമുഖ പ്രഭാഷണം നടത്തി. ഫൊറോന പ്രസിഡന്റ് ബാജിയോ സെനറ്റിന് നേതൃത്വം നൽകി.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

**ജെസ്വിൻ സാജു**
സെക്രട്ടറി

**ജോമി ജോൺസൻ**
പ്രസിഡണ്ട്




# ചിൽഡ്രൻസ് മിനിസ്ട്രി

1. **അതിരൂപത സെയിന്റ്സ് ക്വിസ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ സെയിന്റ്സ് ക്വിസ്സിന് ഫസ്റ്റ് കിട്ടിയവർക്കായി അതിരൂപതാതലത്തിൽ ഓഡിയോ വീഡിയോ വിഷ്യുവൽ, written രീതികളിൽ നടത്തുന്ന മത്സരം 2020 ജനുവരി 11 ശനിയാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 4 മണിവരെ നടത്തുന്നു. മത്സരത്തിനു വരുമ്പോൾ **ബാഡ്ജ്, അംഗത്വസർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.** കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക:

Childrens Ministry Archdiocese of Trichur:
Office Time - 9.30 am to 4.30 pm. Ph. 0487-2325336, 9947582522

2. **അതിരൂപതാ കലാമത്സര സമ്മാനദാനം:** അതിരൂപതാതല സമ്മാനദാനം മതബോധന കേന്ദ്രത്തിൽ വെച്ച് **2020 ജനുവരി 19** ഞായറായാഴ്ച ഉച്ചക്ക് 1 മണി മുതൽ വൈകിട്ട് 4.30 മണിവരെ നടത്തപ്പെടുന്നു. തിരുബാലസഖ്യം സ്ക്കൂൾ തലം, അതിരൂപതാ തല കലാമത്സരത്തിൽസമ്മാനാർഹരായവർക്കും, അന്നേ ദിവസം തന്നെ സെന്റ്സ് ക്വിസ്സിനും സാഹിത്യ മൽസരങ്ങൾക്കും അതിരൂപതയിൽ സമ്മാനാർഹരായവർക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളഷൻ, പ്രയർ ഫ്രന്റ് കളഷൻ, ജീസസ് ബർത്ത്ഡേ കളക്ഷൻ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. അർഹരായവർ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു. അന്നേദിവസം തന്നെ ആഗോളതിരുബാല സഖ്യദിനാഘോഷംനടത്തുന്നതാണ്.

3. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** ഞാൻ നിങ്ങളോടുപറയുന്നു: ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്ക് തുറന്നുകിട്ടും. (ലൂക്കാ 11,9)

**സുകൃതജപം:** ഈശോയെ എന്നെ നയിക്കണമെ

**പ്രാർത്ഥനാ നിയോഗം:** ക്രിസ്ത്യാനികളുടെ ഐക്യത്തിനായി പ്രാർത്ഥിക്കാം.

**പ്രവർത്തിക്കാൻ**: സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കൂട്ടുകാരെ കണ്ടറിഞ്ഞ് സഹായിക്കുക.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ഫ്രാൻസീസ് സാലസ് (ജനുവരി 24)

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ




# സെന്റ് വിൻസെന്റ് ഡി പോൾ

ബ്ര. ടി.എൽ. ഇനാശു–പുതുക്കാട്, എ.സി. മുൻ പ്രസിഡണ്ട് ബ്ര. സി.

ആർ. റപ്പായി–ആർത്താറ്റ്, ബ്ര. എം.പി. അന്തപ്പൻ – വളപ്പായ എന്നിവരുടെ നിര്യാണത്തിൽ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. 09–02–2019 ന് ഔദ്യോഗിക കാലാവധി തീരുന്ന സി.സി. പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു പുതിയ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സീനിയർ വൈസ് പ്രസിഡണ്ട് ബ്ര. കെ.എം. ഫ്രാൻസിസിന് കത്ത് നൽകുകയും, അദ്ദേഹം തെരഞ്ഞെടുപ്പു ചുമതല ഏറ്റെടുത്തുകൊണ്ട് സ്ഥാനാർത്ഥികളെ കണ്ടെത്തുന്നതിനായി സംഘടന നിയമാവലി അനുസരിച്ച് കോൺഫ്രൻസ്, എ.സി. പ്രസിഡണ്ടുമാർക്ക് നാമനിർദ്ദേശത്തിനുള്ള പത്രിക വിതരണം ചെയ്യുകയും, **12–01–2020** ഞായറാഴ്ച ഉച്ചകഴിഞ്ഞ് **2** മണി മുതൽ **4** മണി വരെ നടത്തുന്ന സി.സി. പ്രസിഡണ്ടു തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് വോട്ടു ചെയ്യുവാനുള്ള അറിയിപ്പ് നൽകുകയും ചെയ്തു. കൊഴുക്കുള്ളി ജീവൻധാൻ സാധുസംരക്ഷണ ഭവനിൽ വെച്ച് വനിത ദിനാഘോഷവും വാഴ്ത്തപ്പെട്ട സി. റോസിലി റെന്റുവിന്റെ തിരുനാളാഘോഷവും ചാപ്പലിൽ വെച്ച് ആരാധനയോടുകൂടി ആരംഭിച്ചു. അതിരൂപത വനിത കമ്മീഷൻ ചെയർ പേഴ്സൺ പ്രൊഫ. എലിസബത്ത് മാത്യു യോഗം ഉദ്ഘാടനം ചെയ്തു. സി.സി. വനിതാ ക്യാമ്പ് വളപ്പായ അഭയ കേന്ദ്രത്തിൽ വെച്ച് നടത്തി. റവ. ഫാ. ജിയോ ചെരടായി, ബ്ര. ജിനോ ജോസ് എന്നിവർ ക്ലാസ്സെടുത്തു.

**ഫാ. റോയ് മൂക്കൻ**
ആദ്ധ്യാത്മികോപദേഷ്ടാവ്

**കെ. എ. ഷിബു**
പ്രസിഡണ്ട്

**കെ. കെ. പോൾസൺ**
സെക്രട്ടറി



## 1. KCSL അതിരൂപതാ ശതാബ്ദി ആഘോഷ സമാപനം

ഒരു വർഷം നീണ്ടുനിന്ന ശതാബ്ദി ആഘോഷങ്ങൾ ജനുവരി മാസത്തോടെ അവസാനിക്കുന്നു. നൂറിന്റെ നിറവിൽ നടന്ന പ്രത്യേക പരിപാടികളിൽ സഹകരിച്ച ഏവർക്കും നന്ദി. ശതാബ്ദി ആഘോഷസമാപനവും നൂറാം വാർഷിക യോഗവും ജനുവരി മാസത്തിൽ തൃശ്ശൂർ

അതിരൂപത DBCLC ഹാളിൽ വച്ച് നടക്കുന്നു. പരിപാടികളുടെ വിശദവിവരങ്ങൾ ബ്ലോഗിലുണ്ട്.

**2. KCSL സംസ്ഥാന കലോത്സവവും വാർഷികവും പാലായിൽ**

KCSL സംസ്ഥാന വാർഷികവും സംസ്ഥാന കലോത്സവവും പാലയിൽ വെച്ച് നടക്കുന്നു. കൺവീനറുടെ നേതൃത്വത്തിൽ സംസ്ഥാന കലോത്സവ മത്സരാർത്ഥികൾക്കും അതിരൂപതാ പ്രതിനിധികൾക്കും യാത്രാസൗകര്യമൊരുക്കിയിട്ടുണ്ട്. (രക്ഷിതാക്കളോടൊപ്പം വരുന്ന മത്സരാർത്ഥികൾ നേരിട്ട് പാലായിൽ വന്ന് കൺവീനറുമായി ബന്ധപ്പെടേണ്ടതാണ്.) സംസ്ഥാന കലോത്സവത്തിന് അർഹത നേടിയവരുടെ ലിസ്റ്റിൽനിന്ന് പേര് നൽകിയവരെ മാത്രമേ സംസ്ഥാന കലോത്സവത്തിന് പരിഗണിക്കുന്നുള്ളൂ. പുതുതായി ആരേയും ഉൾപ്പെടുത്തുന്നില്ല.

**3. സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് തൃശ്ശൂരിൽ**

ഈ വർഷത്തെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് തൃശ്ശൂരിൽ വച്ച് നടക്കുന്നു. മറ്റ് വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**4. ഓവറോൾ ട്രോഫികൾ – ഷോർട്ട് ഫിലിം ഫെസ്റ്റ് മത്സരം – മെഡിക്കൽ എയ്ഡ്**

കലാ സാഹിത്യമത്സരങ്ങളിൽ ഓവറോൾ ട്രോഫികൾക്ക് അർഹരായവരുടെയും ഷോർട്ട് ഫിലിം മത്സരത്തിൽ സമ്മാനങ്ങൾ നേടിയവരുടേയും അദ്ധ്യാപകർക്കുള്ള മത്സരങ്ങളിൽ സമ്മാനാർഹരായവരുടേയും പേരുകൾ ബ്ലോഗിൽ നൽകിയിട്ടുണ്ട്.

KCSL നൽകിവരുന്ന സ്കോളർഷിപ്പ്, മെഡിക്കൽ എയ്ഡ് എന്നിവയ്ക്ക് അർഹത നേടിയവരുടെ പേരുകളും ബ്ലോഗിലുണ്ട്.

സമ്മാനങ്ങളും ട്രോഫികളും മെഡിക്കിൽ എയ്ഡ്–സ്കോളർഷിപ്പുകളും ശതാബ്ദി സമാപന സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്.

**5. പൂർവ്വ വിദ്യാർത്ഥിസംഗമം സമ്മാനദാനം ശതാബ്ദി KCSL ഡെ**

പൂർവ്വവിദ്യാർത്ഥിസംഗമവും കലാസാഹിത്യോത്സവ സമ്മാനവിതരണവും ക്രിസ്തുമസ് കാർഡ് വിതരണവും ശതാബ്ദിസ്മാരക ഗോൾഡ് കോയിൻ വിതരണവും 6–12–19ന് അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഹാളിൽവച്ച് നടന്നു. പങ്കെടുത്ത ഏവർക്കും നന്ദി.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

1. **കലാസദൻ 'മധുരം മനോജ്ഞം അരങ്ങേറി**

കലാസദന്റെ ഇക്കൊല്ലത്തെ 'തേൻതുള്ളികൾ' സംഗീതപരമ്പരയുടെ രണ്ടാമത് സംഗീതവിരുന്ന് 'മധുരം മനോജ്ഞം' ഡിസംബർ 1 ന് ഡി ബി സി എൽ സി ഓഡിറ്റോറിയത്തിൽ നടന്നു. സലീൽ ചൗധ രി, ഉഷ ഖന്ന, രവീന്ദ്ര ജെയ്ൻ, ഇളയരാജ, എസ്. പി., വെങ്കിടേഷ്, ശ്യാം, ശങ്കർ ഗണേഷ്, നൗഷാദ്, രഘുനാഥ് സേഠ് തുടങ്ങിയ സംഗീ തസംവിധായകരുടെ സൂപ്പർഹിറ്റ് മലയാളഗാനങ്ങൾ ആസ്വാദകർ ആവേശപൂർവ്വം നെഞ്ചിലേറ്റി. പ്രശസ്ത പിന്നണിഗായകരായ സി. ദിനേഷ്, പി.സി. ജോജി, റീന മുരളി എന്നിവരെകൂടാതെ ശ്രീരേഖ, റുഷൈൽ റോയ്, രതീഷ് എന്നീ പ്രഗത്ഭ പ്രതിഭകളും കലാസദൻ പശ്ചാത്തല കലാകാരന്മാർക്കൊപ്പം പങ്കെടുത്തു.

ലണ്ടൻ ട്രിനിറ്റി കോളേജിന്റെ വിശിഷ്ട അംഗത്വം ലഭിച്ച ഫാ. തോമസ് ചക്കാലമറ്റത്തിനേയും ആകാശവാണി ലളിതഗാന മത്സരവിജയി റുഷൈൽ റോയിയേയും വേദിയിൽ ആദരിച്ചു. അവശ കലാകാരൻ മുൻഡ്രമ്മർ ജോൺസൺ പുലിക്കോട്ടിലിന് മാർ ടോണി നീലങ്കാ വിൽ കലാസദന്റെ സാന്ത്വനസഹായം കൈമാറി.

2. **പി. തോമസ് സ്മാരകപ്രഭാഷണം സംഘടിപ്പിച്ചു**

കലാസദൻ മുൻ പ്രസിഡണ്ടും പ്രമുഖ ഇന്തോ-ആംഗ്ലേയസാഹി ത്യകാരനുമായിരുന്ന പി. തോമസിന്റെ 23-ാം ചരമവാർഷികത്തോട നുബന്ധിച്ച് സെ.തോമസ് 'റീഡേഴ്സ് & റൈറ്റേഴ്സ് ക്ലബ്ബി'ന്റെ സഹ കരണത്തോടെ "പി. തോമസ് സ്മാരകപ്രഭാഷണം' നടത്തി.

"ലോകമതങ്ങളും പി. തോമസും" എന്ന വിഷയം പ്രൊഫ. ജോൺ സിറിയക് അവതരിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. കെ.എൽ. ജോയ് അദ്ധ്യക്ഷത വഹിച്ചു. എക്സി. മാനേജർ ഫാ. വർഗ്ഗീസ് കൂത്തൂർ ഉദ്ഘാടനം നിർവ്വഹിച്ചു.

3. **കലാസദൻ ലഘുനാടകം "ഓലച്ചൂട്ട്" അവതരിപ്പിച്ചു**

'കത്തോലിക്കാസഭ' മാസികയുടെ ഡിസംബർ 8 ന് സെ. തോമസ് കോളേജിൽ സംഘടിപ്പിച്ച പ്രമോട്ടേഴ്സ് മീറ്റിൽ കലാസദൻ സെക്ര ട്ടറി ഫാ. ഫിജോ ആലപ്പാടൻ സംവിധാനവും മിനി ജോയ്സൺ ചിറ്റാട്ടുകര രചനയും നിർവ്വഹിച്ച "ഓലച്ചൂട്ട്" എന്ന അരമണിക്കൂർ

ലഘുനാടകം അവതരിപ്പിക്കുകയുണ്ടായി. മറ്റം ഇടവകയിലെ കലാകാരന്മാരാണ് വേഷമിട്ടത്. നാടകം മുഴുവൻ കാണികളെയും വളരെയേറെ ആകർഷിച്ചു. കുടുംബങ്ങളിൽ പ്രായമായവർ അനുഭവിക്കേണ്ടിവരുന്ന അവഗണനയിലേക്ക് വിരൽചൂണ്ടുന്നതായിരുന്നു നാടകവിഷയം.

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡണ്ട്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി




1. **ഗോൾഡൺ റിസോഴ്സ് ഫോറം**
16 ഫൊറോനകളിലും റിട്ട. ഉദ്യോഗസ്ഥ സംഗമം സംഘടിപ്പിച്ചു. ഇടവകകളിൽ ഗവൺമെന്റ്, പൊതുമേഖല, സ്വകാര്യ മേഖലകളിൽ നിന്നും റിട്ടയർ ചെയ്ത വ്യക്തികളുടെ കൂട്ടായ്മയാണ്. ഗോൾഡൺ റിസോഴ്സ് ഫോറം രൂപീകരിക്കുന്നത്. രൂപത, ഫൊറോന നേതൃത്വമാണ് റിട്ട. ഉദ്യോഗസ്ഥ സംഗമത്തിന് നേതൃത്വം നൽകുന്നത്.
2. **കരുണദിനം ആചരിച്ചു**
മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും, ജേക്കബ് തുങ്കുഴി പിതാവിന്റേയും ജന്മദിനാഘോഷം പോപ്പ് പോൾ മേഴ്സി ഹോമിൽ വച്ച് കരുണാദിനമായി ആചരിച്ചു. അന്തേവാസികളോടൊപ്പം ഉള്ള ദിനാചരണം പങ്കെടുത്തവർക്കും ഒരു നവ്യാനുഭവമായിരുന്നു.
3. **പ്രതിഷേധം, പ്രതികരണം**
കലാലയ രാഷ്ട്രീയം തിരികെ കൊണ്ടുവരാനുള്ള നീക്കത്തിനെതിരേയും ചർച്ച് ബിൽ തിരികെ കൊണ്ടുവരാനുള്ള ഗൂഢശ്രമത്തിനെതിരേയും കത്തോലിക്ക കോൺഗ്രസിന്റെ പ്രതിഷേധ പരിപാടികൾ ഫൊറോന, യൂണിറ്റ് തലങ്ങളിൽ ആരംഭം കുറിച്ചു.
4. **കർമ്മ രേഖ ഒരുക്കങ്ങൾ**
2020–ലെ പ്രവർത്തനപദ്ധതികളുടെ ചർച്ചയും സംവാദങ്ങളും രൂപ

ത, ഫൊറോന, യൂണിറ്റ് തലങ്ങളിൽ ആരംഭിച്ചു. 2020 ജനുവരി 26ന് 2020 കർമ്മ രേഖ പ്രകാശനം ചെയ്യും.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**എൻ. പി ജാക്സൻ മാസ്റ്റർ**
ജനറൽ സെക്രട്ടറി



## അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പാരിഷ് ബുള്ളറ്റിൻ മത്സരം 2019**

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2019ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യനിർണ്ണയത്തിന് ബാധകമായിരിക്കും.

**1. മികച്ച പാരിഷ്ബുള്ളറ്റിൻ**

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2019 വർഷം പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

**2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്**

2.1. ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും

2.2. മികച്ച കവർ – 2019 ജൂൺ (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ – 2019 ജനുവരി എഡിറ്റോറിയൽ പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് – 2019 മാർച്ച് (ഒരു കോപ്പി)

**3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ**

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിച്ച് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ള റ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാ രിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

**4. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി**

4.1. വികാരിയച്ചന്റെ പംക്തി – 2019 ജൂലൈലെ വികാരിയച്ചന്റെ പംക്തി യുടെ പേജ് മാത്രം ഒരു കോപ്പി.

4.2. കൊച്ചച്ചന്റെ പംക്തി – 2019 ജൂലൈലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

**5. ഓരോ വിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.**

5.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കു ന്നതാണ്.

അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകൾ ക്ഷണിക്കുന്നു. മത്സരത്തിനുള്ള എല്ലാ ബുള്ള റ്റിനുകളും 2020 ഫെബ്രുവരി 28ന് മുമ്പ് ആർച്ച്ബിഷപ്സ് ഹൗസ് റിസ പ്ഷനിൽ ബുള്ളറ്റിൻ മത്സരം എന്ന് എഴുതിയ കവറിലാക്കി ഏല്പി ക്കേണ്ടതാണ്. 2020 ഫെബ്രുവരി 28ന് ശേഷം ലഭിക്കുന്ന ബുള്ളറ്റിനു കൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ

**2019 നവംബർ 30ന് കൂദാശയും പ്രതിഷ്ഠാകർമ്മവും**
**നിർവ്വഹിക്കപ്പെട്ട കൊഴുക്കുള്ളി**
**നിത്യസഹായമാത ഇടവക ദൈവാലയവും അൾത്താരയും**





Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.12.2019
**January- 2020**




Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor